**പതിമൂന്നാം കേരള നിയമസഭ**

**(THIRTEENTH KERALA LEGISLATIVE ASSEMBLY)**

**സബ്ജക്ട് കമ്മിറ്റി X**

# (SUBJECT COMMITTEE X)

# വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും
# (FOREST, ENVIRONMENT AND TOURISM)

**പീരിയോഡിക്കൽ റിപ്പോർട്ട്**

(2013 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH 2013)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ
(1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2013 ജൂലൈ 8-ാം തീയതി സമർപ്പിച്ചത്
(Presented on 8th July, 2013)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2013

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2013

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി X

## (SUBJECT COMMITTEE X)

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

# (FOREST, ENVIRONMENT AND TOURISM)

## പീരിയോഡിക്കൽ റിപ്പോർട്ട്

(2013 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31st MARCH 2013)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ
(1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

1016/2013.

# ഉള്ളടക്കം


| | | *പേജ്* |
|---|---|---|
| കമ്മിറ്റിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 33 |

# സബ്ജക്ട് കമ്മിറ്റി X

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

(2011-2013)

**ഘടന**

ചെയർമാൻ

ശ്രീ. എ. പി. അനിൽ കുമാർ,
പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി.

അംഗങ്ങൾ

ശ്രീ. കെ. അജിത്

" ബി. ഡി. ദേവസ്സി

" ഹൈബി ഈഡൻ

" മോൻസ് ജോസഫ്

" എസ്. രാജേന്ദ്രൻ

" രാജു എബ്രഹാം

" ബി. സത്യൻ

" കെ. എം. ഷാജി

" സണ്ണി ജോസഫ്

" കെ. ബി. ഗണേഷ് കുമാർ.

നിയമസഭാ സെക്രട്ടേറിയറ്റ്

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

" എസ്. തുളസീധരൻ, ജോയിന്റ് സെക്രട്ടറി

" രാജു, വൈ., ഡെപ്യൂട്ടി സെക്രട്ടറി

" ഗോഡ്ഫ്രീ, ഡി. ഡി., അണ്ടർ സെക്രട്ടറി.

## അവതാരിക

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ 2012 ഏപ്രിൽ 1 മുതൽ 2013 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടമനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ 28-6-2011-ന് രൂപീകൃതമായ 2011-13 കാലയളവിലേക്കുള്ള സബ്ജക്ട് കമ്മിറ്റി X-ന്റെ 2012 ഏപ്രിൽ 1 മുതൽ 2013 മാർച്ച് 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ 18-4-2012, 24-4-2012, 9-5-2012, 19-6-2012, 19-7-2012, 15-11-2012, 14-2-2013 എന്നീ തീയതികളിലായി സമിതി 7 യോഗങ്ങൾ ചേരുകയുണ്ടായി. ഇവയിൽ 3 യോഗങ്ങൾ 2012-13 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ചും ശേഷിച്ചവ സമിതിയുടെ പരിധിയിൽവരുന്ന മറ്റ് വിഷയങ്ങൾ പരിഗണിക്കുന്നതിനും വേണ്ടിയായിരുന്നു. 14-2-2013-ൽ കൂടിയ യോഗം വനം, വന്യജീവി വകുപ്പുമായി ബന്ധപ്പെട്ട മ നുഷ്യ-മൃഗ സംഘർഷ ലഘൂകരണ മാർഗ്ഗങ്ങൾ എന്ന വിഷയം ചർച്ചചെയ്യുകയുണ്ടായി. ഈ യോഗങ്ങളിൽ ഹാജരായ അംഗങ്ങളുടെ ഹാജർനില 65% ആയിരുന്നു.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്ത് റിപ്പോർട്ട് കാലയളവിൽ സമിതി പരിശോധിച്ച ധനാഭ്യർത്ഥനകളുടെ വിവരങ്ങളും, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകളിലെ ശുപാർശകളിൻമേൽ സർക്കാരിൽനിന്നും ലഭിച്ച മറുപടികളും, രണ്ടാം ഭാഗത്തിൽ സമിതി പരിഗണിച്ച കരടുചട്ടങ്ങളും സ്പെഷ്യൽ റിപ്പോർട്ടും ഉൾക്കൊള്ളിച്ചിരിക്കുന്നു.

2013 ജൂലൈ 3-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

എ. പി. അനിൽ കുമാർ,

*ചെയർമാൻ,*

*സബ്ജക്ട് കമ്മിറ്റി X.*

തിരുവനന്തപുരം,
2013 ജൂലൈ 3.

# റിപ്പോർട്ട്

**ഭാഗം 1**

സമിതി 2012-2013 സാമ്പത്തികവർഷത്തെ ബഡ്ജറ്റിലെ താഴെപ്പറയുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന നടത്തുകയും പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന സമിതിയുടെ രണ്ടാമത് റിപ്പോർട്ട് 2012 ജൂൺ 11-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു:

ധനാഭ്യർത്ഥന നമ്പർ XVII— വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം മേജർഹെഡ് 3435—എക്കോളജിയും എൻവയോൺമെന്റും.

ധനാഭ്യർത്ഥന നമ്പർ XX— ശുദ്ധജലവിതരണവും, ശുചീകരണവും മേജർ ഹെഡ്—2215, 106—വായു ജല മലിനീകരണം തടയൽ 190(98)—കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്.

ധനാഭ്യർത്ഥന നമ്പർ XXXIV —വനം

ധനാഭ്യർത്ഥന നമ്പർ XLII— വിനോദസഞ്ചാരം

സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശുപാർശകളും അവയ്ക്ക് സർക്കാരിൽ നിന്ന് ലഭിച്ച മറുപടികളും 19-6-2012, 19-7-2012, 15-11-2012, 14-2-2013 എന്നീ തീയതി കളിലെ യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശുപാർശകളും അവ നടപ്പാക്കിയതു സംബന്ധിച്ച് സർക്കാരിൽനിന്ന് ലഭിച്ച മറുപടികളും ചുവടെ ചേർക്കുന്നു:

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2003-2004)

ശുപാർശ

സംസ്ഥാന വനംവകുപ്പിൽ ഒമ്പതാം പഞ്ചവത്സര പദ്ധതിയിൽ ഉണ്ടായിരുന്നതും പത്താം പഞ്ചവത്സര പദ്ധതിക്കാലത്ത് തുടരേണ്ടതുമായ പദ്ധതികൾ നടപ്പിലാക്കുന്ന തിനുവേണ്ടി നിയമിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ ശമ്പളവും മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളും പദ്ധതിയിതര ഇനത്തിലേക്ക് മാറ്റണമെന്ന് പ്ലാനിംഗ് ബോർഡ് മെമ്പർ സെക്രട്ടറി നിർദ്ദേശിച്ചതനുസരിച്ച് അതിനുള്ള പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ടായിരുന്നു. എന്നാൽ ചില ബഡ്ജറ്റ് ഹെഡ്ഡുകൾ മാത്രം പദ്ധതിയിതര ഇനത്തിലേക്ക് മാറ്റി നാമമാത്രമായ തുകയാണ് ഇപ്പോൾ അനുവദിച്ചിട്ടുള്ളത്. മറ്റുള്ളവയ്ക്ക് പദ്ധതിയിനത്തിലോ, പദ്ധതിയിതര ഇനത്തിലോ തുക അനുവദിക്കുക

യുണ്ടായില്ല. ആയതിനാൽ പ്രസ്തുത ഹെഡ്ഡുകളിൽ ആവശ്യമായ തുക വകയിരുത്തണ മെന്നും അത് യഥാസമയം അനുവദിക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

സ്വീകരിച്ച നടപടി

അധികതുക നൽകിയിട്ടില്ല. ശമ്പളവും മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളും നോൺ-പ്ലാൻ ബഡ്ജറ്റ് ശീർഷകങ്ങളിലാണ് വകയിരുത്തി ചെലവഴിച്ചിട്ടുള്ളത് എന്ന് കാണുന്നു. 2406-01-001—ബഡ്ജറ്റ് ശീർഷകങ്ങളിൽ ആകെ 3259.38 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതം ഉണ്ടായിരുന്നതിൽ 3037.71 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

ശുപാർശ

കേരളത്തിലെ വനസംരക്ഷണം കൂടുതൽ ഫലപ്രദമായി നടപ്പാക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു. സംസ്ഥാനത്തെ വനപ്രദേശങ്ങളിൽ കഞ്ചാവുകൃഷിയും വനം കൊള്ളയും നടത്തുന്നവർ വളരെയേറെ അത്യന്താധുനിക രീതിയിലുള്ള സംവിധാന ങ്ങളാണ് ഉപയോഗിക്കുന്നത്. ഇവരെ ഫലപ്രദമായി നേരിടാൻ സംസ്ഥാനത്തെ വനം സംരക്ഷണസേനയ്ക്ക് കഴിയുന്നില്ല. സേനയ്ക്ക് നൽകിയിട്ടുള്ളത് പരമ്പരാഗതമായിട്ടുള്ള ആയുധങ്ങളും വയർലെസ് സംവിധാനങ്ങളുമാണ്. അത്യാവശ്യത്തിനുള്ള വാഹന സൗകര്യംപോലും ലഭ്യമാക്കിയിട്ടില്ല. ഇത് പരിഹരിക്കണമെന്നും സംസ്ഥാനത്ത് കഞ്ചാവുവേട്ട ഫലപ്രദമായി നടത്തുന്നതിന് വനസംരക്ഷണസേനയെ ശക്തിപ്പെടുത്തണമെന്നും അവർക്ക് ആധുനികരീതിയിലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു. ഈ ഇനത്തിൽ വകയിരുത്തി യിട്ടുള്ള തുക തീരെ അപര്യാപ്തമായതിനാൽ 754.50 ലക്ഷം രൂപ കൂടി അധികമായി ബഡ്ജറ്റിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

സ്വീകരിച്ച നടപടി

ഈ ഇനത്തിൽ ടി സാമ്പത്തികവർഷം അധിക തുകയൊന്നും വകയിരുത്തിയിരുന്നില്ല.

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2007-2008)

ശുപാർശ

ജൈവവൈവിധ്യ ബോർഡ് ഒരു ഫുൾടൈം ചെയർമാന്റെ മേൽനോട്ടത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്ത ചില പ്രോജക്റ്റുകൾ ഏറ്റെടുത്തിട്ടുള്ള സാഹചര്യത്തിൽ ബോർഡിന്റെ പ്രവർത്തനം ഉദ്ദേശിച്ച രീതിയിൽ നടത്തുവാൻ നോൺ-പ്ലാൻ ഇനത്തിൽ 76.85 ലക്ഷം രൂപയും പ്ലാൻ ഇനത്തിൽ 246.30 ലക്ഷം രൂപയും അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 78)

<u>സ്വീകരിച്ച നടപടി</u>

2007-08 സാമ്പത്തികവർഷത്തിൽ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന് പ്ലാൻ ഫണ്ടായി അനുവദിക്കപ്പെട്ട തുകതന്നെ പൂർണ്ണമായും ചെലവഴിക്കാൻ ബോർഡിന് സാധിച്ചില്ലായെന്നും ഈ സാഹചര്യത്തിൽ അധികതുക ലഭ്യമാക്കുന്നതിനുവേണ്ടി തുടർനടപടികൾ സ്വീകരിക്കുകയുണ്ടായില്ലായെന്നും ബോർഡ് മെമ്പർ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2008-2009)

<u>ശുപാർശ</u>

ആനകളുടെ ആവാസവ്യവസ്ഥ മെച്ചപ്പെടുത്തുക, വനത്തിലെ കൃഷിക്കാരുടെ കൃഷി ആനശല്യത്തിൽ നിന്നും സംരക്ഷിക്കുക, ആനയ്ക്കും, മനുഷ്യർക്കും സുരക്ഷ ഉറപ്പുവരുത്തുക, നാട്ടാനകളുടെ ക്ഷേമപ്രവർത്തനങ്ങൾ നടത്തുക, കാട്ടാനകളുടെ സ്വാഭാവിക സഞ്ചാരപഥം പുനഃസ്ഥാപിക്കുന്നതിനുള്ള ആനത്താര പദ്ധതി എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 100 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 67)

<u>സ്വീകരിച്ച നടപടി</u>

214.953 ലക്ഷം രൂപ ഈ പദ്ധതിക്ക് അധികമായി അനുവദിച്ചു.

<u>ശുപാർശ</u>

വേമ്പനാട് കായൽ സംരക്ഷണത്തിനും, കണ്ണൂർ പ്രദേശത്തുള്ള കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനുമായി ലഭിക്കുന്ന കേന്ദ്രസഹായം വിനിയോഗിക്കുന്നതിനുവേണ്ടി ടി ശീർഷകത്തിൽ 2008-09 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും അനുവദിച്ചിട്ടില്ലാത്തതിനാൽ 50 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 68)

<u>സ്വീകരിച്ച നടപടി</u>

ഉപധനാഭ്യർത്ഥനവഴി 23.12 ലക്ഷം രൂപ ഈ പദ്ധതിക്ക് അനുവദിച്ചു.

വേമ്പനാട്, കണ്ണൂർ കായൽ കണ്ടൽ സംരക്ഷണത്തിനായി 2010-11 വർഷത്തിൽ താഴെപ്പറയും പ്രകാരം തുക അനുവദിക്കുകയും ആയതു ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്:

| | *അലോട്ട്മെന്റ്* | *എൽ.സി. ലഭിച്ചത്* | *ചെലവായത്* |
|---|---|---|---|
| വേമ്പനാട് | 28.59 | 21.445 | 17.325 |
| കണ്ണൂർ | 21.20 | 15.80 | 8.52 |
| ആകെ | 49.79 | 37.245 | 25.845 |

ശുപാർശ

പെരിയാർ കടുവാ സങ്കേതത്തിലെ മൃഗവേട്ട തടയുന്നതിനുള്ള ക്യാമ്പുകളുടെ നടത്തിപ്പ്, വയർലസ് ശൃംഖല, റോഡുകൾ, തടങ്ങൾ എന്നിവയുടെ വികസനം, ട്രക്ക് പാത്ത് നിർമ്മാണം, പിക്കറ്റ് സ്റ്റേഷൻ നിർമ്മാണം, കഞ്ചാവ് കൃഷി നിർമ്മാർജ്ജനം, ഫയർ വാച്ച് ടവറുകളുടെ നിർമ്മാണം, ജലസ്രോതസ്സുകളുടേയും വയലുകളുടേയും അറ്റകുറ്റപ്പണികൾ തുടങ്ങി വിവിധ നിർമ്മാണ സംരക്ഷണപ്രവർത്തനങ്ങൾ നടത്തി വരുന്നു. ഈ ശീർഷകത്തിൽ ലഭ്യമാകുന്ന കേന്ദ്രവിഹിതം സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന വിഹിതത്തേക്കാൾ വളരെ കൂടുതലാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 50% സി.എസ്.എസ്. ആയുള്ള ഈ പദ്ധതിവിഹിതം കേന്ദ്ര വിഹിതത്തിന് ആനുപാതികം ആകുന്നതിലേക്കായി 100 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 69)

സ്വീകരിച്ച നടപടി

ഉപധനാഭ്യർത്ഥനവഴി 177.5 ലക്ഷം രൂപ ഈ പദ്ധതിക്ക് അധികമായി അനുവദിച്ചു.

ശുപാർശ

മംഗളവനം പക്ഷി സംരക്ഷണകേന്ദ്രത്തിലെ സംരക്ഷണപ്രവർത്തനങ്ങൾക്ക് വകയിരുത്തിയിരിക്കുന്ന 20 ലക്ഷം രൂപ തികച്ചും അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആകയാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 70)

സ്വീകരിച്ച നടപടി

അധികതുക അനുവദിച്ചിട്ടില്ല.

ശുപാർശ

നെല്ലിയാമ്പതി, വെള്ളികുളങ്ങര, ഷോളയാർ, ഇടമലയാർ, പറമ്പിക്കുളം എന്നീ വനമേഖലകളിലെ 807.38 ച.കി.മീ. വനഭാഗം കേരളത്തിലെ രണ്ടാമത്തെ കടുവ സംരക്ഷണകേന്ദ്രമായി കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചിരിക്കുന്നു. പറമ്പിക്കുളം കടുവ സംരക്ഷണ കേന്ദ്രത്തിനുള്ളിൽ താമസിക്കുന്ന കുടുംബങ്ങളിൽ സ്വമേധയാ സംരക്ഷണ കേന്ദ്രത്തിന് പുറത്ത് താമസിക്കാൻ സന്നദ്ധത പ്രകടിപ്പിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനും മറ്റുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക തുലോം അപര്യാപ്തമായതിനാൽ 200 ലക്ഷം രൂപ കൂടി ടി ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 71)

സ്വീകരിച്ച നടപടി

ഉപധനാഭ്യർത്ഥനവഴി 63.48 ലക്ഷം രൂപ ഈ പദ്ധതിക്ക് അധികമായി അനുവദിച്ചു.

ശുപാർശ

ഇന്ത്യൻ വന്യജീവി സംരക്ഷണ നിയമമനുസരിച്ച് കമ്മ്യൂണിറ്റി റിസർവായി പ്രഖ്യാപിച്ച കടലുണ്ടിപ്പുഴയുടെ അഴിമുഖം ഉൾപ്പെടുന്ന 150-ഓളം ഹെക്ടർ പ്രദേശത്തെ കണ്ടൽവനങ്ങളും, നീർപ്പക്ഷികളേയും അവയുടെ ആവാസ വ്യവസ്ഥയേയും സംരക്ഷിച്ച് ജൈവപരവും, പാരിസ്ഥിതികവുമായ സന്തുലിതാവസ്ഥ ജനപങ്കാളിത്തത്തോടെ നിലനിർത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള പ്രസ്തുത പദ്ധതിക്കായി ഈ വർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആകയാൽ ടി പദ്ധതിക്കായി 25 ലക്ഷം രൂപ പ്രത്യേക ഹെഡ് ഓഫ് അക്കൗണ്ടിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 72)

സ്വീകരിച്ച നടപടി

അധികതുക അനുവദിച്ചിട്ടില്ല.

ശുപാർശ

വൻതോതിലുള്ള വികസന പ്രവർത്തനങ്ങൾമൂലം കേരളത്തിലെ കടലോരങ്ങളിൽ പ്രജനനത്തിനെത്തുന്ന കടലാമകൾക്കും മറ്റു കടൽജീവികൾക്കും വൻതോതിൽ വംശനാശം നേരിടുന്നു. കടൽജീവികളുടെ സംരക്ഷണത്തിനായി കേന്ദ്ര ഗവൺമെന്റ് സമർപ്പിച്ച പദ്ധതിക്ക് അംഗീകാരവും വിഹിതവും ലഭിക്കുന്ന മുറയ്ക്ക് ചെലവഴിക്കുന്ന തിനായി 25 ലക്ഷം രൂപ ഈ വർഷത്തെ ബഡ്ജറ്റിൽ പ്രത്യേക ഹെഡ് ഓഫ് അക്കൗണ്ടിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 74)

സ്വീകരിച്ച നടപടി

അധികതുക അനുവദിച്ചിട്ടില്ല.

ശുപാർശ

വന്യജീവി നിർവ്വചനത്തിലെ ഷെഡ്യൂൾ 1-ഉം ഷെഡ്യൂൾ 2-ലെ പാർട്ട് 2-ലും ഉൾപ്പെടുന്ന വന്യമൃഗങ്ങളുടെ ആക്രമണത്തിന് ഇരയാകുന്നവർക്ക് മാത്രമാണ് ഇപ്പോൾ നഷ്ടപരിഹാരം നൽകുന്നത്. എന്നാൽ കാട്ടുപന്നിയുടെ ആക്രമണംമൂലമാണ് കൂടുതൽ നാശനഷ്ടങ്ങൾ ഉണ്ടാകുന്നതെന്ന് സമിതി കരുതുന്നു. ആകയാൽ കാട്ടുപന്നി ഉൾപ്പെടെയുള്ള വന്യമൃഗങ്ങളുടെ ആക്രമണംമൂലം കൃഷിനാശം ഉണ്ടായാൽ സഹായം നൽകുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്നും വന്യജീവികളുടെ ആക്രമണത്തിന് ഇരയാകുന്നവർക്ക് കൃഷിനാശം ഉണ്ടായാൽ നഷ്ടപരിഹാരം നൽകുന്നതിനായി 150 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 75)

സ്വീകരിച്ച നടപടി

വന്യജീവി നിർവ്വചനത്തിലെ ഷെഡ്യൂൾ I, II, III, IV-കളിൽ കാട്ടുപന്നി ഉൾപ്പെടെ എല്ലാ വന്യമൃഗങ്ങളുടേയും ആക്രമണത്തിന് വിധേയരാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള ഉത്തരവ് 16-6-2009-ൽ ജി.ഒ. (ആർറ്റി.) നമ്പർ 283/09/വനം പ്രകാരം നിലവിൽവന്നു. 2008-09 വർഷം 2406-01-80-92—വന്യമൃഗങ്ങളുടെ ആക്രമണത്തിന് ഇരയാകുന്നവർക്കുള്ള ആശ്വാസം എന്ന ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിച്ചിട്ടില്ല.

ശുപാർശ

വനംവകുപ്പിലെ വിജിലൻസ് വിംഗിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സീക്രട്ട് സർവ്വീസ് ഫണ്ടിന്റെ പ്രാധാന്യം വളരെയേറെയാണ്. വന്യമൃഗങ്ങളെ വേട്ടയാടൽ, കഞ്ചാവ് കൃഷി തുടങ്ങിയ ഗൗരവതരമായ കുറ്റകൃത്യങ്ങളെക്കുറിച്ച് വിവരം നൽകുന്നവർക്ക് പാരിതോഷികം വർദ്ധിപ്പിക്കണമെന്നും വിജിലൻസ് വിംഗിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിനുവേണ്ടി ഈ ശീർഷകത്തിൽ ഒരു ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 76)

സ്വീകരിച്ച നടപടി

2406-01-001-95—ഡിസ്ട്രിക്ട് ഓഫീസസ് 15 സീക്രട്ട് സർവ്വീസ് എക്സ്പെൻഡിച്ചർ എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2.00 ലക്ഷം രൂപയാണ് 2008-09-ലെ ബഡ്ജറ്റ് വിഹിതമായി ഉൾക്കൊള്ളിച്ചിരുന്ന പ്രസ്തുത തുകയിൽത്തന്നെ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞതിനാൽ അധികതുക ആവശ്യമായി വന്നില്ല.

ശുപാർശ

വിവരസാങ്കേതിക വിദ്യ ഫലപ്രദമായി ഉപയോഗിച്ചുള്ള ആധുനിക ഭൗമ വിവര സാങ്കേതിക വിഭാഗം വനംവകുപ്പ് ആസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. ഈ ശീർഷകത്തിൽ ശമ്പളം, യാത്രാബത്ത, ഓഫീസ് ചെലവ്, വാഹനങ്ങളുടെ ചെലവ് എന്നിവയിലേക്കായി വകയിരുത്തിയിരിക്കുന്ന 1000 രൂപ തീരെ അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 80 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 77)

സ്വീകരിച്ച നടപടി

അധികതുക അനുവദിച്ചിട്ടില്ല.

ശുപാർശ

കേരള വനം (പരിസ്ഥിതിശാസ്ത്രപരമായ ദുർബ്ബലപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ആക്ട് അനുസരിച്ച് ഉപദേശക സമിതിയുടെ ശുപാർശ പ്രകാരമാണ് സെക്ഷൻ 4 അനുസരിച്ചുള്ള പരിസ്ഥിതി ദുർബ്ബലപ്രദേശങ്ങൾ

സർക്കാർ തീരുമാനിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നത്. ഈ ഉപദേശക സമിതിയുടെ യോഗങ്ങളുമായി ബന്ധപ്പെട്ട് ആഫീസ് ചെലവുകൾ, യാത്രാബത്ത തുടങ്ങിയവയ്ക്കായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ വകയിരുത്തണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 78)

സ്വീകരിച്ച നടപടി

കേരള വനം (പരിസ്ഥിതിശാസ്ത്രപരമായ ദുർബ്ബലപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ആക്ടിലെ സെക്ഷൻ 4 പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് 2009-10 സാമ്പത്തികവർഷത്തിൽ 50 ലക്ഷം രൂപ 2406-01-800-95-FP-34-OC എന്ന ശിർഷകത്തിൽ അനുവദിച്ചിരുന്നു. എന്നാൽ മറ്റ് ചെലവുകളൊന്നും ഈയിനത്തിൽ വന്നില്ല.

ശുപാർശ

വനംവകുപ്പിന്റെ കീഴിൽ നിലവിലുള്ള റോഡുകളുടേയും കെട്ടിടങ്ങളുടേയും അറ്റകുറ്റപ്പണികൾക്കായി ഈ സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. റോഡുകളുടേയും പാലങ്ങളുടേയും അറ്റകുറ്റപ്പണികൾ നടത്തേണ്ടത് അനിവാര്യമായതിനാൽ 2406-01-070-99—റോഡു കളും പാലങ്ങളും എന്ന ശീർഷകത്തിൽ 10.00 ലക്ഷം രൂപയും (17) ചെറുകിട മരാമത്തുപണികൾ (18) അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി 10.00 ലക്ഷം രൂപയും 2406-01-070-98—കെട്ടിടങ്ങൾ എന്ന ശീർഷകത്തിൽ 15.00 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 81)

സ്വീകരിച്ച നടപടി

2406-01-070-98—കെട്ടിടങ്ങൾ എന്ന ശീർഷകത്തിലെ 2008-09 വർഷത്തെ വിഹിതം (17) ചെറുകിട മരാമത്തുപണികൾക്ക് 20.00 ലക്ഷം രൂപയും (18) അറ്റകുറ്റ പണികൾക്ക് 50.00 ലക്ഷം രൂപയുമാണ്. (17) ചെറുകിട മരാമത്തുപണികൾക്ക് 10.00 ലക്ഷം രൂപയും (18) അറ്റകുറ്റപ്പണികൾക്ക് 15.00 ലക്ഷം രൂപയും അധികമായി വകയിരുത്തുന്നതിന് വനംവകുപ്പ് സർക്കാരിന് ശുപാർശ സമർപ്പിച്ചുവെങ്കിലും ലഭ്യമായ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ഉപയോഗിച്ചശേഷം അധികവിഹിതത്തിനുള്ള ശുപാർശ പരിഗണിക്കാമെന്ന് അറിയിക്കുകയും ചെയ്തു. എന്നാൽ ആദ്യം അനുവദിച്ച തുകയിൽത്തന്നെ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞതിനാൽ അധികതുക ലഭ്യമാക്കേണ്ട തായി വന്നില്ല.

2406-01-070-98—റോഡുകളും പാലങ്ങളും എന്ന ബഡ്ജറ്റ് ശീർഷകത്തിലെ 2008-09 വർഷത്തെ വിഹിതം (17) ചെറുകിട മരാമത്തുപണികൾക്ക് 15.00 ലക്ഷം രൂപയും (18) അറ്റകുറ്റപ്പണികൾക്ക് 10.00 ലക്ഷം രൂപയും അധികമായി വകയിരുത്തുന്ന തിനുള്ള ശുപാർശ സർക്കാരിന് സമർപ്പിച്ചിരുന്നുവെങ്കിലും ലഭ്യമായ ബഡ്ജറ്റ് വിഹിതം

പൂർണ്ണമായും ഉപയോഗിച്ചശേഷം അധികവിഹിതം അനുവദിക്കുന്ന കാര്യം പരിഗണിക്കാമെന്ന് സർക്കാർ അറിയിക്കുകയും ചെയ്തു. എന്നാൽ ആദ്യം അനുവദിച്ച തുകയിൽത്തന്നെ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞതിനാൽ അധികംതുക ലഭ്യമാക്കേണ്ടതായി വന്നില്ല.

ശുപാർശ

വനത്തിനേയും വന്യജീവികളേയും സംരക്ഷിക്കുന്നതിന്റെ ഭാഗമായി പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന്റെ ആവശ്യകത സമിതിയുടെ പ്രത്യേക ശ്രദ്ധയ്ക്ക് വിധേയമായി, ആകയാൽ വിവിധ ഫോറസ്റ്റ് പബ്ലിസിറ്റി പ്രവർത്തനങ്ങൾക്കായി 1 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 82)

സ്വീകരിച്ച നടപടി

ഉപധനാഭ്യർത്ഥനവഴി 100 ലക്ഷം രൂപ ഈ പദ്ധതിക്ക് അനുവദിച്ചു.

ശുപാർശ

സോഷ്യൽ ഫോറസ്ട്രിയുടെ ഭാഗമായി വച്ചുപിടിപ്പിച്ചിട്ടുള്ള വാകമരങ്ങളുടെ തോലുകൾ വൻതോതിൽ മോഷണം പോകുന്നതായി സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. ആകയാൽ ടി മരങ്ങളുടെ തോലുകൾ സംരക്ഷിക്കുന്നതിനായി ട്രീ ഗാർഡ്സ് സ്ഥാപിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 84)

സ്വീകരിച്ച നടപടി

സോഷ്യൽ ഫോറസ്ട്രി കൊല്ലം, ഇടുക്കി എന്നീ ഡിവിഷനുകളിലെ വാകമരങ്ങൾ ട്രീ ഗാർഡ് കെട്ടിസംരക്ഷിക്കുന്നതിനായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കോഴിക്കോട്, മലപ്പുറം എന്നീ ഡിവിഷനുകളിൽ വാകമരങ്ങൾ ഇല്ല. മറ്റു ഡിവിഷനുകളിലെ വാകമരങ്ങൾ ഒന്നുംതന്നെ മോഷണം പോയിട്ടില്ലായെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2009-10)

ശുപാർശ

അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾ, പശ്ചാത്തല സൗകര്യങ്ങൾ, സർവ്വേ പ്രവർത്തനങ്ങൾ, കാവുകളുടെ സംരക്ഷണം, ചന്ദനംപോലുള്ള പ്രത്യേകയിനം കാടുകളുടെ സംരക്ഷണം, പടർന്നുപിടിക്കുന്ന കളകളുടെ നിയന്ത്രണം, പൂത്തുനിൽക്കുന്ന മുളകളുടെ പരിപാലനം എന്നീ പ്രവർത്തനങ്ങൾക്കായി 75% കേന്ദ്ര വിഹിതമായി 600 ലക്ഷം രൂപയും, 100% കേന്ദ്ര വിഹിതമായി 285 ലക്ഷം രൂപയും അനുവദിക്കുമെന്നതിനാൽ സംസ്ഥാന വിഹിതമായി 485 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 67)

സ്വീകരിച്ച നടപടി

ലഭ്യമായ ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ നിന്നുകൊണ്ട് തുക ചെലവഴിച്ചിട്ടുള്ള തിനാൽ അധികതുക ആവശ്യമായി വന്നില്ല.

ശുപാർശ

കോഴിക്കോട് വനം ഡിവിഷനിലെ പെരിവണ്ണാമൂഴി റെയിഞ്ചിലെ 7421-5015 ഹെക്ടർ പ്രദേശത്ത് മലബാർ വന്യജീവി സങ്കേതം എന്ന പേരിൽ ഒരു പുതിയ വന്യജീവി സങ്കേതം രൂപീകരിക്കുവാൻ പദ്ധതിയുണ്ട്. ഈ വന്യജീവി സങ്കേതത്തിന്റെ ആവാസവ്യവസ്ഥ മെച്ചപ്പെടുത്തൽ, ബോധവൽക്കരണ പരിപാടികൾ, ഇന്റർപ്രിട്ടേഷൻ സെന്റർ, അഗ്നിപ്രധിരോധ പ്രവർത്തനങ്ങൾ, മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കൽ, സംരക്ഷണപ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക തീരെ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 38 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 68)

സ്വീകരിച്ച നടപടി

പദ്ധതി നടത്തിപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക മതിയായതിനാൽ അധികതുക ആവശ്യമായിവന്നില്ല.

ശുപാർശ

എല്ലാ സൗകര്യങ്ങളോടുംകൂടിയ ഒരു മിനി സൂ കാപ്രിക്കാടിൽ സ്ഥാപിച്ചുകൊണ്ട് കോടനാടിൽ ഇപ്പോൾ സ്ഥിതിചെയ്യുന്ന വന്യമൃഗങ്ങളെ മാറ്റിപ്പാർപ്പിക്കുന്ന തിനുള്ള പദ്ധതി 2009-10-ൽ നടപ്പാക്കാനുദ്ദേശിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ഈ പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 200 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 70)

സ്വീകരിച്ച നടപടി

പദ്ധതി നടത്തിപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക മതിയായതിനാൽ അധികതുക ആവശ്യപ്പെട്ടില്ല.

ശുപാർശ

പെരിയാർ കടുവ സംരക്ഷണ കേന്ദ്രത്തിന്റെ വിസ്തൃതി 881 ച.കി.മീറ്റർ ആണ്. അതിന്റെ സംരക്ഷണപ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് 2 ഡിവിഷനുകളിലായി വിഭജിച്ചാണ് പ്രവർത്തനങ്ങൾ നടത്തിവരുന്നത്. 50% കേന്ദ്ര സഹായമായി നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് ലഭിക്കുന്ന കേന്ദ്ര വിഹിതം സംസ്ഥാന വിഹിതത്തേക്കാൾ കൂടുതലാണെന്ന് സമിതി മനസ്സിലാക്കി. ആകയാൽ സംസ്ഥാന വിഹിതം

കേന്ദ്ര വിഹിതത്തിന് ആനുപാതികമാക്കുന്നതിലേക്കും ലഭ്യമാകുന്ന കേന്ദ്ര വിഹിതം നഷ്ടപ്പെടാതിരിക്കുന്നതിനുംവേണ്ടി ഈ വർഷത്തെ ബഡ്ജറ്റിൽ 150 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 72)

സ്വീകരിച്ച നടപടി

ഉപധനാഭ്യർത്ഥനവഴി പ്രകാരം 65.85 ലക്ഷം രൂപ അധികമായി അനുവദിച്ചിരുന്നു.

ശുപാർശ

കേരളത്തിലെ നെല്ലിയാംപതി, വെള്ളിക്കുളങ്ങര, ഷോളയാർ, ഇടമലയാർ, പറമ്പിക്കുളം എന്നീ വനമേഖലകളുടെ 807.38 ച.കി.മീറ്റർ വനഭാഗം കേരളത്തിലെ രണ്ടാമത്തെ കടുവ സംരക്ഷണകേന്ദ്രമായി അംഗീകരിച്ച് കേന്ദ്ര സർക്കാർ സഹായം നൽകിവരുന്നുണ്ട്. 50% കേന്ദ്ര വിഹിതമായി ഈ ഇനത്തിൽ കഴിഞ്ഞവർഷം ലഭിച്ച കേന്ദ്ര വിഹിതം സംസ്ഥാന വിഹിതത്തേക്കാളും കൂടുതലായിരുന്നതായി സമിതി മനസ്സിലാക്കുന്നു. ആകയാൽ സംസ്ഥാന വിഹിതം കേന്ദ്ര വിഹിതത്തിന് ആനുപാതികമാക്കുന്നതിലേക്കായി ഈ ശിർഷകത്തിൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 73)

സ്വീകരിച്ച നടപടി

2406-02-110-98—എന്ന ശീർഷകത്തിൽ ഈ ഇനത്തിനായി അധികമായി 52.43 ലക്ഷം രൂപ അനുവദിച്ചിരുന്നു.

ശുപാർശ

വനശാസ്ത്രത്തിൽ നൂതന സാങ്കേതികവിദ്യ സ്വായത്തമാക്കുന്നതിനും നടപ്പിലാക്കുന്നതിനും വിദഗ്ദ്ധപരിശീലനവും, പരിജ്ഞാനവും ആവശ്യമാണ്. ഇതിനായി റെയിഞ്ചാഫീസർ ട്രെയിനികൾക്കുള്ള സ്റ്റൈപ്പന്റ് നൽകുക, അരിപ്പയിലും വാളയാറിലുമുള്ള ഫോറസ്റ്റ് സ്കൂളുകളുടെ പരിശീലന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, വകുപ്പിലെ ഉദ്യോഗസ്ഥൻമാർക്ക് ഇൻ-സർവ്വീസ് ട്രെയിനിംഗ് നൽകുന്നതിലേക്കായി തിരുവനന്തപുരത്ത് രാജീവ്ഗാന്ധി നഗറിലുള്ള പരിശീലന കേന്ദ്രം വികസിപ്പിക്കുക, കായിക പരിശീലനം നൽകുക തുടങ്ങിയ പരിപാടികൾ ലക്ഷ്യമിടുന്ന ഈ പദ്ധതി നടത്തിപ്പിനായി ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 75)

സ്വീകരിച്ച നടപടി

പദ്ധതി നടത്തിപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക മതിയായതിനാൽ അധികതുക ആവശ്യമായിവന്നില്ല.

ശുപാർശ

വന്യജീവി നിർവ്വചനത്തിലെ ഷെഡ്യൂൾ 1-ഉം ഷെഡ്യൂൾ 2-ലെ പാർട്ട് 2-ലും ഉൾപ്പെടുന്ന വന്യമൃഗങ്ങളുടെ ആക്രമണത്തിന് ഇരയാകുന്നവർക്ക് മാത്രമാണ് നഷ്ടപരിഹാരം നൽകുന്നത്. എന്നാൽ കാട്ടുപന്നിയുടെ ആക്രമണം മൂലമാണ് കൂടുതൽ നാശനഷ്ടങ്ങൾ ഉണ്ടാകുന്നത് എന്ന് സമിതിയിൽ വ്യക്തമാക്കപ്പെട്ടു. ആകയാൽ കാട്ടുപന്നിയുടെ ആക്രമണത്തിന് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം നൽകേണ്ടതാണെന്നും ഇതിനായി ഈ ശീർഷകത്തിൽ 80 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 77)

സ്വീകരിച്ച നടപടി

ബന്ധപ്പെട്ട ശീർഷകത്തിൽ ധനപുനർവിനിയോഗം വഴി അധികമായി 50 ലക്ഷം രൂപ അനുവദിച്ചു.

ശുപാർശ

വനംവകുപ്പുവക ആന, മാൻ, മൃഗശാല തുടങ്ങിയവയുടെ പരിചരണ/ സംരക്ഷണങ്ങൾക്കാണ് ഈ തുക വിനിയോഗിക്കുന്നത്. ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 80)

സ്വീകരിച്ച നടപടി

ബന്ധപ്പെട്ട ശീർഷകത്തിൽ ധനപുനർവിനിയോഗംവഴി 30 ലക്ഷം രൂപ അധികമായി അനുവദിച്ചു.

ശുപാർശ

വനംവകുപ്പിലെ ഉദ്യോഗസ്ഥർക്ക് മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് ഇനത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ വിവിധ ശീർഷകങ്ങളിൽ താഴെപ്പറയും പ്രകാരം അധികതുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു:

2406-01-001-99-01 (4)-ൽ 3 ലക്ഷം രൂപ

2406-01-001-98-01 (4)-ൽ 1.3 ലക്ഷം രൂപ

2406-01-001-97-01 (4)-ൽ 1.5 ലക്ഷം രൂപ

2406-01-001-96-01 (4)-ൽ 1 ലക്ഷം രൂപ

2406-01-001-95-01 (4)-ൽ 4 ലക്ഷം രൂപ

2406-01-101-99-01 (4)-ൽ 2 ലക്ഷം രൂപ

(ഖണ്ഡിക 81)

<u>സ്വീകരിച്ച നടപടി</u>

ധനപുനർവിനിയോഗം മുഖേന 2406-01-001-99-01(4)—എന്ന ശീർഷകത്തിൽ 3.74 ലക്ഷം രൂപയും 2406-01-001-96-01 (4)-എന്ന ശീർഷകത്തിൽ 3.10 ലക്ഷം രൂപയും 2406-01-001-95-01(4)—എന്ന ശീർഷകത്തിൽ 4.08 ലക്ഷം രൂപയും അധികമായി അനുവദിച്ചിരുന്നു.

<u>ശുപാർശ</u>

വനം വകുപ്പുദ്യോഗസ്ഥർക്ക് ആവശ്യമായ യാത്രാബത്ത ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക തീരെ അപര്യാപ്തമാണ്. മുൻകാലങ്ങളിൽ യാത്രാചെലവുകളിൽ കുടിശ്ശിക നിലനിൽക്കുന്ന സാഹചര്യത്തിൽ വിവിധ ശീർഷകങ്ങളിൽ താഴെപ്പറയും പ്രകാരം അധികതുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2406-01-001-04(1)-ൽ 6 ലക്ഷം രൂപ

2406-01-001-96-04(1)-ൽ 2.5 ലക്ഷം രൂപ

2406-01-001-95-04(1)-ൽ 5 ലക്ഷം രൂപ

(ഖണ്ഡിക 82)

<u>സ്വീകരിച്ച നടപടി</u>

ധനപുനർവിനിയോഗം വഴി 2406-01-001-96-04(1) എന്ന ശീർഷകത്തിൽ 1.88 ലക്ഷം രൂപ അധികമായി അനുവദിച്ചു.

<u>ശുപാർശ</u>

സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും നാഷണൽ പാർക്കുകളുടേയും വികസനത്തിനായി കേന്ദ്ര സർക്കാർ നൽകിവരുന്ന ധനസഹായം ഈ വർഷം മുതൽ സംരക്ഷിത മേഖലകൾക്ക് പുറത്തുള്ള മേഖലകളേയും സംരക്ഷിക്കുന്നതിനായി അനുവദിക്കുന്ന പുതിയ പദ്ധതി വന്യജീവി ആവാസങ്ങളുടെ സംയോജിത വികസന പദ്ധതി എന്നറിയപ്പെടുന്നു. ഇതിൻപ്രകാരം താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കുന്നതാണ്.

1. സംരക്ഷിത മേഖലകളുടെ വികസനത്തിനുള്ള പദ്ധതികൾ
2. സംരക്ഷിത മേഖലയ്ക്ക് പുറത്തുള്ള വനമേഖലയിലെ ജൈവസമ്പത്തിന്റെ വികസനത്തിനുള്ള പദ്ധതികൾ
3. വനത്തിനു പുറത്തുള്ള ജൈവസമ്പത്തിന്റെ പുനരുദ്ധാരണത്തിനുള്ള പദ്ധതികൾ

ഈ പദ്ധതിയിൻകീഴിൽ വന്യജീവി വിഭാഗത്തിൽ താഴെപ്പറയുന്ന 12 പുതിയ പദ്ധതികൾ അംഗീകാരത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു.

1. കടലുണ്ടി-വള്ളിക്കുന്ന് കമ്മ്യൂണിറ്റി റിസർവിന്റെ പരിപാലനം
2. കോൾ നിലങ്ങളുടെ പരിപാലനത്തിനായുള്ള പദ്ധതി
3. മാങ്കുളം വനം ഡിവിഷനിലെ ജൈവവൈവിദ്ധ്യം സംരക്ഷിക്കുന്നതിനുള്ള പദ്ധതി
4. റാന്നി ഡിവിഷനിലെ ഗൂഡ്രിക്കൽ വനപ്രദേശത്തിന്റെ സംരക്ഷണം
5. കാവുകളും വനത്തിന് പുറത്തുള്ള ജൈവ സമ്പന്നമായ മറ്റ് ആവാസങ്ങളും സംരക്ഷിക്കുന്നതിനുള്ള പദ്ധതി
6. കക്കയം വനമേഖലയുടെ സംരക്ഷണം
7. മലയാറ്റൂർ ഡിവിഷനിലെ അതിപ്രധാന ജൈവ വൈവിദ്ധ്യ മേഖലയുടെ സംരക്ഷണം
8. വേമ്പനാട് തണ്ണീർത്തടത്തിന്റെ സംരക്ഷണം
9. നിലമ്പൂർ സൗത്ത് ഡിവിഷനിലെ ന്യൂ അമരമ്പലം മേഖലയിലെ ജൈവ വൈവിദ്ധ്യ സംരക്ഷണം
10. 'കുറിച്ചയർമല-ബാണാസുരമല'യുടെ (വയനാട് സൗത്ത് ഡിവിഷൻ) അതിപ്രധാന ജൈവ വൈവിധ്യ മേഖലയുടെ സംരക്ഷണം
11. മുത്തിക്കുളം വനമേഖലയുടെ (മണ്ണാർക്കാട്) സംരക്ഷണം
12. വാഴച്ചാൽ ഡിവിഷനിലെ അതിപ്രധാന ജൈവവൈവിധ്യ മേഖലയുടെ സംരക്ഷണം

(ഖണ്ഡിക 83)

<u>സ്വീകരിച്ച നടപടി</u>

ഈ ഇനത്തിൽ 2008-09 വർഷത്തിൽ കേന്ദ്ര സഹായമായി 322.42 ലക്ഷം രൂപ ലഭിച്ചത് സാമ്പത്തികവർഷം അവസാനമായതിനാൽ ചെലവഴിക്കാൻ സാധിച്ചിരുന്നില്ല. 2009-10 സാമ്പത്തികവർഷത്തിൽ ഉപധനാഭ്യർത്ഥന പ്രകാരം ടി തുക (322.42 ലക്ഷം രൂപ) അനുവദിച്ച് നൽകിയിട്ടുണ്ട്.

ശുപാർശ

2009-10 സാമ്പത്തികവർഷം തന്നെ നടപ്പിൽവരുത്തേണ്ട ഈ പദ്ധതികൾക്കായി പുതിയ ബഡ്ജറ്റ് ഹെഡ്ഡും പ്രസ്തുത ഹെഡ്ഡിൽ 600 ലക്ഷം രൂപയും അനുവദിക്കേണ്ട താണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 84)

സ്വീകരിച്ച നടപടി

ഈ ഇനത്തിൽ 2008-09 വർഷത്തിൽ കേന്ദ്ര സഹായമായി 322.42 ലക്ഷം രൂപ ലഭിച്ചത് സാമ്പത്തികവർഷം അവസാനമായതിനാൽ ചെലവഴിക്കാൻ സാധിച്ചിരുന്നില്ല. 2009-10 സാമ്പത്തികവർഷത്തിൽ ഉപധനാഭ്യർത്ഥന പ്രകാരം ടി തുക (322.42 ലക്ഷം രൂപ) അനുവദിച്ചുനൽകിയിട്ടുണ്ട്.

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2010–2011)

ശുപാർശ

ആനകളുടെ ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തുക, വനത്തിലെ കൃഷിക്കാരുടെ കൃഷിയെ ആനശല്യത്തിൽ നിന്നും രക്ഷിക്കുക, ആനയ്ക്കും മനുഷ്യർക്കും സുരക്ഷ ഉറപ്പുവരുത്തുക, ആനകളുടെ ആക്രമണം തടയാൻ ട്രഞ്ചുകൾ കുഴിക്കുക, വിഭവപരിപാലനവും സംരക്ഷണ പ്രവർത്തനങ്ങളും നടത്തുക, നാട്ടാനക്ഷേമ പ്രവർത്തനങ്ങൾ നടത്തുക എന്നിവയ്ക്കാണ് പ്രധാനമായും ഈ ശീർഷകത്തിൽ നിന്നും തുക വിനിയോഗിക്കുന്നത്. കൂടാതെ കണ്ണൂർ, വയനാട് ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന പേരിയ ആനത്താര പൂർണ്ണമായി ഏറ്റെടുക്കുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകുകയും ഫണ്ട് അനുവദിക്കുകയും ചെയ്ത സാഹചര്യത്തിൽ ആനത്താര പദ്ധതിയിൻകീഴിൽ കേന്ദ്ര സർക്കാർ അനുവദിക്കുന്ന തുക വിനിയോഗി ക്കുന്നതിനായി ഈ ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതം 440 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 76)

സ്വീകരിച്ച നടപടി

13-1-2011-ലെ എ1-201/2011 നമ്പർ കത്ത് പ്രകാരം ബഡ്ജറ്റ് ഹെഡ് 2406-02-110-71— പ്രോജക്ട് എലിഫന്റ്-100% കേന്ദ്ര സഹായ പദ്ധതിയിൽ 86.23 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗംവഴി അനുവദിച്ചു. വയനാട് ജില്ലയിലെ ആനത്താര ഏറ്റെടുക്കുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് ഈ ബഡ്ജറ്റ് ഹെഡിൽ 2011-12 വർഷത്തിൽ 350 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ കേന്ദ്ര സർക്കാർ അംഗീകരിച്ച തുക 266.75 ലക്ഷം രൂപയാണ്. ഇതിൽ 150 ലക്ഷം രൂപ ആനത്താരയുടെ ഏറ്റെടുക്കലിനുവേണ്ടി കണ്ണൂർ ജില്ലാ കളക്ടർക്ക് കൈമാറിയിട്ടുണ്ട്.

ശുപാർശ

വനം വകുപ്പ് വക ആന, മാൻ, മൃഗശാല തുടങ്ങിയവയുടെ പരിചരണ/ സംരക്ഷണങ്ങൾക്കാണ് ഈ തുക വിനിയോഗിക്കുന്നത്. കാലിത്തീറ്റയുടെ വില കൂടിയ സാഹചര്യത്തിൽ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 84)

സ്വീകരിച്ച നടപടി

2406-02-105-94—കന്നുകാലികൾ എന്ന ബഡ്ജറ്റ് ശീർഷകത്തിൽ ഉപധനാഭ്യർത്ഥനവഴി 36 ലക്ഷം രൂപയും ധനപുനർവിനിയോഗംവഴി 27.70 ലക്ഷം രൂപയും (ആകെ 63.70 ലക്ഷം രൂപ) അധികമായി അനുവദിച്ചു.

ശുപാർശ

വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ പി.ഒ.എൽ. എന്നീ ഇനങ്ങളിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകങ്ങളിൽ യഥാക്രമം 25 ലക്ഷം രൂപയും, 50 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 86)

സ്വീകരിച്ച നടപടി

2406-01-001-99-21 MV(2) അറ്റകുറ്റപ്പണികൾ, 45 POL എന്നീ ബഡ്ജറ്റ് ഹെഡ്ഡുകളിൽ യഥാക്രമം 2.96 ലക്ഷം രൂപയും, 2.40 ലക്ഷം രൂപയും ധനപുനർ വിനിയോഗംവഴി അധികമായി അനുവദിച്ചു.

ശുപാർശ

നടപ്പുവർഷം കാട്ടുപന്നി, കുരങ്ങ് മുതലായവയുടെ ശല്യം കൊണ്ട് കൃഷിനാശം സംഭവിച്ചവർക്കുകൂടി നഷ്ടപരിഹാരം നൽകണമെന്ന് സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിലേക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 87)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ ഉപധനാഭ്യർത്ഥനവഴി 45 ലക്ഷം രൂപയും ധനപുനർ വിനിയോഗംവഴി 95.25 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 140.25 ലക്ഷം രൂപ അധികമായി അനുവദിച്ചു.

ശുപാർശ

വനം വകുപ്പിലെ ഉദ്യോഗസ്ഥർക്ക് മെഡിക്കൽ റീഇംപേഴ്സ്മെന്റ് ഇനത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ വിവിധ ശീർഷകങ്ങളിൽ താഴെ പറയും പ്രകാരം അധിക തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു:

2406-01-001-99-01(4)-ൽ—2 ലക്ഷം രൂപ

2406-01-001-98-01(4)-ൽ—1 ലക്ഷം രൂപ

2406-01-001-97-01(4)-ൽ—50,000 രൂപ

2406-01-001-96-01(4)-ൽ—1.5 ലക്ഷം രൂപ

2406-01-001-95-01(4)-ൽ—4 ലക്ഷം രൂപ

2406-01-001-99-01(4)-ൽ—1 ലക്ഷം രൂപ

(ഖണ്ഡിക 89)

സ്വീകരിച്ച നടപടി

വനം വകുപ്പിലെ ഉദ്യോഗസ്ഥരുടെ മെഡിക്കൽ റീഇംപേഴ്സ്മെന്റ് ഇനത്തിൽ 2406-01-001-95-01(4) ശീർഷകത്തിൽ 9.07 ലക്ഷം രൂപയും, 2406-01-001-99-01(4) ശീർഷകത്തിൽ 2.07 ലക്ഷം രൂപയും ധനപുനർവിനിയോഗംവഴി അധികമായി അനുവദിച്ചു. മറ്റ് ശീർഷകങ്ങളിൽ തുക അധികമായി അനുവദിച്ചിട്ടില്ല.

ശുപാർശ

വനം വകുപ്പുദ്യോഗസ്ഥർക്കുള്ള യാത്രാബത്ത ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. കൂടാതെ മുൻകാലങ്ങളിലുള്ള യാത്രാചെലവുകളുടെ ബില്ലുകൾ പല ഡിവിഷനുകളിലും പാസ്സാക്കേണ്ടതായിട്ടുള്ള തിനാലും വിവിധ ശീർഷകങ്ങളിൽ താഴെപ്പറയും പ്രകാരം അധിക തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു:

2406-01-001-99-04(1)-ൽ—3 ലക്ഷം രൂപ

2406-01-001-96-04(1)-ൽ—4 ലക്ഷം രൂപ

2406-01-001-95-04(1)-ൽ—10 ലക്ഷം രൂപ

(ഖണ്ഡിക 90)

സ്വീകരിച്ച നടപടി

യാത്രാബത്ത ഇനത്തിൽ 2406-01-001-96-04(1) ൽ 9 ലക്ഷം രൂപയും, 2406-01-001-95-04(1)-ൽ 3.23 ലക്ഷം രൂപയും അധികമായി ധനപുനർവിനിയോഗംവഴി അനുവദിച്ചു.

# ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2011-2012)

## ശുപാർശ

വനങ്ങളെ കാട്ടുതീയിൽ നിന്നും സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കും വനവിഭവങ്ങളുടെ വിപണനം നടത്തുന്നതിനും അത്യാവശ്യം വാഹനഗതാഗതം സാധ്യമാകുന്ന റോഡുകൾ അവശ്യഘടകമാണ്. ഈ റോഡുകളുടെ അറ്റകുറ്റപ്പണിക്കായി ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 111.75 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

## സ്വീകരിച്ച നടപടി

ധനപുനർവിനിയോഗംവഴി ഈ ആവശ്യത്തിനായി അനുവദിച്ച 92 ലക്ഷം രൂപ അധികമായി നല്കിയിട്ടുണ്ട്.

## ശുപാർശ

കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനും അറ്റക്കുറ്റപ്പണികൾക്കും പുറമെ ഭൂതത്താൻ കെട്ട്, ഇടമലയാർ ഫോറസ്റ്റ് സ്റ്റേഷനുകൾ വൈദ്യുതീകരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 30 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

## സ്വീകരിച്ച നടപടി

ഈ ബഡ്ജറ്റ് ഹെഡിൽ അധിക തുകയൊന്നും നല്കിയിട്ടില്ല.

## ശുപാർശ

ജൈവവൈവിദ്ധ്യ സംരക്ഷണം, വനാതിർത്തിയോട് ചേർന്ന് വില്ലേജുകളിലും വനത്തിനുള്ളിലെ ആദിവാസി സെറ്റിൽമെന്റുകളിലും വന്യജീവി ആക്രമണംമൂലമുള്ള നാശനഷ്ടങ്ങൾ പരിഹരിക്കൽ, ആനയുടെ ആക്രമണം തടയാൻ ട്രഞ്ച്, വൈദ്യുത കമ്പിവേലി തുടങ്ങിയവയുടെ നിർമ്മാണം, ആവാസവ്യവസ്ഥ മെച്ചപ്പെടുത്തൽ, പൊതുജനങ്ങളിൽ പ്രകൃതിസംരക്ഷണബോധം വളർത്തുക, കാട്ടുതീ തടയൽ, പരിസ്ഥിതി വികസന പ്രവർത്തനം, വന്യജീവി വാരാഘോഷം എന്നീ പ്രവർത്തനങ്ങൾ നടത്തുന്നതിനായി അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 350 ലക്ഷം രൂപ 450 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

1016/2013.

സ്വീകരിച്ച നടപടി

ഈ ബഡ്ജറ്റ് ഹെഡിൽ അധിക തുകയൊന്നും നല്കിയിട്ടില്ല.

ശുപാർശ

സാമൂഹ്യവനവൽക്കരണ വിഭാഗത്തിന്റെ കീഴിൽ നടപ്പിലാക്കിവരുന്ന ഹരിത കേരളം, നമ്മുടെ മരം, വഴിയോര തണൽ മുതലായ പദ്ധതികളുടെ നടത്തിപ്പിനും, ബോധവൽക്കരണ പരിപാടികൾക്കുള്ള ചെലവുകൾക്കും ഈ തുക അപര്യാപ്തമായ തിനാൽ ഈ സാമ്പത്തികവർഷം ഈ ഇനത്തിൽ 200 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

സ്വീകരിച്ച നടപടി

ഈ ബഡ്ജറ്റ് ഹെഡിൽ അധിക തുകയൊന്നും നല്കിയിട്ടില്ല.

ശുപാർശ

ഈ ശീർഷകത്തിൽ റോഡുകളുടേയും പാലങ്ങളുടെയും നിർമ്മാണത്തിനും അറ്റക്കുറ്റപ്പണികൾക്കുമായി അനുവദിച്ചിരിക്കുന്ന തുക സാധനങ്ങളുടെ വിലക്കയറ്റം, ട്രാൻസ്പോർട്ടേഷൻ ചെലവിലുണ്ടായ വർദ്ധനവ് എന്നിവ പരിഗണിക്കുമ്പോൾ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ സാമ്പത്തികവർഷം ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സ്വീകരിച്ച നടപടി

ധനപുനർവിനിയോഗംവഴി ഈ ശീർഷകത്തിൽ 7 ലക്ഷം രൂപ അധികമായി നല്കിയിട്ടുണ്ട്.

ശുപാർശ

വന്യജീവി നിർവ്വചനത്തിലെ ഷെഡ്യൂൾ 1-ഉം ഷെഡ്യൂൾ 2-ലെ പാർട്ട് 2-ഉം ഉൾപ്പെടുന്ന വന്യമൃഗങ്ങളുടെ ആക്രമണത്തിന് ഇരയാകുന്നവർക്ക് മാത്രമാണ് നഷ്ടപരിഹാരം നല്കിക്കൊണ്ടിരിക്കുന്നത്. കാട്ടുപന്നിയുടെ ആക്രമണംമൂലമാണ് കൂടുതൽ നാശനഷ്ടങ്ങൾ ഉണ്ടാകുന്നത്. ഈ ഇനത്തിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം തുലോം കുറവായതിനാൽ 150 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ 39 ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

ശുപാർശ

വനം വകുപ്പിലെ ഉദ്യോഗസ്ഥർക്ക് മെഡിക്കൽ റീഇംപേഴ്സ്മെന്റ് നൽകുന്നതിനു വേണ്ടി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ വിവിധ ശീർഷകത്തിൽ താഴെപ്പറയും പ്രകാരം അധികതുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

1. 2406-01-001-99-01(4)—ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസ്—50,000 രൂപ.
2. 2406-01-001-98-01(4)—ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസ്—50,000 രൂപ.
3. 2406-01-001-97-01(4)—വർക്കിംഗ് പ്ളാൻ ആന്റ് റിസർച്ച് സർക്കിൾ—50,000 രൂപ
4. 2406-01-001-96-01(4)—വിജിലൻസ് ആന്റ് ഇവാലുവേഷൻ—50,000 രൂപ
5. 2406-01-001-95-01(4)—ഡിസ്ട്രിക്ട് ഓഫീസ്—4 ലക്ഷം രൂപ

(ഖണ്ഡിക 7)

സ്വീകരിച്ച നടപടി

ധനപുനർവിനിയോഗംവഴി 2406-01-001-95-01(4) എന്ന ശീർഷകത്തിൽ 18.45 ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. മറ്റ് ശീർഷകങ്ങളിൽ അധികമായി തുക അനുവദിച്ചിട്ടില്ല.

ശുപാർശ

വനം വകുപ്പുദ്യോഗസ്ഥർക്ക് യാത്രാബത്ത ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാലും മുൻകാലങ്ങളിലുള്ള യാത്രാചെലവുകളുടെ ബില്ലുകൾ പല ഡിവിഷനുകളിലും പാസ്സാക്കേണ്ടതായിട്ടുള്ളതിനാലും വിവിധ ശീർഷകങ്ങളിൽ താഴെപ്പറയുംപ്രകാരം അധിക തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

1. 2406-01-001-99-04(1)—ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസ്—3 ലക്ഷം രൂപ.
2. 2406-01-001-96-04(1)—വിജിലൻസ് ആന്റ് ഇവാലുവേഷൻ—3.5 ലക്ഷം രൂപ
3. 2406-01-001-95-01(4)—ഡിസ്ട്രിക്ട് ഓഫീസ്—3 ലക്ഷം രൂപ

(ഖണ്ഡിക 8)

സ്വീകരിച്ച നടപടി

താഴെപ്പറയുന്ന ശീർഷകങ്ങളിൽ ധനപുനർവിനിയോഗംവഴി അധികമായി തുക അനുവദിച്ചിട്ടുണ്ട്.

1. 2406-01-001-95-04(1)—4.89 ലക്ഷം രൂപ
2. 2406-01-001-96-04(1)—5.2 ലക്ഷം രൂപ

<u>പൊതു ശുപാർശ</u>

കേന്ദ്രസഹായം ലഭ്യമാകുന്ന പദ്ധതികളുടെ ആകെ ചെലവിന്റെ 50% കേന്ദ്രവും, 50% സംസ്ഥാനവുമാണ് വഹിക്കുന്നത്. എന്നാൽ കേന്ദ്ര ഗവൺമെന്റിന്റെ ധനസ്ഥിതി അനുസരിച്ച് പലപ്പോഴും ഈ തുകയിൽ വ്യത്യാസമുണ്ടാകുന്നു. കേന്ദ്രത്തിൽനിന്ന് പദ്ധതി ചെലവിനായി എത്ര തുക കിട്ടുന്നുവോ അതേ തുക മാത്രമേ ചെലവാക്കാൻ ധനകാര്യ വകുപ്പ് അനുവദിക്കാറുള്ളു. സംസ്ഥാന വിഹിതം ചെലവഴിക്കണമെങ്കിൽ കേന്ദ്ര വിഹിതം ലഭ്യമാക്കുന്നതുവരെ കാത്തിരിക്കേണ്ടിവരുന്നതു കാരണം സീസണൽ ആയ പല പണികളും ചെയ്യാൻ പറ്റാതെവരുന്ന അവസ്ഥയാണുള്ളത്. ആയതിനാൽ കേന്ദ്ര സഹായ പദ്ധതി അനുസരിച്ചുള്ള കേന്ദ്ര ഫണ്ട് ലഭിക്കുന്നതുവരെ കാത്തുനിൽക്കാതെ 50% സംസ്ഥാന വിഹിതം നേരത്തെ ചെലവഴിക്കുന്നതിനുള്ള അനുവാദം നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

<u>സ്വീകരിച്ച നടപടി</u>

അനുവാദം നല്കിയിട്ടില്ല. എന്നിരുന്നാലും 2011-12 സാമ്പത്തികവർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക മുഴുവൻ സർക്കാർ അനുവദിച്ചിട്ടുണ്ട്.

## ധനകാര്യ വകുപ്പ്

ബഡ്ജറ്റിൽ 50% CSS-ന് വകയിരുത്തിയിട്ടുള്ള തുകയുടെ സംസ്ഥാന വിഹിതം മുൻകൂറായി സാധാരണ നൽകിവരാത്തത് കേന്ദ്ര വിഹിതം യഥാസമയം ലഭ്യമാക്കുന്നതിൽ നിർവ്വഹണ വകുപ്പുകൾ വീഴ്ച്ച വരുത്താനിടയുള്ളതിനാലാണ്. നിയമസഭാ സമിതിയുടെ ശുപാർശ പരിഗണിച്ച്, കേന്ദ്രഫണ്ട് സമയബന്ധിതമായി നേടിയെടുക്കുന്നതിന് പദ്ധതി നിർവ്വഹണ വകുപ്പുകൾ നടപടി സ്വീകരിക്കും എന്ന ഉറപ്പിന്മേൽ നിലവിൽ നടന്നുവരുന്ന പദ്ധതികൾക്ക് സംസ്ഥാന വിഹിതം മുൻകൂർ നല്കുന്നതിനും, പുതുതായി ബഡ്ജറ്റിൽ ഉൾകൊള്ളിക്കുന്ന പദ്ധതികൾക്ക് കേന്ദ്ര ഗവൺമെന്റ് അനുമതി നല്കുന്നതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയിൽ നിന്നും അപ്രകാരമുള്ള പദ്ധതിയുടെ ചെലവ് വഹിക്കുന്നതിനുമുള്ള അനുമതി നല്കുന്നതിന് യഥാസമയം നടപടി സ്വീകരിക്കുന്നതാണ്.

<u>ശുപാർശ</u>

നടപ്പുസാമ്പത്തികവർഷം മൊത്തം 45 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് കെ.റ്റി.ഡി.സി. നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പുതിയ പദ്ധതികൾ നടപ്പിലാക്കാനും മുൻ വർഷത്തെ പദ്ധതികൾ പൂർത്തിയാക്കാനും ഇപ്പോൾ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

<u>സ്വീകരിച്ച നടപടി</u>

ശുപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല.

ശുപാർശ

പൊതു സ്വകാര്യ പങ്കാളിത്ത മാതൃകയിൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനും വിനോദസഞ്ചാര മേഖലയിൽ നിക്ഷേപ സൗകര്യം ഒരുക്കുന്നതിനും ഈ ശീർഷകത്തിൽ 6.15 കോടി രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

സ്വീകരിച്ച നടപടി

ശുപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല.

ശുപാർശ

ബേക്കൽ റിസോർട്ട് ഡെവലപ്പ്മെന്റ് കോർപ്പറേഷന് സ്വന്തം ഓഫീസ്, ഗസ്റ്റ് ഹൗസ് എന്നിവ നിർമ്മിക്കുന്നതിനും പള്ളിക്കരയിൽ ഹെൽത്ത് ടൂറിസം സെന്റർ നിർമ്മിക്കുന്നതിനും മോഡൽ റോഡുകൾ, ബേക്കൽ കോട്ടയ്ക്കു സമീപം ഇൻഫർമേഷൻ സെന്റർ, കൾച്ചറൽ സെന്റർ എന്നിവ ആരംഭിക്കുന്നതിനും ഈ ശീർഷകത്തിൽ 38.85 കോടി രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സ്വീകരിച്ച നടപടി

ശുപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല.

ശുപാർശ

ആർ.ഐ.ഡി.എഫ്. പദ്ധതിയുടെ ഭാഗമായ കോട്ടയം-കുമരകം റോഡ് പൂർത്തിയാക്കിയ സാഹചര്യത്തിൽ പ്രവർത്തിയുടെ ബിൽ നല്കാനും സ്പിൽ ഓവർ വർക്കുകൾക്കുമായി കൂടുതൽ തുക ആവശ്യമായതിനാൽ ശീർഷകത്തിൽ 7 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സ്വീകരിച്ച നടപടി

ശുപാർശ ചെയ്ത തുക ലഭിച്ചു. പദ്ധതി പൂർണ്ണമായും നടപ്പിലാക്കി.

ശുപാർശ

വിനോദസഞ്ചാരികൾക്ക് താമസത്തിനുതകുംവിധം ഗസ്റ്റ് ഹൗസുകൾ ആധുനിക രീതിയിൽ നവീകരിക്കുന്നതിന് ഇപ്പോൾ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 7 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

സ്വീകരിച്ച നടപടി

ശുപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല.

ശുപാർശ

എറണാകുളം ജില്ലയിലെ പറവൂർ, തൃശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ, ചേന്ദമംഗലം എന്നീ സ്ഥലങ്ങളിലെ ചരിത്രസ്മാരകങ്ങളെ ബന്ധിപ്പിച്ച് നടപ്പിലാക്കിവരുന്ന മുസിരീസ് പൈതൃക സംരക്ഷണപദ്ധതിക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സ്വീകരിച്ച നടപടി

ശുപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല.

ശുപാർശ

കണ്ണൂർ ജില്ലയിലെ തലശ്ശേരിയിലും പരിസര പ്രദേശങ്ങളിലുമായി വ്യാപിച്ചു കിടക്കുന്ന പൈതൃക ശേഷിപ്പുകളെ നവീകരിച്ച് ടൂറിസം ആകർഷകമാക്കുന്നതിനുള്ള നവീന പദ്ധതിയായ തലശ്ശേരി പൈതൃക സംരക്ഷണപദ്ധതിക്ക് 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

സ്വീകരിച്ച നടപടി

231.4 ലക്ഷം രൂപ Re-appropriation അനുവദിച്ചു [G.O. (Rt.) 3172/12/Fin. dtd. 31-3-2012 പ്രകാരം].

ശുപാർശ

കിറ്റ്സിന്റെ അക്കാഡമിക് മന്ദിര നവീകരണത്തിന് 50 ലക്ഷം രൂപയും നിലവിലുള്ള റസിഡൻസി ബിൽഡിംഗ് സംരക്ഷിക്കുന്നതിന് ഒരു കോടി രൂപയും ലേഡീസ് ഹോസ്റ്റൽ നിർമ്മാണത്തിന് 2 കോടി രൂപയും എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് സെന്ററിനായി 10 ലക്ഷം രൂപയും, റിസർച്ച് സ്റ്റഡിക്കായി 25 ലക്ഷം രൂപയും മറ്റ് റിസർച്ച് പദ്ധതികൾക്കായി 5 ലക്ഷം രൂപയും കമ്പ്യൂട്ടർവൽക്കരണത്തിനും എം.ഫിൽ കോഴ്സ് തുടങ്ങുന്നതിനും സ്റ്റഡി സെന്റർ ഡവലപ്പ്മെന്റിനും വേണ്ടി 10 ലക്ഷം രൂപ വീതവും അധിക ചെലവ് പ്രതീക്ഷിക്കുന്നു. പ്രസ്തുത പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഈ ശീർഷകത്തിൽ 4 കോടി 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

സ്വീകരിച്ച നടപടി

അധിക തുക ആവശ്യപ്പെട്ടിട്ടില്ല.

ശുപാർശ

ഓരോ ജില്ലയിലേയും ടൂറിസം കേന്ദ്രങ്ങളെയും അവയുടെ ടൂറിസം സാധ്യതകളെക്കുറിച്ചും പ്രത്യേകം സർവ്വേകളും പഠനങ്ങളും നടത്തി ടൂറിസം മേഖലയുടെ വികസനത്തിനുളള നിരവധി പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുളള തുക വളരെ പരിമിതമാണ്. ആയതിനാൽ ഈ തുക 50 ലക്ഷമായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സ്വീകരിച്ച നടപടി

ശുപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല.

ശുപാർശ

കേരളാ ടൂറിസത്തിന്റെ പ്രചരണ പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന്റെ ഭാഗമായി അന്തർദ്ദേശീയ മേളകളിൽ പങ്കെടുക്കുന്നതിനും റോഡ് ഷോകൾ സംഘടിപ്പിക്കുന്നതിനും, അന്തർദ്ദേശീയ മാധ്യമങ്ങളിൽ പരസ്യം ചെയ്യുന്നതിനും, സി.ഡി.കൾ, ബ്രോഷറുകൾ എന്നിവ തയ്യാറാക്കുന്നതിനും ഇപ്പോൾ അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. കൂടാതെ സ്പിൽ ഓവർ വർക്കുകൾക്ക് തുകകൾ കൊടുക്കേണ്ടതും അനിവാര്യമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 25 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സ്വീകരിച്ച നടപടി

500 ലക്ഷം രൂപ G.O. (Rt.) 1444/12/Fin. dated 17-2-2012 പ്രകാരം Additional authorization അനുവദിച്ചതുകൂടാതെ 68.87 ലക്ഷം രൂപ Re-appropriation അനുവദിച്ചു. അങ്ങനെ 568.87 ലക്ഷം രൂപ അധികമായി ലഭിച്ചു.

ശുപാർശ

3452-80-800-90(29)—വിനോദസഞ്ചാര കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

ഈ ശീർഷകത്തിൽ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പശ്ചാത്തല സൗകര്യമൊരുക്കലിനും മെച്ചപ്പെടുത്തലുകൾക്കുമായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 7 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സ്വീകരിച്ച നടപടി

അധിക തുക ആവശ്യപ്പെട്ടിട്ടില്ല.

ശുപാർശ

3452-80-001—ഭരണവും നടത്തിപ്പും, 99—ഭരണം, (04)—യാത്രാബത്ത

ഈ ശീർഷകത്തിൽ യാത്രാച്ചെലവിനായി ഉൾപ്പെടുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 3.5 ലക്ഷം രൂപയായി ഉയർത്താൻ സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

സ്വീകരിച്ച നടപടി

G.O. (Rt.) 4092/12/Fin dated 31-3-2012 പ്രകാരം 2 ലക്ഷം രൂപ Additional authorization അനുവദിച്ചിട്ടുണ്ട്. കൂടാതെ 1.65 ലക്ഷം Re-appropriation അനുവദിച്ചു [G.O. (Rt.) 3036/12/Fin. dated 31-3-2012]. അങ്ങനെ ആകെ 3.65 ലക്ഷം രൂപ അധികമായി അനുവദിച്ചു. ഇവയെല്ലാം 2011-12 സാമ്പത്തികവർഷം തന്നെ റഗുലറൈസ് ചെയ്തിട്ടുണ്ട്.

ശുപാർശ

വിശിഷ്ടാതിഥികൾ, സർക്കാരിന്റെ മറ്റ് അതിഥികൾ എന്നിവരുടെ സന്ദർശനം പ്രമാണിച്ച് താമസം, ഭക്ഷണം, വാഹനം എന്നിവയ്ക്കുള്ള ചെലവുകളും മറ്റ് ഓഫീസ് അത്യാവശ്യ ചെലവുകളും ഈ ശീർഷകത്തിൽ നിന്നാണ് വഹിക്കുന്നത്. ഈയിനത്തിൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

സ്വീകരിച്ച നടപടി

2011-12-ൽ ആകെ 67,89,000 അധികമായി ചെലവഴിക്കുകയും അത് G.O. (Rt.) 4092/12/Fin. dated 31-3-2012 വഴി റഗുലറൈസ് ചെയ്തിട്ടുമുണ്ട്.

ശുപാർശ

ഭക്ഷണ സാധന സാമഗ്രികൾ വാങ്ങുന്നതിനായി വകകൊള്ളിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ, ഈ ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതം 25 ലക്ഷം രൂപയായി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

സ്വീകരിച്ച നടപടി

2011-12-ൽ ആകെ 14,97,000 അധികമായി ചെലവഴിക്കുകയും അത് G.O. (Rt.) 4092/12/Fin. dated 31-3-2012 വഴി റഗുലറൈസ് ചെയ്തിട്ടുമുണ്ട്.

ശുപാർശ

പരസ്യം, പ്രചാരണം എന്ന ശീർഷകത്തിൽ നിന്നാണ് ഓണാഘോഷത്തിനുള്ള ചെലവ് വഹിക്കുന്നത്. ഈ തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ ഈയിനത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

സ്വീകരിച്ച നടപടി

ഈ തുക പൂർണ്ണമായും ചെലവഴിച്ചു.

## 7-12-2010-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധികവിവരം കണ്ടൽക്കാടുകളുടെ സംരക്ഷണം സംബന്ധിച്ച ശുപാർശ

കണ്ടൽക്കാടുകൾ ഇന്ന് വംശനാശഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണെന്നും കണ്ടൽക്കാടുകൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത ജനങ്ങളെ ബോദ്ധ്യപ്പെടുത്തുക, കണ്ടൽക്കാടുകളുടെ നശീകരണം നിയമപരമായി തടയുക, കൂടുതൽ സ്ഥലങ്ങളിൽ ഇത് വച്ച് പിടിപ്പിക്കുക എന്നീ കാര്യങ്ങൾക്ക് ശക്തമായ നടപടി സ്വീകരിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. കണ്ടൽക്കാടുകൾ നശിപ്പിക്കുന്നത് തടയാൻ ഫലപ്രദമായ നിയമം നിലവിലില്ലെന്ന് സമിതിക്ക് ബോദ്ധ്യമായി. കുറ്റക്കാർക്കെതിരെ ഫലപ്രദമായ ശിക്ഷാനടപടി സ്വീകരിക്കുന്നതിനാവശ്യമായ നിയമനിർമ്മാണം നടത്തി കണ്ടൽ വനങ്ങളെ സംരക്ഷിക്കുന്നതിന് സർക്കാരിനോട് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സ്വീകരിച്ച നടപടി

കണ്ടൽ വനങ്ങളുടെ സംരക്ഷണത്തിനായി 2010-11 വർഷം കൺസർവേഷൻ ഓഫ് ബയോ ഡൈവേഴ്സിറ്റി (100% പ്ലാൻ സ്കീം) ഫണ്ടിൽ 45 ലക്ഷം രൂപ വകയിരുത്തുകയുണ്ടായി. ഇതിൽ BH: 2406-02-110-68-34(പ്ലാൻ)-ൽ സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയ 40 ലക്ഷം രൂപ കണ്ടൽ ചെടികൾ നട്ടുപിടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനങ്ങൾ (Entry point Activities), റീ ജനറേഷൻ, സ്വകാര്യ കണ്ടൽ ഉടമകൾക്ക് പാരിതോഷികം നൽകൽ, കണ്ടൽക്കാടുകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട ബോധവൽക്കരണ പരിപാടികൾ എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിലേക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുകയുണ്ടായി. (ഇതു സംബന്ധിച്ച വിശദാംശം അനുബന്ധം ഒന്ന് ആയി ചേർക്കുന്നു). അതിൽ കണ്ടൽ വനങ്ങളുടെ സംരക്ഷണത്തിനായി കണ്ടൽവന ഉടമകൾക്ക് 53,500 രൂപയുടെ സാമ്പത്തിക സഹായം നൽകുകയുണ്ടായി. (അനുബന്ധം 2) കണ്ടൽ വനങ്ങൾ വെട്ടി നശിപ്പിക്കുന്നവർക്കെതിരെ കർശന നിയമനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി മലയാറ്റൂർ ഫോറസ്റ്റ് ഡിവിഷനിൽ 6 പേർക്കെതിരെ രജിസ്റ്റർ ചെയ്ത OR കേസുകളുടെ വിശദാംശം അനുബന്ധം 3 ആയി ചേർക്കുന്നു. കൂടാതെ കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിനായി കൊല്ലം, തൃശൂർ, കണ്ണൂർ ജില്ലകൾക്കായി അനുവദിച്ച 3 കോടി രൂപ ഉപയോഗിച്ച് സ്വകാര്യ കണ്ടൽ വനങ്ങൾ ഇ.എഫ്.എൽ. ആക്ടിലെ 4-ാം വകുപ്പ് പ്രകാരം ഏറ്റെടുക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു.

അനുബന്ധം I

| Name of Officer | Amount in Lakhs |
|---|---|
| ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി) എറണാകുളം | 1.34 |
| ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി) കോഴിക്കോട് | 1.33 |
| ഫോറസ്റ്റ് കൺസർവേറ്റർ(സോഷ്യൽ ഫോറസ്ട്രി), കൊല്ലം | 1.33 |
| അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ(സോഷ്യൽ ഫോറസ്ട്രി), കൊല്ലം | 2.65 |
| അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ(സോഷ്യൽ ഫോറസ്ട്രി), ആലപ്പുഴ | 7.15 |
| അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ(സോഷ്യൽ ഫോറസ്ട്രി), എറണാകുളം | 7.65 |
| അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ(സോഷ്യൽ ഫോറസ്ട്രി), തൃശൂർ | 2.4 |
| അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ(സോഷ്യൽ ഫോറസ്ട്രി), മലപ്പുറം | 2.15 |
| അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ(സോഷ്യൽ ഫോറസ്ട്രി), കോഴിക്കോട് | 2.65 |
| അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ(സോഷ്യൽ ഫോറസ്ട്രി), കണ്ണൂർ | 7.9 |
| അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ(സോഷ്യൽ ഫോറസ്ട്രി), കാസർഗോഡ് | 2.65 |
| ആകെ | 39.20 |

അനുബന്ധം II

| ക്രമ നമ്പർ | ഉടമസ്ഥന്റെ പേര് | കണ്ടൽ നിൽക്കുന്ന സ്ഥലം | വിസ്തൃതി | നൽകിയ തുക |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| **കൊല്ലം** | | | | |
| 1 | സി. ജെ. എഡ്വേർഡ്, ചെറുപുഷ്പ വിലാസം, പെരിങ്ങല പി.ഒ. കൊല്ലം | മൺട്രോതുരുത്ത് | 136 ആർ | 5,400 |
| 2 | ഫെലിക്സ് മിറാന്റ, കുമ്പളം | മുളവന, കൊല്ലം | 1 ഹെക്ടർ | 4,000 |
| | | ആകെ | | 9,400 |
| **ആലപ്പുഴ** | | | | |
| 1. | രാജു, സ്രാമ്പിക്കൽ, പള്ളിക്കൽ, പള്ളിത്തോട് പി.ഒ., ചേർത്തല | കുത്തിയതോട്, ചേർത്തല | 100 സെന്റ് | 4,000 |
| 2 | ടൈറ്റസ് ആന്റണി, പരേക്കാട്ടിൽ ഹൗസ് ഏഴുപുന്ന സൗത്ത് പി.ഒ. | കുത്തിയതോട്, ചേർത്തല | 54 സെന്റ് | 750 |
| 3 | മറിയാമ്മ വർഗ്ഗീസ്, സ്വപ്ന നിവാസ് കോടുതുരുത്ത്, കുത്തിയതോട്, ചേർത്തല | കോടതുരുത്ത്, ചേർത്തല | 45 സെന്റ് | 750 |
| 4 | ആന്റണി, പി., കുളത്തും തറ, വയലാർ പി.ഒ., ചേർത്തല | വയലാർ, ചേർത്തല | 35 സെന്റ് | 1,000 |
| 5 | ശാന്തകുമാരി ചന്ദ്രൻ, പുത്തൻതറ, പാറയ്ക്കാട് പി.ഒ., ചേർത്തല | ചേർത്തല | 26 സെന്റ് | 1,000 |
| 6 | എം. എൻ. മൻമദൻ, മുല്ലക്കൽ ഹൗസ്, വയലാർ, ചേർത്തല | വയലാർ, ചേർത്തല | 6 സെന്റ് | 1,500 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 7 | കെ. പി. സിംപ്സൺ,<br>അനുഗ്രഹ,<br>CE XI/472 Veta,<br>ഫോർട്ട് കൊച്ചി | അരൂർ,<br>ചേർത്തല | 15 സെന്റ് | 2,500 |
| 8 | എം. ആർ. അനിൽ കുമാർ<br>നീലിമ, പുതുപ്പള്ളി പി.ഒ.,<br>കായംകുളം | കാർത്തികപ്പള്ളി | | 2,500 |
| | | | ആകെ | 14,000 |
| **കോട്ടയം** | | | | |
| 1 | ടി. എസ്. പവിത്രൻ,<br>തേവരേഴത്ത്, വൈക്കം പി.ഒ.,<br>പനമ്പുകാട് | പനമ്പുകാട് | 20 സെന്റ് | 800 |
| 2 | ദീപാ ബിനു,<br>വടക്കേത്തറ, പനമ്പുകാട് | പനമ്പുകാട് | 10 സെന്റ് | 400 |
| 3 | ദാക്ഷായണി,<br>തിടമ്പുനികത്തിൽ,<br>പനമ്പുകാട്, വൈക്കം പി.ഒ. | പനമ്പുകാട് | 10 സെന്റ് | 400 |
| 4 | പി. ടി. അശോകൻ,<br>ഞാറപുരത്ത്, പനമ്പുകാട്,<br>വൈക്കം പി. ഒ. | പനമ്പുകാട് | 10 സെന്റ് | 400 |
| 5 | ധനപാലൻ,<br>താമരക്കാട്, പനമ്പുകാട്,<br>വൈക്കം പി.ഒ. | പനമ്പുകാട് | 38 സെന്റ് | 1,520 |
| | | | ആകെ | 3,520 |
| **എറണാകുളം** | | | | |
| 1 | വി. പി. റാഫേൽ,<br>S/o പോൾ, വലിയവീട്ടിൽ,<br>പെരിയ കടവ്,<br>കണ്ണമാലി പി.ഒ. | കണ്ണമാലി | 16.590 ആർ | 1,660 |
| | | | ആകെ | 1,660 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| **കണ്ണൂർ** | | | | |
| 1 | പാറയിൽ രാജൻ,<br>പാറയിൽ ഹൗസ്,<br>താവ്, പി.ഒ. ചെറുകുന്ന് | ചെറുകുന്ന് | 2 ഏക്കർ | 8,000 |
| 2 | എം. ജയരാജൻ,<br>പ്രസിഡന്റ്, SEEK, എടാട്ട് | എടാട്ട് | 4 ഏക്കർ | 16,000 |
| 3 | നളിനി, എം.,<br>ചെമ്പരന്റെവിട വീട്,<br>എരുവട്ടി പി.ഒ. | എരുവട്ടി | 23 സെന്റ് | 920 |
| | | | ആകെ | 24,920 |

അനുബന്ധം III

| *Sl. No.* | *O.R. No.* | *Range* | *Locality* | *Extent of destruction* | *Accused* |
|---|---|---|---|---|---|
| 1 | 1/07 | Kodanad | Valanthakkad Island in Ernakulam. | 1 Acre | T.K.Abdul Nazar, Managing Partner, Daram Cybser City, Valanthakkad, Marad |
| 2 | 11/09 | Kodanad | Fisheries College Compound, Panangad | 2 Ha. | Dr. Mohana Kumaran, Deen, Fisheries College, Panangad |
| 3 | 25/09 | Kodanad | Kangankode, Edakochi, 6267 Kanayannur Taluk, Ernakulam | 21 Acre | 1. Secretary, Kerala Cricket Association<br>2. Elenjikkal Jojo<br>3. Tomy Kumblangi. |
| 4 | 3/10 | Kodanad | Puthen Vipe, Ernakulam (Proposed LNG terminal) | 4 Ha. | On enquiry |
| 5 | 28/10 | Kodanad | Kangankode Edakochi, Kanyannur Taluk Ernakulam | 23.5 Acre | Secretary, Kerala Cricket Association |
| 6 | 08/09 | Pariyaram | Pulloth village | | Puthery Jose, S/o Pyli |

## ഭാഗം II

## സ്പെഷ്യൽ റിപ്പോർട്ട്

സമിതിയുടെ 24-1-2012-ലെ യോഗം ജൈവവൈവിദ്ധ്യ സംരക്ഷണം, എക്സ്റ്റൻഷൻ ഫോറസ്ട്രി, സപര്യ, ഡി.എം.സി. എന്നീ പദ്ധതികളെ സംബന്ധിച്ച് ചർച്ച ചെയ്യുകയും ഇതിനെ സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ട് 19-7-2012-ലെ സമിതി യോഗം അംഗീകരിക്കുകയും തുടർന്ന് ഈ റിപ്പോർട്ട് 2012 ജൂലൈ 24-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## വനം-വന്യജീവി വകുപ്പ്

സമിതിയുടെ സൂക്ഷ്മ പരിശോധനകൂടാതെ താഴെപ്പറയുന്ന എസ്. ആർ. ഒ. വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിക്കാനിടയായ സാഹചര്യം സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ വിശദീകരണം സമിതി അംഗീകരിക്കുകയും വിജ്ഞാപനങ്ങൾക്ക് സാധൂകരണം നൽകാൻ തീരുമാനിക്കുകയും ചെയ്തു.

1. കേരള പ്രൊമോഷൻ ഓഫ് ടീ ഗ്രോത്ത് ഇൻ നോൺ ഫോറസ്റ്റ് ഏരിയാസ് റൂൾസ്-2011 (എസ്.ആർ.ഒ. നമ്പർ 786/2011).
2. ദി കേരള ഫോറസ്റ്റ് (റസ്ട്രിക്ഷൻ ഓൺ കട്ടിംഗ് ആന്റ് സെല്ലിംഗ് ഓഫ് സാൻഡൽ ട്രീസ് ആന്റ് ഗ്രാന്റ് ലൈസൻസ് ഫോർ പൊസഷൻ ആന്റ് ട്രാൻസ്പോർട്ട് ഓഫ് സാൻഡൽ വുഡ് ഓയിൽ) റൂൾസ്-2012 (എസ്.ആർ.ഒ. നമ്പർ 278/12)
3. കേരള ഫോറസ്റ്റ് (എസ്റ്റാബ്ലിഷ്മെന്റ് ആന്റ് റഗുലേഷൻസ് ഓഫ് സോമിൽസ് ആന്റ് അദർ വുഡ് ബേസ്ഡ് ഇൻഡസ്ട്രിയൽ യൂണിറ്റ്) റൂൾസ് 2012 (എസ്.ആർ.ഒ. നമ്പർ. 269/2012).

2012-ലെ ഈ റൂൾ അനുസരിച്ച് സോമില്ലുകൾക്കും തടി വ്യവസായ യൂണിറ്റുകൾക്കും വനാതിർത്തിയുടെ 5 കി.മീ. പരിധിക്കുള്ളിൽ ലൈസൻസ് കൊടുക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്ന ഈ നിയമത്തിൽ ആവശ്യമായ തീരുമാനം കൈക്കൊള്ളണമെന്നും നിർദ്ദേശിച്ചു.

4. കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ-എസ്.ആർ.ഒ. നമ്പർ 861/2010, കേരള ഫോറസ്റ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ-എസ്.ആർ.ഒ. നമ്പർ 986/2010, ഫയൽ നമ്പർ 11675/സബ്. സി. എഫ്. 1/2011/ലെജി.

2010-ലെ കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികൾ നിർദ്ദേശിക്കുകയും ചെയ്തു.

ഫോറസ്റ്റ് ഗാർഡ്, റെയ്ഞ്ചർ തസ്തികയിലെ നിയമനങ്ങളിലേക്ക് ഉയരത്തിന്റെയും നെഞ്ചളവിന്റെയും കാര്യത്തിൽ 1962-ലെ കേരള സബോർഡിനേറ്റ് സർവ്വീസ് റൂളിലെ

പഴയരീതി തുടർന്നാൽ മതിയെന്നും എന്നാൽ വിദ്യാഭ്യാസയോഗ്യത പുതിയ റൂളിൽ മാറ്റംവരുത്തിയിട്ടുള്ളത് മതിയെന്നും പുതിയതായി നിയമനം ലഭിക്കുന്നവരുടെ പ്രായപരിധി 28 എന്നത് 30 ആയും, തസ്തിക മാറ്റംവഴി നിയമനം ലഭിക്കുന്നവരുടെ പ്രായപരിധി 40 ആയും ഭേദഗതി വരുത്തണമെന്നും സമിതി നിർദ്ദേശിച്ചു. റൂൾസ് ഭേദഗതി ചെയ്യാൻ സമിതി തീരുമാനിച്ചിരിക്കുന്നതിനാൽ സെലക്ഷൻ നടപടികൾ അടിയന്തിരമായി നിറുത്തിവയ്ക്കാനും സമിതി ആവശ്യപ്പെട്ടു.

എ. പി. അനിൽ കുമാർ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി X.*

തിരുവനന്തപുരം,
2013 ജൂലൈ 3.

അനുബന്ധം

## 18-4-2012-ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X, 2012 ഏപ്രിൽ മാസം 18-ാം തീയതി ബുധനാഴ്ച രാവിലെ 11.30 മണിക്ക് നിയമസഭാ കോംപ്ലക്സിലെ VA കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. കെ. അജിത്, എം.എൽ.എ.
2. ശ്രീ. ബി. ഡി. ദേവസ്സി, എം.എൽ.എ.
3. ശ്രീ. ഹൈബി ഈഡൻ, എം.എൽ.എ.
4. ശ്രീ. ബി. സത്യൻ, എം.എൽ.എ.
5. ശ്രീ. കെ. എം. ഷാജി, എം.എൽ.എ.
6. ശ്രീ. സണ്ണി ജോസഫ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി കെ. ലൈലാബീവി, അഡീഷണൽ സെക്രട്ടറി
2. ശ്രീ. കെ. ഉദയകുമാർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി കെ. രാധാമണി, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. സാജൻ പീറ്റർ, പ്രിൻസിപ്പൽ സെക്രട്ടറി, ഫോറസ്റ്റ് & വൈൽഡ്ലൈഫ് ഡിപ്പാർട്ട്മെന്റ്
2. ശ്രീ. ആർ. രാജരാജവർമ്മ, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ്ലൈഫ്)
3. ശ്രീ. എസ്. പി. സിംഗ്, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (സോഷ്യൽ ഫോറസ്ട്രി)
4. ശ്രീ. വി. ഗോപിനാഥൻ, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (അഡ്മിനിസ്ട്രേഷൻ)
5. ശ്രീ. എൻ. വി. ത്രിവേദി ബാബു, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഇക്കോ ഡെവലപ്മെന്റ് ആന്റ് ട്രൈബൽ വെൽഫെയർ)

6. ശ്രീ. കെ. പി. ഔസേപ്പ്, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഡെവലപ്മെന്റ്)

7. ശ്രീ. എൻ. ഗോപിനാഥൻ, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വിജിലൻസ്)

8. ശ്രീ. പി. എസ്. പ്രദീപ്, അഡീഷണൽ സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ്

9. ശ്രീ. സി. എസ്. യാലാക്കി, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ബയോഡൈവേഴ്സിറ്റി സെൽ)

10. ശ്രീ. മാത്യു എം. പുത്തനങ്ങാടി, അഡീഷണൽ സെക്രട്ടറി, ഫോറസ്റ്റ് ആന്റ് വൈൽഡ്ലൈഫ് ഡിപ്പാർട്ട്മെന്റ്

11. ശ്രീ. ജെ. എൽ. ജസ്റ്റിൻ വിൽസ്, ഡെപ്യൂട്ടി സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ്

12. ശ്രീമതി പി. പി. സജിത, ഡെപ്യൂട്ടി സെക്രട്ടറി, ഫോറസ്റ്റ് ആന്റ് വൈൽഡ് ലൈഫ് ഡിപ്പാർട്ട്മെന്റ്.

സമിതി, 2012-13 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുടെ ഭാഗമായി XXXIV-ാം നമ്പർ (വനവും വന്യജീവിയും) ധനാഭ്യർത്ഥന പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്ന് തെളിവെടുക്കുകയുമുണ്ടായി.

സംസ്ഥാനത്തിന്റെ ഭൂവിസ്തൃതിയുടെ 29% വനമാണ് എന്നും വനംവകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങൾ വനവൽക്കരണം, സാമൂഹ്യവത്കരണ പദ്ധതികൾ നടപ്പിലാക്കൽ, വനസംബന്ധമായ ഗവേഷണം എന്നിവയാണെന്നും 65 ലക്ഷത്തോളം തൊഴിൽദിനങ്ങൾ വനംസംരക്ഷണ വികസന പരിപാലന പ്രവർത്തനങ്ങളിലൂടെ സൃഷ്ടിക്കപ്പെടുന്നുണ്ടെന്നും മൂന്നുലക്ഷത്തോളം പരമ്പരാഗത ഈറ്റ തൊഴിലാളികൾ വനത്തിലൂടെ ഈറ്റ ഉപയോഗിച്ച് തൊഴിലവസരം കണ്ടെത്തി ഉപജീവനം നടത്തുന്നുണ്ടെന്നും വനംവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ആമുഖമായി അറിയിച്ചു. വാഗമണ്ണിൽ ഒരു ഓർക്കിഡ് ഉദ്യാനം, തൃശ്ശൂരിലെ പുത്തൂരിൽ ഒരു സുവോളജിക്കൽ പാർക്ക്, ഇക്കോ ടൂറിസം പ്രോജക്ടുകൾ, കൂടാതെ കോട്ടൂരിലും, കാപ്പുകാട്ടും ആന സംരക്ഷണ കേന്ദ്രങ്ങൾ, തൃശ്ശൂരിൽ വെറ്ററിനറി ഹോസ്പിറ്റൽ, വന ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി ഒരു മൊബൈൽ വനശ്രീ യൂണിറ്റ് ഉൾപ്പെടെ 13 വനശ്രീ ഔട്ട്ലെറ്റുകൾ എന്നിവയും വയനാട് വന്യജീവി സങ്കേതത്തിനകത്ത് താമസിക്കുന്ന കുടുംബങ്ങളിൽ സ്വമേധയാ തയ്യാറാകുന്നവരെ മാറ്റിപ്പാർപ്പിക്കുക, സ്കൂൾ കുട്ടികൾക്ക് സൗജന്യമായി വൃക്ഷത്തൈകൾ കൊടുക്കുക തുടങ്ങിയ പുതിയ പദ്ധതികളും ഈ സാമ്പത്തികവർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

കാസർഗോഡ് ഫോറസ്റ്റ് ഡിവിഷൻ സ്ഥാപിക്കാനുള്ള അംഗീകാരം സർക്കാരിൽ നിന്ന് ലഭിച്ചിട്ടുണ്ടെന്നും വന്യജീവികൾക്ക് കുടിവെള്ളം ഉറപ്പുവരുത്തുന്നതിനായി 50 ചെക്ക് ഡാമുകൾ നിർമ്മിക്കുക, ഒരു ഫോറസ്റ്റ് ഫോറൻസിക് ലബോറട്ടറി സ്ഥാപിക്കുക, ഫോറസ്റ്റ് സ്റ്റേഷനോടനുബന്ധിച്ച് സ്റ്റാഫിന് താമസിക്കുവാനുള്ള സൗകര്യങ്ങൾ ഒരുക്കുക, റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുക തുടങ്ങിയവയാണ് പദ്ധതിയിൽ ഉൾപ്പെടുന്ന പ്രവർത്തനങ്ങളെന്നും അദ്ദേഹം അറിയിച്ചു.

ഈ സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ പദ്ധതി പ്രവർത്തനങ്ങൾക്കായി 145.82 കോടി രൂപയും നോൺ-പ്ലാൻ ഇനത്തിൽ 253.23 കോടി രൂപയുമാണ് വകകൊള്ളിച്ചിട്ടുള്ളതെന്നും ഫണ്ടിന്റെ അപര്യാപ്തത ഒരു പ്രധാന പ്രശ്നമാണെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. കേന്ദ്ര സഹായ പദ്ധതിയനുസരിച്ചുള്ള കേന്ദ്രഫണ്ട് ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതിനാൽ അത് ലഭിക്കുന്നതുവരെ കാത്തുനിൽക്കാതെ 50% സംസ്ഥാനവിഹിതം നേരത്തേതന്നെ ലഭിക്കുകയാണെങ്കിൽ സാമ്പത്തികവർഷത്തെ തേർഡ് ക്വാർട്ടർ ആകുന്നതിനു മുൻപുതന്നെ വളരെയേറെ പ്രവർത്തനപുരോഗതി നേടാൻ കഴിയുമെന്നും ഈ കാര്യം ഫിനാൻസ് വകുപ്പിന്റെ ശ്രദ്ധയിൽ പലപ്രാവശ്യം കൊണ്ടുവന്നിട്ടുള്ളതാണെന്നും ചീഫ് സെക്രട്ടറിയുടെ മീറ്റിംഗിലും ഈ കാര്യം ബോധ്യപ്പെടുത്തിയിട്ടുള്ളതാണെന്നും അദ്ദേഹം അറിയിച്ചു. ആയതിനാൽ കേന്ദ്ര സഹായ പദ്ധതികൾക്കുള്ള 50% സംസ്ഥാന വിഹിതം നേരത്തേ ചെലവഴിക്കുന്നതിനുള്ള അനുവാദം നൽകണമെന്ന് സമിതി ശുപാർശ ചെയ്തു.

മറ്റ് ചില ഡിപ്പാർട്ടുമെന്റുകളിൽ 50% ഫണ്ട് സെൻട്രൽ ഗവൺമെന്റിൽനിന്നും കിട്ടുമെന്ന് ഉറപ്പുവരുത്തിയിട്ടും കിട്ടാതെവന്ന അവസ്ഥ ഉണ്ടായിട്ടുണ്ടെന്നും 50% സെൻട്രലി സ്പോൺസേഡ് സ്കീമിൽ സ്റ്റേറ്റ് ഷെയർ ആദ്യം നൽകുന്നത് പ്രയോജനകരമായിരിക്കുമെന്ന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പറഞ്ഞു. സെൻട്രലി സ്പോൺസേർഡ് സ്കീമിൽ എന്തൊക്കെയാണ് വരുന്നത് എന്ന സമിതിയുടെ ചോദ്യത്തിന് ഇതിൽ 22 പ്രൊട്ടക്ടഡ് ഏരിയകൾ ഉണ്ടെന്നും വൈൽഡ് ലൈഫ് സാങ്ചറീസ്, നാഷണൽ പാർക്ക് തുടങ്ങിയവയാണ് ഇതിൽ ഉൾപ്പെടുന്ന തെന്നും വനം വന്യജീവി വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി. ബഡ്ജറ്റിൽ കൊടുക്കുന്നതിന്റെ 50% സ്റ്റേറ്റ് നൽകുമ്പോൾ ബാക്കിയുള്ള 50%-ത്തിനുള്ള ആന്വൽ പ്ലാൻ ഓഫ് അലോക്കേഷൻ കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുകയും ഓരോന്നോരോന്നായി അംഗീകരിച്ചുതരികയും ചെയ്യുന്നുണ്ടെന്നും വയനാട് വൈൽഡ് ലൈഫ് സാങ്ചറിക്ക് 270 ലക്ഷം രൂപയാണ് ഈ വർഷം അനുവദിച്ചിട്ടുള്ളതെന്നും അതിൽ 135 ലക്ഷം രൂപ സംസ്ഥാന വിഹിതമാണെന്നും ബാക്കിയുള്ളവ കേന്ദ്ര ഗവൺമെന്റിൽനിന്ന് അംഗീകരിച്ചുകിട്ടാൻ കാലതാമസം നേരിടുന്നുണ്ടെന്നും അദ്ദേഹം സമിതിയെ അറിയിച്ചു.

ഏപ്രിൽ, മേയ് മാസങ്ങളിൽ ചെയ്യുന്ന എല്ലാ വർക്കുകൾക്കും ആ മാസങ്ങളിൽ തന്നെ പരമാവധി എ. എസ്. കൊടുക്കണമെന്ന് ഫിനാൻസ് ഡിപ്പാർട്ടുമെന്റിന് നിർദ്ദേശം കൊടുത്തിരിക്കുകയാണെന്നും ചെയർമാൻ അറിയിച്ചു.

2012-13 സാമ്പത്തികവർഷത്തെ XXXIV-ാം നമ്പർ ധനാഭ്യർത്ഥന പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ശുപാർശകൾ സമിതി അംഗീകരിച്ചു:

2406-01-101-94—നശിപ്പിക്കപ്പെട്ട വനങ്ങളുടെ പുനരുദ്ധാരണം

നശിപ്പിക്കപ്പെട്ട വനങ്ങളുടെ പുനരുദ്ധാരണത്തിനു വേണ്ടിയും ക്ഷയോന്മുഖമായ വനപ്രദേശങ്ങളെ സംരക്ഷിക്കുന്നതിനും കൂടാതെ പരിസ്ഥിതിയുമായി ബന്ധപ്പെട്ട അപൂർവ്വങ്ങളായ ചോലവനങ്ങൾ, ചന്ദനം വളരുന്ന സ്ഥലങ്ങൾ, കണ്ടൽക്കാടുകൾ എന്നിവ സംരക്ഷിക്കുന്നതിനുംവേണ്ടി ഈ സാമ്പത്തികവർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 200 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2406-01-800-95—വനസംരക്ഷണം

ഫയർ പ്രൊട്ടക്ഷൻ, സ്റ്റാഫ് ക്വാർട്ടേഴ്സുകളുടെ റിപ്പയർ തുടങ്ങിയ ആവശ്യങ്ങൾക്കായി അനുവദിച്ച തുക 1250 ലക്ഷം രൂപയാണ്. കഴിഞ്ഞവർഷത്തെ കൂലിനിരക്ക് 200 രൂപയിൽനിന്ന് 300 രൂപയായി ഈ വർഷം ഉയർത്തിയിട്ടുള്ളതിനാൽ ഈ ഇനത്തിൽ 80% കൂലിയിനത്തിൽ കൊടുക്കേണ്ടിവരുന്നുവെന്നും ബാക്കി 20% മെറ്റീരിയൽസ് ചെലവ് വരുന്നുണ്ടെന്നും ഇവ പരിഗണിക്കുമ്പോൾ അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ഇനത്തിൽ 300 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

4406-01-105-85—വ്യാവസായിക അസംസ്കൃത വസ്തുക്കൾ

വ്യാവസായിക ആവശ്യത്തിന് ഉപയോഗിക്കുന്ന യൂക്കാലിപ്റ്റസ്, അക്കേഷ്യ, മാഞ്ചിയം എന്നീ മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും കൂടാതെ പുതിയ തോട്ടങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും കേന്ദ്ര നേഴ്സറികളുടെ പരിപാലനത്തിനും നേഴ്സറികളിൽ തൈകൾ ഉൽപ്പാദിപ്പിക്കുന്നതിനുമുള്ള ചെലവിനുംവേണ്ടി ഈ സാമ്പത്തികവർഷം ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുള്ള 550 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു. ഈ സാഹചര്യത്തിൽ 200 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2406-01-800-98—വനങ്ങളെ സംബന്ധിച്ചുള്ള പ്രചരണവും, പരസ്യവും

സ്കൂൾ കുട്ടികൾക്കായുള്ള എന്റെ മരം പദ്ധതി, കോളേജ് കുട്ടികൾക്കുള്ള നമ്മുടെ മരം പദ്ധതി, പഞ്ചായത്തുകളുടെ സഹകരണത്തോടെ നടപ്പാക്കുന്ന ഹരിതകേരളം പദ്ധതി മുതലായ വനവൽക്കരണ പദ്ധതികൾക്കായും ഇതു സംബന്ധിച്ച പബ്ലിസിറ്റിക്കായും വനങ്ങളെ സംബന്ധിച്ചുള്ള പ്രചരണവും പരസ്യവും എന്ന ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. ആയതിനാൽ 450 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

**നോൺ പ്ലാൻ**

(എ) 2405-01-101-88—തേക്ക്/കേരള ഫോറസ്റ്റ് റിവോൾവിംഗ് ഫണ്ടിൽ (തേക്ക്, പൾപ് വുഡ്) നിന്നുള്ള ചെലവ്

(ബി) 2405-01-101-87—പൾപ് വുഡ്/കേരള ഫോറസ്റ്റ് റിവോൾവിംഗ് ഫണ്ടിൽ (തേക്ക്, പൾപ് വുഡ്) നിന്നുള്ള ചെലവ്

വനം വകുപ്പിൽനിന്ന് വിൽക്കുന്ന തേക്കിന്റെ വിലയുടെ 5%-വും പൾപ് വുഡിന്റെ വിലയുടെ 50% ചേർന്നുവരുന്ന തുകകൊണ്ടാണ് കേരള ഫോറസ്റ്റ് റിവോൾവിംഗ് ഫണ്ട് സ്വരൂപിക്കേണ്ടതുണ്ടെന്നും ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ തേക്ക് വുഡിന് അധികമായി 200 ലക്ഷം രൂപയും, പൾപ് വുഡിന് 200 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

തേക്കിന്റെ വിലയുടെ 5% കൊണ്ട് ഫണ്ട് സ്വരൂപിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നതായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. ആയതിനാൽ 5% എന്നത് 10 ശതമാനമായി ഉയർത്തി ആക്ടിൽ ഭേദഗതിവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2406-01-105-94—കന്നുകാലികൾ

വനംവകുപ്പ് വക ആന, മാൻ, മൃഗശാല എന്നിവയുടെ പരിചരണ സംരക്ഷണങ്ങൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 150 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

മൃഗങ്ങളുടെ പരിചരണവും സംരക്ഷണവുമായി നഷ്ടപരിഹാരം നൽകുന്നതിനും, മതിലിനു പകരം വേലികെട്ടുന്നതിനുമുള്ള തുക വകയിരുത്തിയിട്ടുണ്ടെന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് സമിതിയെ അറിയിച്ചു. ഫെൻസിംഗിന്റെ ജോലികളെല്ലാം വനം വികസന കോർപ്പറേഷനെ ഏൽപ്പിക്കാനും, തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്നവരെ ഉപയോഗപ്പെടുത്തി കാടൊക്കെ വെട്ടി തെളിക്കാനും സംവിധാനം ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നതായി ചെയർമാൻ സമിതിയെ അറിയിച്ചു.

2406-01-070-99—റോഡുകളും പാലങ്ങളും

പ്രസ്തുത ശീർഷകത്തിൽ ഈ സാമ്പത്തികവർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ 14 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

വനം മേഖലയിലുള്ള റോഡുകൾ പണിയാൻ വനം വികസന കോർപ്പറേഷന്റെ പ്രത്യേക ഫണ്ടിലേക്ക് പണം നിക്ഷേപിച്ചാൽ PWD മുഖേന അവ നിർമ്മിച്ചു കൊടുക്കുന്നതാണെന്നും പ്രത്യേക ഫണ്ടിലേക്ക് മാറ്റപ്പെടുന്നതുകൊണ്ട് PWD മുഖേന പണിചെയ്യുന്ന റോഡുകൾക്ക് മൂന്ന് മീറ്റർ വീതി ഉണ്ടാകണമെന്നുള്ള പ്രശ്നവും

ഉണ്ടാകുന്നില്ലെന്നും വനംവകുപ്പിന്റെ സാങ്കേതികപിന്തുണ ഇല്ലാത്തതുകൊണ്ടാണ് റോഡുകളുടെ സ്ഥിതി മോശമായിരിക്കുന്നതെന്ന തരത്തിൽ നിയമസഭ കമ്മിറ്റിയിൽ തന്നെ പരാമർശങ്ങൾ ഉണ്ടായിട്ടുണ്ടെന്നും ട്രൈബൽ കോളനികളിലേക്ക് ഒഴികെയുള്ള വനംമേഖലയിലെ റോഡുകൾ വനങ്ങളുടെ പ്രൊട്ടക്ഷനുവേണ്ടി മാത്രമേ നവീകരിക്കാൻ സാധിക്കൂ എന്നും സമിതി വ്യക്തമാക്കി.

എറണാകുളം ജില്ലയിലെ മംഗളവനത്തിൽ ആറായിരത്തോളം പക്ഷികളും അറുപത് ഇനം ചിലന്തികളും ഉള്ളതായി രേഖപ്പെടുത്തിയിരിക്കുന്നുവെന്നും എന്നാൽ ഹൈക്കോടതി കെട്ടിടത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇവയെല്ലാം നശിച്ചുകൊണ്ടിരിക്കുകയാണെന്നും ഹൗസിംഗ് ബോർഡിന്റെ കൺസ്ട്രക്ഷൻകൂടി വരുമ്പോൾ മംഗളവനം പൂർണമായി നശിച്ചുപോകാൻ സാദ്ധ്യതയുണ്ടെന്നും ഇക്കോളജി സെൻസിറ്റീവ് ഏരിയയായോ ബഫർ സോണായോ ആയി ഈ മേഖലയെ പ്രഖ്യാപിച്ചാൽ ഒരു പരിധിവരെ ഇത്തരത്തിലുള്ള നിർമ്മാണപ്രവർത്തനങ്ങൾ ഒഴിവാക്കാൻ സാധിക്കുമെന്നും ഒപ്പം അവിടുത്തെ പഴയ റയിൽവേ സ്റ്റേഷനെ ഹെറിറ്റേജ് സ്റ്റേഷനായി പ്രഖ്യാപിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

ഒരു പ്രൊട്ടക്ടഡ് ഏരിയായുടെ ചുറ്റുവട്ടത്തുള്ള സ്ഥലം ഇക്കോളജിക്കലി സെൻസിറ്റീവ് ആയി പ്രഖ്യാപിക്കാമെന്ന് സുപ്രീം കോടതിതന്നെ പറഞ്ഞിട്ടുണ്ടെന്നും, അതിനുള്ള പ്രൊപ്പോസൽ നൽകാമെന്നും ഒരു കമ്മിറ്റി രൂപീകരിച്ച് അതിന്റെ അനുവാദത്തോടുകൂടി നടപടി സ്വീകരിക്കേണ്ടതുണ്ടെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് സമിതിയെ അറിയിച്ചു.

മംഗള വനത്തിന്റെ സംരക്ഷണത്തിനായി ബന്ധപ്പെട്ട എം.എൽ.എ. അവിടെ ഒരു യോഗംവിളിച്ച് കാര്യങ്ങൾ ചർച്ചചെയ്യണമെന്നും റെയിൽവേയുമായി ബന്ധപ്പെട്ട് ഒരു പഴയ തീവണ്ടി എൻജിൻകൂടി വയ്ക്കുന്നതും നന്നായിരിക്കുമെന്ന് ചെയർമാൻ നിർദ്ദേശിച്ചു.

**നോൺ പ്ലാൻ**

വനംവകുപ്പിലെ ഉദ്യോഗസ്ഥർക്ക് മെഡിക്കൽ റീഇംബേഴ്സ്മെന്റ് നൽകുന്നതിനു വേണ്ടി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ വിവിധ ശീർഷകങ്ങളിൽ താഴെപ്പറയും പ്രകാരം തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു:

2406-01-001-99-01(4)—ഓഫീസ് ഓഫ് ദി ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്— 1.23 ലക്ഷം രൂപ

2406-01-001-98-01(4)—3.00 ലക്ഷം രൂപ

2406-01-001-97-01(4)—0.19 ലക്ഷം രൂപ

2406-01-001-96-01(4)—വിജിലൻസ് ആന്റ് ഇവാല്യുവേഷൻ—0.92 ലക്ഷം രൂപ

2406-01-001-95-01(4)—5.26 ലക്ഷം രൂപ

യാത്രാബത്ത ഇനത്തിൽ വനംവകുപ്പിലെ ഉദ്യോഗസ്ഥർക്ക് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ താഴെപ്പറയും പ്രകാരം അധികതുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു:

2406-01-001-99-04(1)—ഓഫീസ് ഓഫ് ദി ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്—6.74—ലക്ഷം രൂപ

2406-01-001-96-04(1)—വിജിലൻസ് ആന്റ് ഇവാല്യുവേഷൻ—4.00 ലക്ഷം രൂപ

2406-01-001-95-04(1)—ജില്ലാ ഓഫീസുകൾ—6.00 ലക്ഷം രൂപ

**നോൺ പ്ലാൻ**

വിവിധ ശീർഷകങ്ങളിലെ യാത്രാബത്തയിനത്തിൽ അധികം വേണ്ടിവരുന്ന തുകയായ 9.50 ലക്ഷം രൂപ 16.74 ലക്ഷം രൂപയായും നോൺ-പ്ലാൻ ഇനത്തിൽ ഇത് 592.34 ലക്ഷം രൂപയായും തിരുത്തിവായിക്കേണ്ടതാണെന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അറിയിച്ചു.

വനംവകുപ്പിലെ ഫയലുകൾ പെൻഡിംഗ് ആകാതിരിക്കാൻ എല്ലാ ശനിയാഴ്ചകളിലും ഉച്ചവരെ വനംവകുപ്പിന്റെ എല്ലാ ഓഫീസുകളിലും പെൻഡിംഗ് ഫയലുകൾ തീർപ്പാക്കുന്നുണ്ടെന്നും പ്രസ്തുത ഓഫീസുകൾ രണ്ടു മാസത്തിലൊരിക്കൽ ഡി.എഫ്.ഒ. പരിശോധിക്കുകയും മാർക്ക് കണക്കാക്കി ഗുഡ് സർവ്വീസ് എൻട്രി ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്യുന്നുണ്ടെന്ന് ചെയർമാൻ സമിതിയെ അറിയിച്ചു. ഇത്തരത്തിൽ ഒരാഴ്ചയിൽ തീർപ്പാക്കപ്പെടുന്ന ഫയലുകളുടെ എണ്ണം 6000 മുതൽ 7000 വരെയാണ്. കഴിഞ്ഞ 6 മാസത്തിനുള്ളിൽ ഇത്തരത്തിൽ 147000-ത്തോളം ഫയലുകൾ തീർപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും തുടർന്ന് അദ്ദേഹം അറിയിച്ചു.

എറണാകുളത്തെ മംഗളവനം 23-4-2012-ന് തിങ്കളാഴ്ച രാവിലെ 11 മണിക്ക് വിസിറ്റ് ചെയ്യുന്നതിന് ശ്രീ. ഹൈബി ഈഡൻ, എം.എൽ.എ.-യെ ചുമതലപ്പെടുത്തി. ഈ അവസരത്തിൽ ജില്ലാ കളക്ടറെയും റെയിൽവേ ഉദ്യോഗസ്ഥന്മാരെയും ക്ഷണിക്കുന്നതിനും, സന്ദർശനത്തിനുശേഷം ബന്ധപ്പെട്ടവർ ചർച്ചചെയ്ത് എടുക്കുന്ന തീരുമാനങ്ങൾ ഗവൺമെന്റ് നടപ്പാക്കുമെന്നും ചെയർമാൻ സമിതിയെ അറിയിച്ചു.

ഉച്ചയ്ക്കു ശേഷം 12.20-ന് സമിതി യോഗം പിരിഞ്ഞു.

## 2012 ഏപ്രിൽ 24-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X (2011-13) 2012 ഏപ്രിൽ 24-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'V-D' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രിയുമായ ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ എക്സ്-ഒഫീഷ്യോ അംഗമായ പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി ശ്രീ. എ. പി. അനിൽ കുമാറും പ്രത്യേക ക്ഷണിതാവായി ബഹു. സഹകരണ വകുപ്പുമന്ത്രി ശ്രീ. സി. എൻ. ബാലകൃഷ്ണനും സന്നിഹിതരായിരുന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. ബി. ഡി. ദേവസ്സി, എം.എൽ.എ.
2. ,, എസ്. രാജേന്ദ്രൻ, ,,
3. ,, രാജു എബ്രഹാം, ,,
4. ,, ബി. സത്യൻ, ,,
5. ,, കെ. എം. ഷാജി, ,,
6. ,, സണ്ണി ജോസഫ്, ,,

നിയമസഭാ സെക്രട്ടേറിയറ്റ്

ശ്രീ. കെ. ഉദയകുമാർ, ഡെപ്യൂട്ടി സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. ജയിംസ് വർഗ്ഗീസ്, പ്രിൻസിപ്പൽ സെക്രട്ടറി, പരിസ്ഥിതി വകുപ്പ്
2. ശ്രീ. ടി. കെ. മനോജ് കുമാർ, പ്രിൻസിപ്പൽ സെക്രട്ടറി, നോർക്ക ആന്റ് വിനോദസഞ്ചാര വകുപ്പ്
3. ശ്രീമതി റാണി ജോർജ്, ഡയറക്ടർ ടൂറിസം ഡിപ്പാർട്ട്മെന്റ്
4. ശ്രീ. ടി. പി. നാരായണൻ കുട്ടി, ഡയറക്ടർ, ഇക്കോ-ടൂറിസം
5. ശ്രീ. പി. ശ്രീകുമാരൻ നായർ, ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് എൻവയോൺമെന്റ് ആന്റ് ക്ലൈമറ്റ് ചെയ്ഞ്ച്
6. ശ്രീ. ജി. രാജീവ്, അഡീഷണൽ സെക്രട്ടറി, എൻവയോൺമെന്റ് ഡിപ്പാർട്ട്മെന്റ്
7. ശ്രീ. എ. എസ്. ഹരീന്ദ്രൻ, ജോയിന്റ് സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ്
8. ശ്രീ. എ. രാധാകൃഷ്ണൻ, ജോയിന്റ് സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ്
9. ശ്രീ. എൻ. പ്രകാശ്, മാനേജിംഗ് ഡയറക്ടർ, കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ

10. ശ്രീ. എസ്. അനിൽകുമാർ, മാനേജിംഗ് ഡയറക്ടർ, ടൂറിസ്റ്റ് റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ

11. ശ്രീ. ഐ. സി. മഹേഷ്, മാനേജിംഗ് ഡയറക്ടർ, ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ

12. ശ്രീ. ജെ. എൽ. ജസ്റ്റിൻ വിൽസ്, ഡെപ്യൂട്ടി സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ്

13. ശ്രീ. കെ. സജീവൻ, ചെയർമാൻ, കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ്

14. ഡോ. ആർ. വി. വർമ്മ, ചെയർമാൻ, കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡ്

15. ശ്രീമതി പി. മോളിക്കുട്ടി, മെമ്പർ സെക്രട്ടറി, കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ്

16. ഡോ. കെ. പി. ലാലാദാസ്, മെമ്പർ സെക്രട്ടറി, കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡ്

17. ശ്രീ. യു. വി. ജോസ്, അഡീഷണൽ ഡയറക്ടർ, ടൂറിസം ഡിപ്പാർട്ട്മെന്റ്

18. ശ്രീ. കെ. എസ്. രമേഷ് കുമാർ, സെക്രട്ടറി (ഇൻ–ചാർജ്) കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ

19. ശ്രീ. ഇ. ആർ. ജോഷി, അഡ്മിനിസ്ട്രേറ്റീവ് ആഫീസർ, കെ.എച്ച്.എസ്.

20. ശ്രീ. എസ്. സുധീർ ബാബു, ചീഫ് എക്സിക്യൂട്ടീവ് ആഫീസർ, കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ്

21. ശ്രീമതി വി. ടി. ലൗലി, സീനിയർ എക്സിക്യൂട്ടീവ് ആഫീസർ, കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ്.

സമിതി 2012-13 സാമ്പത്തികവർഷത്തെ ബഡ്ജറ്റിലെ സബ്ജക്ട് കമ്മിറ്റി X-ന്റെ പരിധിയിൽ വരുന്ന XVII, XX, XLII എന്നീ ധനാഭ്യർത്ഥനകൾ സംബന്ധിച്ച് സൂക്ഷ്മപരിശോധന നടത്തുകയും, ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്ന് തെളിവെടുപ്പ് നടത്തുകയും അതിന്റെയടിസ്ഥാനത്തിൽ താഴെപ്പറയുന്ന തീരുമാനങ്ങൾ ശുപാർശ ചെയ്യുകയുമുണ്ടായി:

## ധനാഭ്യർത്ഥന നമ്പർ XVII

### പരിസ്ഥിതി വകുപ്പ്

സംസ്ഥാനതല പരിസ്ഥിതി ആഘാതനിർണ്ണയ അതോറിറ്റിയും വിദഗ്ദ്ധ വിലയിരുത്തൽ സമിതിയും ഈ വർഷം രൂപീകരിച്ചിട്ടുണ്ടെന്നും ഇതിന്റെ പ്രവർത്തനങ്ങൾക്കായി ഈ സാമ്പത്തികവർഷം 20 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നും ആയതിലേക്കായി 50 ലക്ഷം രൂപ അനുവദിക്കണമെന്ന് പരിസ്ഥിതിവകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള എല്ലാ പ്രദേശത്തെയും പരിസ്ഥിതിപ്രശ്നങ്ങൾ മനസ്സിലാക്കുന്ന സമിതിയുടെ പ്രവർത്തനങ്ങൾക്കായുള്ള മേഖലാ ഓഫീസ് സ്ഥാപിക്കുന്നത് സംബന്ധിച്ച് മുഖ്യമന്ത്രിയുമായി ആലോചിച്ച് തീരുമാനമെടുക്കാമെന്നും അദ്ദേഹം സമിതിയെ അറിയിച്ചു.

സംസ്ഥാനത്തിലെ സ്കൂളുകളിലും കോളേജുകളിലും സർവ്വകലാശാലകളിലും പ്രവർത്തിക്കുന്ന പരിസ്ഥിതി ക്ലബ്ബുകൾ തമ്മിൽ യൂണിഫോമിറ്റി ഇല്ലാത്ത പ്രവർത്തനങ്ങളാണ് നടത്തുന്നതെന്നും സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് നടത്തുന്ന പ്രോഗ്രാമുകളിൽ യൂണിഫോമിറ്റി ആവശ്യമാണെന്ന് അഭിപ്രായപ്പെടുകയും വനസംരക്ഷണത്തിന് ഇത്തരത്തിലുള്ള പരിസ്ഥിതി ക്ലബ്ബുകളെ ഉൾപ്പെടുത്തി സ്കൗട്ട്, എൻ.സി.സി. പോലുള്ള ഒരു വോളന്റിയർസേന രൂപീകരിക്കാനുള്ള നടപടി വിഭാവന ചെയ്യുന്നുണ്ടെന്ന് ചെയർമാൻ അറിയിച്ചു.

വനത്തിനുള്ളിൽ വച്ചുപിടിപ്പിച്ച യൂക്കാലി മരങ്ങൾ മുറിച്ചുമാറ്റി ചോലമരങ്ങൾ വച്ചുപിടിപ്പിക്കണമെന്നും കൂടാതെ ഗവിയിലേക്ക് പോകുന്നതിന് സന്ദർശകരിൽ നിന്നും അധികതുക ഈടാക്കുന്നത് തടയണമെന്നും അഞ്ചുമണിക്കുശേഷം സന്ദർശകരെ കടത്തിവിടുകയില്ലെന്നുള്ള അറിയിപ്പുൾപ്പെടെയുള്ള മറ്റ് വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് പത്തനംതിട്ടയിൽ ഡാമിലേക്ക് പ്രവേശിക്കുന്നിടത്തുതന്നെ ബോധവൽക്കരണത്തിനായി ബോർഡ് സ്ഥാപിക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

മറ്റുപല രാജ്യങ്ങളിലുമുള്ളതുപോലെ വിദേശികൾക്ക് സിനിമ ഷൂട്ട് ചെയ്യാൻ ടൂറിസം സ്പോട്ടുകൾ നൽകുന്നതു സംബന്ധിച്ച് ആലോചിക്കണമെന്നും പൊന്നമ്പല മേട്ടിൽ പുതിയ താമസസൗകര്യങ്ങൾ ഉണ്ടാക്കുന്നതിനും പഴയ ക്വാർട്ടേഴ്സുകൾ ത്രീ സ്റ്റാർ മോഡലിൽ മോഡേണൈസ് ചെയ്യാനും ഉദ്ദേശിക്കുന്നതായും ചെയർമാൻ അറിയിച്ചു. ശബരിമലയിലെത്തുന്ന തീർത്ഥാടകർക്ക് മലകയറുന്നവഴിക്ക് താമസ സൗകര്യം, കുടിവെള്ളം എന്നിവ ലഭിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കണമെന്നും സമിതി ആവശ്യപ്പെട്ടു.

കൂടാതെ ശബരിമലയിൽ പ്ലാസ്റ്റിക് നീക്കം ചെയ്യുന്നതിന് പരിസ്ഥിതി വകുപ്പ് നടപടി സ്വീകരിക്കണമെന്നും അതിനായി ഫണ്ട് കണ്ടെത്തി മെഷീൻ വാങ്ങി പ്ലാസ്റ്റിക് ഷട്ടറിംഗ് ചെയ്ത് മാറ്റാനുള്ള സ്ഥിരം സംവിധാനമുണ്ടാക്കണമെന്നും സമിതി നിർദ്ദേശിച്ചു. അതിരപ്പിള്ളിയിൽ ടൂറിസം വകുപ്പിന്റെ സഹകരണത്തോടുകൂടി വെള്ളച്ചാട്ടത്തെ കേന്ദ്രീകരിച്ച് സ്പോട്ട് ലൈറ്റ്, കൂടാതെ B.S.N.L.-ന്റെ മൊബൈൽ ടവർ എന്നിവ സ്ഥാപിക്കണമെന്നും ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ നടപ്പിലാക്കിയ രീതിയിൽ മാലിന്യസംസ്കരണത്തിനായി സംവിധാനം ഉണ്ടാക്കണമെന്നും സ്ഥാപിക്കപ്പെടുന്ന പ്ലാന്റുകളിൽ 90%-വും പരാജയപ്പെടുന്നതിനെ സംബന്ധിച്ച് അന്വേഷണം നടത്തണമെന്നും സമിതി ആവശ്യപ്പെട്ടു.

സംസ്ഥാനതല പരിസ്ഥിതി ആഘാതനിർണ്ണയ അതോറിറ്റിയുടെയും വിദഗ്ദ്ധ വിലയിരുത്തൽ സമിതിയുടെയും പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക അപര്യാപ്ത മാണെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടതിനാൽ പരിസ്ഥിതി വകുപ്പുമായി ബന്ധപ്പെട്ട 3435-04-104-99 എന്ന ഹെഡ്ഡിൽ 20 ലക്ഷം രൂപയെന്നത് 50 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

5425-00-208-98—നദികൾക്കായുള്ള കർമ്മ പരിപാടി (RIDF)

ഈ ഇനത്തിൽ 100 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ടെന്നും RIDF-ൽ ഇപ്പോൾ പരിസ്ഥിതി വകുപ്പിന് പദ്ധതികളൊന്നും ഇല്ലാത്തതിനാൽ ഈ തുക റിവർ ആക്ഷൻ പ്ലാന്റിനുവേണ്ടി സ്റ്റേറ്റ് ഹെഡ്ഡിലേക്ക് മാറ്റി അനുവദിച്ചുനൽകണമെന്നും പരിസ്ഥിതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയോട് അഭ്യർത്ഥിച്ചു. പമ്പയ്ക്കു മാത്രമാണോ റിവർ ആക്ഷൻ പ്ലാൻ ഉള്ളത് എന്നും RIDF-ൽ കുട്ടനാട്ടിലെ അഞ്ച് നദികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും അനുവദിച്ചിട്ടുള്ള തുക സ്റ്റേറ്റ് ഹെഡ്ഡിൽ ഉൾപ്പെടുത്തുക യാണെങ്കിൽ പമ്പാ നദിക്കുവേണ്ടിയും തുക വകകൊള്ളിക്കാൻ സാധിക്കുമെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. ആർ.ഐ.ഡി.എഫ്. പൊതുവായ ഒരു കൺസെപ്റ്റ് അസറ്റ് ക്രിയേഷനാണെന്നും റിവർ മാനേജ്മെന്റൽ പഠനങ്ങളാണ് വരുന്നതെന്നും ആയതിനാൽ പരിസ്ഥിതിയുടെ ഐറ്റംസ് ഇതിൽ വരുന്നില്ലായെന്നും ഇതിനായി അധിക തുക ആവശ്യമില്ലെന്നും സ്റ്റേറ്റ് ഹെഡ്ഡിൽ ഉൾപ്പെടുത്തി നൽകണമെന്നും പരിസ്ഥിതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

നദീജല പദ്ധതിയിൽപ്പെടുത്തി അറവുശാലകൾ നിർമ്മിക്കുന്നത് എങ്ങനെയെന്ന് സമിതി ആരാഞ്ഞതിന്, അറവുശാലകളിൽ നിന്നുള്ള മാലിന്യങ്ങൾ നദികളിലേക്ക് വലിച്ചെറിയുന്നതുമുഖാന്തിരം നദീജലം മലിനമാകുന്നുണ്ടെന്നും ആയത് തടയുന്നതി നായി അറവുശാലകളിലെ മാലിന്യം അവിടെത്തന്നെ സംസ്കരിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുന്നുണ്ടെന്നും വേസ്റ്റ് സംസ്കരിക്കുന്നതിനുള്ള സംവിധാനമുള്ള അറവുശാലകൾക്ക് മാത്രമേ ലൈസൻസ് നൽകാൻ പാടുള്ളൂ എന്ന് സമിതി നിർദ്ദേശിച്ചു. ഒരു പഞ്ചായത്തിൽ ഒരു അറവുശാലവീതം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. RIDF-ന് അനുവദിച്ച തുകയായ 100 ലക്ഷം രൂപ സ്റ്റേറ്റ് ഹെഡ്ഡിലേക്ക് മാറ്റുന്നതിനും സമിതി ശുപാർശ ചെയ്തു.

## ധനാഭ്യർത്ഥന—XX

### കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

സംസ്ഥാനത്തെ മുഴുവൻ ബയോമെഡിക്കൽ മാലിന്യവും സംസ്കരിക്കുന്നതി നായി ഒരു പ്ലാന്റ് മാത്രമേ ഉള്ളൂവെന്നും കേന്ദ്രസർക്കാരിൽ നിന്ന് മാലിന്യ സംസ്കരണ സംവിധാനങ്ങൾക്കുള്ള സബ്സിഡി പ്രകാരം 25 ലക്ഷം രൂപ ലഭിക്കുമെന്നും ഇത്തരത്തിലുള്ള പൊതു മാലിന്യസംസ്കരണ സംവിധാനങ്ങൾ

നടപ്പിൽവരുത്തേണ്ടതുണ്ടെന്നും അതിനായി സംസ്ഥാന സർക്കാർ 25 ലക്ഷം രൂപ സഹായം നൽകി ഈ പദ്ധതിയെ PPP പദ്ധതികളിലൂടെ നടപ്പിലാക്കേണ്ടതിനായും സംസ്ഥാന സർക്കാർ മാച്ചിംഗ് കോൺട്രിബ്യൂഷനായി ഒരു പദ്ധതിക്ക് 25 ലക്ഷം രൂപ വീതം അധികമായി 75 ലക്ഷം രൂപയും രണ്ട് പൊതു പദ്ധതികൾക്കായി 175 ലക്ഷം രൂപയും അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

**ബോർഡ് ഓഫീസുകൾക്കായി സൗജന്യമായി സ്ഥലവും കെട്ടിടവും**

ബോർഡിന്റെ ഓഫീസ്, ദക്ഷിണ മേഖലാ ഓഫീസ്, തിരുവനന്തപുരം ജില്ലാ ഓഫീസ്, പരിശീലന വിഭാഗം, ഗവേഷണ-വികസന വിഭാഗം എന്നിവയ്ക്ക് സ്വന്തമായി കെട്ടിടം ഇല്ലാത്തതിനാൽ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ മിക്ക ഓഫീസുകളും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നും, വാടകയിനത്തിൽ രണ്ടരലക്ഷത്തോളം രൂപ ബോർഡിന് ചെലവാകുന്നുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. അടിസ്ഥാന സൗകര്യവികസനത്തിനായി ആവശ്യമായ ഫണ്ടില്ലെന്നും സ്വന്തമായി സ്ഥലവും കെട്ടിടവും വാങ്ങുന്നതിന് അനുവദിച്ച തുക അപര്യാപ്തമാണെന്നും സമിതിക്ക് ബോദ്ധ്യപ്പെട്ടതിനാൽ 50 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

ഗാർഹിക മാലിന്യങ്ങൾ നിക്ഷേപിക്കുന്നതുമൂലം തിരുവനന്തപുരത്തെ ആമയിഴഞ്ഞാൻതോട്, പാർവ്വതീപുത്തനാർ ഉൾപ്പെടെയുള്ള നദികളും കനാലുകളും തോടുകളും മലിനീകരിക്കപ്പെട്ടുകിടക്കുകയാണെന്നും ആയത് ശുദ്ധീകരിക്കേണ്ട തുണ്ടെന്നും ജലാശയങ്ങളുടെ സമീപപ്രദേശങ്ങളിൽ ഒരു ശുചിത്വ സർവ്വേ നടത്തി സമീപപ്രദേശങ്ങളിലെ ഓരോ വീടുകകളിലും സന്ദർശിച്ച് അവിടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത വിലയിരുത്തി അവർക്ക് സബ്സിഡി നൽകി മലിനീകരണം തടയുന്നതിനുള്ള സർവ്വേ നടത്തുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ടെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. കെ.എസ്.യു.ഡി.പി.യുടെ ഭാഗമായി തിരുവനന്തപുരത്ത് മുട്ടത്തറയിൽ സ്ഥാപിക്കുന്ന സ്വീവേജ് പ്ലാന്റിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണെന്നും ഒരു മാസത്തിനകം അത് പ്രവർത്തനക്ഷമ മാകുമെന്നാണ് പ്രതീക്ഷിക്കുന്നുതെന്നും അദ്ദേഹം സമിതിയെ അറിയിച്ചു. ശുദ്ധീകരണ പ്രവർത്തനങ്ങൾക്കും തുടർപ്രവർത്തനങ്ങൾക്കായും നല്ലൊരു തുക ആവശ്യമാണെന്ന് സമിതി ബോദ്ധ്യപ്പെടുകയും ആയതിലേക്ക് 30 ലക്ഷം രൂപ അനുവദിക്കണമെന്നും ശുപാർശ ചെയ്യുകയും ചെയ്തു.

## ധനാഭ്യർത്ഥന—XLII

**വിനോദസഞ്ചാരം**

വിനോദസഞ്ചാരത്തിനായി കഴിഞ്ഞവർഷം അനുവദിച്ച 182.6 കോടി രൂപയുടെ 84%-വും ചെലവഴിച്ചതായും ഈ സാമ്പത്തികവർഷം 171.91 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതായും നോർക്ക ആന്റ് ടൂറിസം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

5452-01-190-99—<u>കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ</u>

കെ.ടി.ഡി.സി.-യുടെ പ്രോജക്ടുകൾക്ക് ആവശ്യമായ ഭൂമി ലഭിച്ചിട്ടുണ്ടെന്നും മുഴുപ്പിലങ്ങാട് ബീച്ച് റിസോർട്ടിനുള്ള ഭൂമി ഏറ്റെടുത്തിട്ടുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. K.T.D.C.-യുടെ കീഴിൽ ആരംഭിക്കുന്ന പുതിയ പദ്ധതികൾക്കായി അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു. ആയതിനാൽ പ്രീമിയം ഹോട്ടൽ, ആലപ്പുഴയിലെ പുതിയ ഹോട്ടൽ, കൊച്ചി ഷോപ്പിംഗ് കോംപ്ലക്സിന്റെ വികസനം, മുഴുപ്പിലങ്ങാട് ബീച്ച് റിസോർട്ട്, ബേക്കൽ ബീച്ച് റിസോർട്ട്, നിലവിലുള്ള യൂണിറ്റുകളുടെ വികസനം, പുനരുദ്ധാരണം തുടങ്ങിയ പുതിയ പദ്ധതികൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5452-01-190-98—<u>ടൂറിസ്റ്റ് റിസോർട്ട് (കേരള) ലിമിറ്റഡ്</u>

ടൂറിസ്റ്റ് റിസോർട്ട് (കേരള) ലിമിറ്റഡ് എന്നത് കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് എന്നാക്കി മാറ്റുന്നതിനോടൊപ്പം പൊതു സ്വകാര്യ പങ്കാളിത്ത സൗകര്യവികസന പദ്ധതികൾക്കും സംയുക്ത മേഖലയിൽ പുതിയ ടൂറിസം ഉൽപ്പന്നങ്ങളുടെ വികസനത്തിനും ടൂറിസ്റ്റ് ഫെസിലിറ്റി സെന്റർ എന്നീ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതായും ടൂറിസം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത പദ്ധതികൾക്കായി 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5452-01-190-96—<u>ബേക്കൽ റിസോർട്ട് ഡവലപ്പ്മെന്റ് കോർപ്പറേഷൻ</u>

ബേക്കലിൽ ഒരു എയർ സ്ട്രിപ്പിന് ഒരു പദ്ധതി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും അതിനായി സ്ഥലം ലഭിച്ചിട്ടുണ്ടെന്നും 20 ഏക്കർ സ്ഥലം ആവശ്യമുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. എല്ലാ ജില്ലകളിലും ഓരോ എയർ സ്ട്രിപ്പുണ്ടാക്കി കൊടുക്കുന്നതിന് ബഡ്ജറ്റിൽ പദ്ധതിയുണ്ടെന്നും വിശദമായ പഠനം നടത്തി സ്ഥലമെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും ബഡ്ജറ്റിൽ അതിനുള്ള തുക ലഭ്യമാക്കുമെന്നും ഇക്കാര്യം ടൂറിസം വകുപ്പുമായി ആലോചിച്ച് തീരുമാനിക്കുന്നുതാണെന്നും ചെയർമാൻ അറിയിച്ചു.

ഫോറസ്റ്റ് ടൂറിസത്തിന്റെ ഭാഗമായി വനം വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ ഫോട്ടോകളും വിവരണങ്ങളും എടുത്ത് പ്രൊഫഷണലായ ഒരു ബ്രോഷർ തയ്യാറാക്കി അത് ടൂറിസവുമായി ക്ലബ്ബ് ചെയ്ത് ഗവി ഉൾപ്പെടെയുള്ള ടൂറിസം സ്പോർട്ടുകളിലേക്ക് റിസർവേഷൻ ഉൾപ്പെടെ ടൂറിസത്തിന്റെ സൈറ്റുമായി ലിങ്ക് ചെയ്തുകൊണ്ട് ടൂർ ഓപ്പറേറ്റേഴ്സുമായി കോ-ഓർഡിനേഷൻ ഉണ്ടാക്കാനാണ് ലക്ഷ്യമിടുന്നതെന്നും ഇന്റർനെറ്റുവഴി ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് ബോട്ടിംഗിനുള്ള ടിക്കറ്റ് വനംവകുപ്പിൽ നേരിട്ട് ബുക്ക് ചെയ്യുന്നതിനുള്ള സംവിധാനമുണ്ടാക്കുന്നതിനായി കമ്പ്യൂട്ടറൈസേഷൻ നടന്നുകൊണ്ടിരിക്കുകയാണെന്നും ചെയർമാൻ സമിതിയെ അറിയിച്ചു.

ബി.ആർ.ഡി.സി.-ക്ക് സ്വന്തം ഓഫീസും ഗസ്റ്റ് ഹൗസും ബേക്കൽ എയർ സ്ട്രിപ്പും കൾച്ചറൽ സെന്റർ ബീച്ചുകളുടെ വികസനം, റിസോർട്ട് സൈറ്റുകളുടെ അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ പദ്ധതികളുടെ നടത്തിപ്പിനായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5452-01-800-84—മുസിരീസ് പൈതൃക സംരക്ഷണ പദ്ധതി

എറണാകുളം ജില്ലയിലെ പറവൂർ, തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ, ചേരമംഗലം എന്നീ സ്ഥലങ്ങളിലെ ചരിത്രസ്മാരകങ്ങളെ ബന്ധിപ്പിച്ച് കേരള ചരിത്രത്തിന്റെ പരിശ്ച്ഛേദം സന്ദർശകർക്ക് പകർന്നുകൊടുക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കി വരുന്ന മുസിരീസ് പൈതൃക സംരക്ഷണ പദ്ധതിക്ക് 7 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഈ തുക അപര്യാപ്തമായതിനാൽ 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5452-01-800-83—തലശ്ശേരി പൈതൃക സംരക്ഷണ പദ്ധതി

കണ്ണൂർ ജില്ലയിലെ തലശ്ശേരിയിലും പരിസരപ്രദേശങ്ങളിലുമായി വ്യാപിച്ചു കിടക്കുന്ന പൈതൃകശേഷിപ്പുകളെ നവീകരിച്ച് ടൂറിസം ആകർഷകമാക്കുന്നതിനുള്ള തലശ്ശേരി പൈതൃക സംരക്ഷണ പദ്ധതിയിൽ അനുവദിച്ച തുക അപര്യാപ്ത മായതിനാൽ 20 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

5452-80-104-98—കേരള ടൂറിസം—പ്രോത്സാഹനവും വിപണനവും

ഇൻഡ്യയിലെ വിനോദസഞ്ചാരമേഖലയിലെ മുൻനിരസ്ഥാനം നിലനിർത്തു ന്നതിനായി കേരള ടൂറിസം ഒട്ടനവധി നൂതന വിനോദസഞ്ചാര ഉൽപ്പന്നങ്ങളും പുതിയ മാർക്കറ്റുകളും ലക്ഷ്യമിട്ട് വിപണനതന്ത്രങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുവെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അറിയിച്ചു. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും രാജ്യങ്ങളിൽ നിന്നും ശക്തമായ മൽസരം ഈ രംഗത്ത് അനുഭവപ്പെടുന്നതിനാലും പുതിയ വിപണനതന്ത്രങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനും ഈ രംഗത്ത് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 20 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

പുതിയ ടൂറിസം മേഖലകളെ സെലക്ട് ചെയ്യുമ്പോൾ അവിടെയുള്ള പ്ലാസ്റ്റിക്കും മാലിന്യങ്ങളും നീക്കം ചെയ്യാൻ നടപടി സ്വീകരിക്കണമെന്നും എല്ലാ ടൂറിസ്റ്റ് പ്രദേശങ്ങളിലും ക്ലാസ് ടോയ്‌ലറ്റുകൾ നിർമ്മിച്ച് അവയുടെ ശരിയായ അറ്റകുറ്റ പണികൾ നടത്തുന്നതിനായി പ്രത്യേകം ഹൗസ്കീപ്പിംഗ് ഏജൻസികളെ കോൺട്രാക്ട് വ്യവസ്ഥയിൽ ഏർപ്പാടാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

3452-80-800-90(29)

5452-01-800-87—വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പശ്ചാത്തല സൗകര്യമൊരുക്കലും മെച്ചപ്പെടുത്തലും

വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പശ്ചാത്തല സൗകര്യമൊരുക്കലിനും മെച്ചപ്പെടുത്തലുകൾക്കും ഗസ്റ്റ് ഹൗസുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യ

വികസനത്തിനുമായി 53 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. എല്ലാ ജില്ലകളിലും പദ്ധതി നടപ്പിലാക്കുന്നതിന് ഈ തുക അപര്യാപ്തമായതിനാൽ 20 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

3452-80-104-99—പൈതൃകം, പരിസ്ഥിതി സംസ്കാരം എന്നിവയുടെ സംരക്ഷണവും നിലനിർത്തലും പ്രോൽസാഹനവും

കേരളത്തിന്റെ പൈതൃകവും സംസ്കാരവും സംരക്ഷിക്കുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനും ഊന്നൽനൽകുന്നതിനുമുള്ള പരിപാടികൾക്കും മേളകൾക്കുമായി ഉദ്ദേശിച്ചുള്ള ഈ പദ്ധതിക്ക് 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

3452-80-800-97—വിനോദസഞ്ചാര സ്ഥാപനങ്ങളുടെ ആധുനികവൽക്കരണവും ശക്തിപ്പെടുത്തലും

14 ജില്ലകളിലെയും ഓഫീസുകളും വിവിധ ടൂറിസ്റ്റ് സെന്ററുകളുടെ ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററുകളും മറ്റും ആധുനികവൽക്കരിക്കുന്നതിന് ഒരു കോടി രൂപ അധികമായി അനുവദിക്കുവാൻ സമിതി ശുപാർശ ചെയ്തു.

**പദ്ധതിയേതര ചെലവുകൾ**

3452-80-001-97—വിനോദസഞ്ചാര വകുപ്പ്—റീജിയണൽ ജോയിന്റ് ഡയറക്ടറുടെ ഓഫീസ്

കോഴിക്കോട്, എറണാകുളം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന റീജിയണൽ ജോയിന്റ് ഡയറക്ടറുടെ ഓഫീസുകളിൽ സാധനസാമഗ്രികൾ എന്ന കണക്കിനത്തിൽ 1,000 രൂപ എന്നത് 1 ലക്ഷം രൂപയായി ഉയർത്തുവാൻ സമിതി ശുപാർശ ചെയ്തു.

3452-80-001-95—ഗസ്റ്റ് ഹൗസുകളും യാത്രീ നിവാസുകളും ടൂറിസ്റ്റ് ലോഡ്ജുകളും

തിരുവനന്തപുരം ഗസ്റ്റ് ഹൗസിൽ ഭക്ഷണം തയ്യാറാക്കുന്നതിനാവശ്യമായ സാധനങ്ങൾ വാങ്ങുന്നതിനുള്ള ചെലവുകൾ ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 25 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

3452-80-104-98—ടൂറിസ്റ്റ് പ്രചാരണം

ഓണാഘോഷത്തിന് പരസ്യം, പ്രചാരണം എന്നിവയ്ക്കുള്ള ചെലവുകൾ എന്ന ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പ്രസ്തുത ഹെഡ്ഡിൽ 50 ലക്ഷം രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

3452-80-800-51—കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ

ഗ്രാന്റ് ഷോപ്പിംഗുമായി ബന്ധപ്പെട്ട ചെലവുകൾക്ക്, ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

പല ടൂറിസ്റ്റ് കേന്ദ്രങ്ങളിലും ഇൻഫർമേഷൻ ഓഫീസുകൾ ശരിയായ രീതിയിൽ പ്രവർത്തിക്കുന്നില്ലായെന്നും വിനോദസഞ്ചാര മേഖലകളിൽ സർക്കാർ നിയന്ത്രണത്തിൽ ഗൈഡുകളെ നിയമിക്കണമെന്നും കേരളത്തിലെ വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വലിയതോതിൽ ചൂഷണം നടക്കുന്നുണ്ടെന്നും ചെയർമാൻ സമിതിയെ അറിയിക്കുകയും ഇതിനെതിരെ കർശനനടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുകയുണ്ടായി.

ടൂറിസ്റ്റുകളെ അവർക്കിഷ്ടമുള്ള പ്രദേശങ്ങളിൽ എത്തിക്കുന്നതിനുള്ള വാഹനങ്ങൾ ഗവൺമെന്റ് തന്നെ ലഭ്യമാക്കിയാൽ ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു. മറ്റ് രാജ്യങ്ങളിൽ ഉള്ളതുപോലെ കണക്ടിവിറ്റി ടൂർ സംവിധാനം നമ്മുടെ സംസ്ഥാനത്ത് ഉണ്ടാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ചെയർമാൻ സമിതിയെ ബോധ്യപ്പെടുത്തി.

പെരുന്തേനരുവി, മണിയാർ തുടങ്ങിയ പ്രോജക്ടുകളെ സംബന്ധിച്ചും ശബരിമല പിൽഗ്രിം സെന്ററിന് ഫണ്ട് കൊടുക്കുന്നതിനെ സംബന്ധിച്ച് സമിതി ആധികാരികമായി ചർച്ച ചെയ്യുകയും ഈ കാര്യങ്ങൾ നടപ്പാക്കാതിരുന്നതിലെ വീഴ്ച സമിതി ടൂറിസം വകുപ്പ് ഡയറക്ടറെ അറിയിക്കുകയും ചെയ്തു. ശബരിമലയിൽ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി ഗസ്റ്റ് ഹൗസ് നിർമ്മിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

പഴശ്ശിയിലേക്കുള്ള റോഡിന്റെ നിർമ്മാണവും ഉദ്യാന നവീകരണവും പഴശ്ശി ഗാർഡന്റെ നിർമ്മാണവും ഉടൻ പൂർത്തിയാക്കുമെന്ന് ടൂറിസം വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

തുമ്പൂർമുഴിയിൽ ബട്ടർഫ്ളൈ പാർക്ക് സ്ഥാപിക്കുന്നതിനും മൂന്നാറിൽ നടന്നിരുന്ന മേളയ്ക്ക് എല്ലാവർഷവും ലഭിക്കുന്ന 5 ലക്ഷം രൂപ 7.50 ലക്ഷം രൂപയായി ഉയർത്തുന്നകാര്യം പരിശോധിക്കാമെന്നും സമിതി തീരുമാനിച്ചു.

ഗുരുവായൂർ ക്ഷേത്രത്തിലെ ആനക്കൊട്ടിൽ നിർമ്മാണത്തിനായി അനുവദിച്ച 46 കോടി രൂപ ചെലവഴിച്ചത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന് മറുപടി ഇതുവരെ ലഭിക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തി. ഈ വിഷയം പരിശോധിക്കാമെന്ന് ടൂറിസം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിക്ക് ഉറപ്പ് നൽകി.

സമിതിയോഗം ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.

## 2012 മേയ് 9-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X, 2012 മേയ് മാസം 9-ാം തീയതി ബുധനാഴ്ച രാവിലെ 11.30-ന് നിയമസഭാ കോംപ്ലക്സിലെ 'VA' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനായ ബഹു. വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. കെ. അജിത്, എം. എൽ. എ.
2. ശ്രീ. ബി. ഡി. ദേവസ്സി, എം. എൽ. എ.
3. ശ്രീ. ഹൈബി ഈഡൻ, എം. എൽ. എ.
4. ശ്രീ. മോൻസ് ജോസഫ്, എം. എൽ. എ.
5. ശ്രീ. എസ്. രാജേന്ദ്രൻ, എം. എൽ. എ.
6. ശ്രീ. രാജു എബ്രഹാം, എം. എൽ. എ.
7. ശ്രീ. ബി. സത്യൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി കെ. ലൈലാബീവി, അഡീഷണൽ സെക്രട്ടറി.
2. ശ്രീമതി കെ. രാധാമണി, അണ്ടർ സെക്രട്ടറി.

സമിതി 2012-2013 സാമ്പത്തികവർഷത്തെ ബഡ്ജറ്റിലെ സബ്ജക്ട് കമ്മിറ്റി X-ന്റെ പരിധിയിൽവരുന്ന ധനാഭ്യർത്ഥന നമ്പർ XXXIV—വനം, XVII—3435 (പരിസ്ഥിതി), XX—190(98) (കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്), XLII—വിനോദസഞ്ചാരം എന്നിവയുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന ഭേദഗതി കളോടെ അംഗീകരിക്കുകയും ചെയ്തു:

കരട് റിപ്പോർട്ടിന്റെ ഏഴാമത്തെ പേജിൽ 17-ാം ഖണ്ഡികയായി "ബോർഡ് ഓഫീസുകൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും" എന്ന ഹെഡ്ഡിലെ ശുപാർശയി ന്മേൽ "ബോർഡിന്റെ മിക്ക ഓഫീസുകളും വാടകകെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഇതിനായി നല്ലൊരു തുക മാസവാടക ഇനത്തിൽ വേണ്ടിവരുന്നുണ്ട്". ആയതിനാൽ "വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ സമീപപ്രദേശങ്ങളിലെ ഒഴിവുള്ള മിനി സിവിൽ സ്റ്റേഷനുകളിലേക്കോ സർക്കാർവക കെട്ടിടങ്ങളിലേക്കോ മാറ്റിപ്രവർത്തിക്കുവാനുള്ള നടപടി സ്വീകരിക്കണം" എന്നുകൂടി ചേർക്കുന്നതിന് സമിതി തീരുമാനിച്ചു.

കഴിഞ്ഞ സാമ്പത്തികവർഷത്തെ വാർഷിക പദ്ധതികൾക്കുള്ള അലോട്ട്മെന്റ് ലഭിക്കുന്നതിന് താമസം നേരിട്ടതിനാൽ ലഭിച്ച തുക മുഴുവൻ ചെലവഴിക്കുന്നതിന് സാധിച്ചിട്ടില്ലെന്നും വനം വകുപ്പിൽ ഏകദേശം 85 ശതമാനം തുകയും ചെലവഴിച്ചിട്ടുണ്ടെന്നും സമിതി അറിയിച്ചു.

വനത്തിനുള്ളിൽ നടക്കുന്ന വർക്കുകളുടെ കാര്യത്തിൽ സുതാര്യതയുണ്ടാകണമെന്നും എന്തെല്ലാം വർക്കുകളാണ് നടക്കുന്നതെന്ന് അറിയിക്കുന്നതിനായി എം.എൽ.എ. ചെയർമാനായ കമ്മിറ്റി എല്ലാമാസവും ഒരു നിശ്ചിത ദിവസം ചേരണമെന്നും തീരുമാനിച്ചു. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ പണിയെടുക്കുന്ന ആളുകൾക്ക് യാത്രാചെലവ്, ഭക്ഷണം ഉൾപ്പെടെയുള്ള കാര്യങ്ങൾക്കായി 70 രൂപ വീതം അധികമായി കൊടുത്ത് അവരെക്കൊണ്ട് വനത്തിനുള്ളിലെ ജോലികൾ ചെയ്യിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും വന്യജീവികളുടെ ആക്രമണം കൊണ്ടുണ്ടാകുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകുന്നതിനള്ള ചുമതല കൃഷിവകുപ്പിനെ ഏൽപ്പിച്ചിരിക്കുകയാണെന്നും കൃഷിഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുക നൽകുന്നതാണെന്നും ചെയർമാൻ അറിയിച്ചു.

കൂടാതെ 2011-12 കാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങളും സമിതി മുമ്പാകെ നിലവിലുള്ള റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും ഉൾപ്പെടുത്തി സബ്ജക്ട് കമ്മിറ്റി X-ന്റെ 31-3-2012 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് പരിഗണനയ്ക്കെടുക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതിയോഗം ഉച്ചയ്ക്ക് 12 മണിക്ക് പിരിഞ്ഞു.

## 2012 ജൂൺ 19-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X (2011-2013) 2012 ജൂൺ മാസം 19-ാം തീയതി ചൊവ്വാഴ്ച 4.30 മണിക്ക് നിയമസഭാ കോംപ്ലക്സിലെ VD കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. കെ. അജിത്, എം. എൽ. എ.
2. ശ്രീ. കെ. ദാസൻ, എം. എൽ. എ.
3. ശ്രീ. ബി. ഡി. ദേവസ്സി, എം. എൽ. എ.
4. ശ്രീ. മോൻസ് ജോസഫ്, എം. എൽ. എ.
5. ശ്രീ. രാജു എബ്രഹാം, എം. എൽ. എ.
6. ശ്രീ. ബി. സത്യൻ, എം. എൽ. എ.
7. ശ്രീ. സണ്ണി ജോസഫ്, എം. എൽ. എ.
8. ശ്രീ. ഹൈബി ഈഡൻ, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീ. കെ. പുരുഷോത്തമൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എൽ. യമുനാകുമാരി, ഡെപ്യൂട്ടി സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. പി. കെ. മൊഹന്തി, അഡീഷണൽ ചീഫ് സെക്രട്ടറി, ഫോറസ്റ്റ് & വൈൽഡ്ലൈഫ് ഡിപ്പാർട്ട്മെന്റ്
2. ശ്രീ. സി. കെ. പത്മകുമാർ, സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്
3. ശ്രീ. എസ്. പി. സിംഗ്, പ്രിൻസിപ്പൽ സെക്രട്ടറി, ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (സോഷ്യൽ ഫോറസ്ട്രി)
4. ശ്രീ. ഇ. പ്രദീപ്കുമാർ, ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ടി.എം.)
5. ശ്രീ. എൻ. വി. ത്രിവേദി ബാബു, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഇക്കോ ഡെവലപ്പ്മെന്റ് & ട്രൈബൽ വെൽഫെയർ)
6. ശ്രീ. ജി. ഹരികുമാർ, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (അഡ്മിനിസ്ട്രേഷൻ)

7. ശ്രീ. സി. എസ്. യാലാക്കി, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (പ്രൊട്ടക്ഷൻ)

8. ശ്രീമതി ശോഭനകുമാരി, കെ. എസ്., ആർ.എ.ഒ.സി.ഡി.എഫ്. (എസ്.എ.) & എച്ച്.ഒ.

സമിതിയുടെ സാധൂകരണത്തിനായി ലഭ്യമാക്കിയ ചുവടെ ചേർത്തിട്ടുള്ള എസ്.ആർ.ഒ.കൾ സമിതി പരിഗണനയ്ക്കെടുക്കുകയും, കേരള പ്രൊമോഷൻ ഓഫ് ട്രി ഗ്രോത്ത് ഇൻ നോൺ ഫോറസ്റ്റ് ഏരിയാസ് റൂൾസ്-2011 (എസ്.ആർ.ഒ. നമ്പർ 786/2011), Kerala Forest (Establishment and Regulation of Saw Mill and other Wood Based Industrial Units) Rules, 2012 (S.R.O. No. 269/2012) എന്നിവയ്ക്ക് സാധൂകരണം നൽകുകയും ചെയ്തു:

I. **2010-ലെ കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ (എസ്.ആർ.ഒ. നമ്പർ 861/2010) 2010-ലെ കേരള ഫോറസ്റ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ (എസ്.ആർ.ഒ. നമ്പർ 986/2010) (ഫയൽ നമ്പർ 11675/ സബ്.സി.എഫ്.1/11/ലെജി.)**

2010-ലെ കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിനെതിരെ പരാതികൾ ഉയർന്നിരിക്കുന്നതായ വിവരം ചെയർമാൻ സമിതിയെ അറിയിച്ചു. പബ്ലിക് സർവ്വീസ് കമ്മീഷൻ നിർദ്ദേശിച്ചിരിക്കുന്ന ഭേദഗതികളിൽ പ്രധാനമായവ ഫോറസ്റ്റ് ഗാർഡ് തസ്തികയുടെ അടിസ്ഥാന യോഗ്യത എസ്.എസ്.എൽ.സി.-യിൽനിന്ന് +2-വിലേക്കും ശാരീരിക യോഗ്യതയിൽ ഉയരം 162 cm.-ൽനിന്നും 165 cm.-ലേക്കും (160 cm. for SC/ST) നെഞ്ചളവ് 79 cm.-ൽനിന്ന് 81 cm.-ലേക്കും ഭേദഗതി ചെയ്യേണ്ടതാണെന്നും കൂടാതെ ഫോറസ്റ്റ് ഗാർഡ് തസ്തികയ്ക്ക് കായികക്ഷമത യോഗ്യത (one star std.) കൂടി ഉൾപ്പെടുത്തി ഒരു ട്രെയിനിംഗ് തസ്തികയായി നിശ്ചയിക്കണമെന്നും, ട്രെയിനിംഗ് കാലത്തെ സർവ്വീസ്, ശമ്പളം എന്നിവയുടെ വ്യവസ്ഥകൾകൂടി സ്പെഷ്യൽ റൂളിൽ ഉൾപ്പെടുത്തണമെന്നും, തെരഞ്ഞെടുപ്പിന്റെ ആദ്യപടിയായി ഒരു എൻഡ്യൂറൽസ് ടെസ്റ്റ് നടത്തുന്നതിനുള്ള വ്യവസ്ഥകൾകൂടി ചട്ടങ്ങളിൽ ഉൾപ്പെടുത്തണമെന്നും, ഇതിന്റെ ഭാഗമായി 2 കി.മീ. ദൂരം 13 മിനിറ്റിനുള്ളിൽ ഓടിയെത്തിയിരിക്കണമെന്നും, തുടങ്ങിയ യോഗ്യതകളും കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ളതായും, യൂണിഫോംഡ് ഫോഴ്സുകളിലേക്ക് പൊതുനിയമനം നടത്തുന്നതിന് കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിൽ ഭേദഗതി വരുത്തുന്നതുസംബന്ധിച്ച് ആവശ്യപ്പെട്ടിട്ടുണ്ടെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമിതിയെ അറിയിച്ചു.

ഫോറസ്റ്റ് ഗാർഡ്, റെയ്ഞ്ചർ തസ്തികയിലെ നിയമനങ്ങളിലേക്ക് ഉയരത്തിന്റെയും നെഞ്ചളവിന്റെയും കാര്യത്തിൽ 1962-ലെ കേരള സബോർഡിനേറ്റ് റൂളിലെ പഴയ രീതി തുടർന്നാൽ മതിയെന്നും എന്നാൽ വിദ്യാഭ്യാസയോഗ്യത പുതിയ റൂളിൽ മാറ്റം വരുത്തിയിട്ടുള്ളത് മതിയെന്നും പുതിയതായി നിയമനം ലഭിക്കുന്നവരുടെ പ്രായപരിധി 28 എന്നത് 30 ആയും തസ്തികമാറ്റംവഴി നിയമനം ലഭിക്കുന്നവർക്ക് പ്രായപരിധി 40 ആയും ഭേദഗതി വരുത്തണമെന്നും സമിതി നിർദ്ദേശിച്ചു. ഇപ്രകാരം

ആവശ്യമായ ഭേദഗതി വരുത്തിയ ഡ്രാഫ്റ്റ് റൂൾ അടിയന്തിരമായി സമിതി മുമ്പാകെ സമർപ്പിക്കണമെന്നും റൂൾസ് ഭേദഗതി ചെയ്യാൻ സബ്ജക്ട് കമ്മിറ്റി തീരുമാനിച്ചിരിക്കുന്നതിനാൽ സെലക്ഷൻ നടപടി അടിയന്തിരമായി നിറുത്തിവയ്ക്കാനും സമിതി ആവശ്യപ്പെട്ടു.

ഫോറസ്റ്റ് ഗാർഡ് തസ്തികയുമായി ബന്ധപ്പെട്ട പി.എസ്.സി. ഉടൻ നിയമനം നടത്താൻ സാധ്യത ഉള്ളതിനാൽ സമിതിയുടെ തീരുമാനം പി.എസ്.സി.-യെ അറിയിക്കാനും സമിതി നിർദ്ദേശിച്ചു.

നിയമനങ്ങൾക്കുള്ള പ്രായപരിധിയുടെ കാര്യത്തിൽ വരുത്തിയ മാറ്റങ്ങളെക്കുറിച്ച് സമിതി ചെയർമാൻ ആരാഞ്ഞതിന് നേരിട്ടുള്ള നിയമനത്തിന് 35 വയസ് എന്നത് 28 വയസ്സാക്കിയും തസ്തികമാറ്റംവഴിയുള്ള നിയമനങ്ങൾക്ക് 45 വയസ് എന്നത് 35 വയസായും കുറച്ചെന്നും, ഈ ഭേദഗതികൾ പുതിയതായി സർവ്വീസിൽ പ്രവേശിക്കുന്നവരേക്കാൾ തസ്തികമാറ്റംവഴി നിയമനം നേടുന്നവരെയാണ് ബാധിക്കുന്നതെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമിതിയെ അറിയിച്ചു. ഫോറസ്റ്റിലെ നിയമനങ്ങൾ 70% നേരിട്ടും 30% തസ്തികമാറ്റം വഴിയുമാണ് നടത്തുന്നത്. നേരത്തെ മിനിസ്റ്റീരിയൽ സ്റ്റാഫിന് ഫോറസ്റ്റ് ഗാർഡായി നിയമനം ലഭിക്കുന്നതിന് എസ്.എസ്.എൽ.സി. യോഗ്യതമാത്രം മതിയായിരുന്നു എന്നത് +2 ആയും റെയിഞ്ച് ഓഫീസർ തസ്തികയ്ക്ക് ഡിഗ്രി യോഗ്യത ആക്കിയതും സർവ്വീസിലുള്ളവർക്ക് ബുദ്ധിമുട്ടാകുമെന്ന് സമിതി വിലയിരുത്തി.

ഫോറസ്റ്റ് ഗാർഡ് നിയമനങ്ങൾക്ക് +2 സയൻസ് യോഗ്യത വേണമെന്ന് സമിതി തീരുമാനിക്കുകയും പ്രായപരിധിയുടെ കാര്യത്തിൽ പുതിയതായി നിയമനം ലഭിക്കുന്നവർക്ക് 30 വയസായും തസ്തികമാറ്റംവഴി നിയമനം നേടുന്നവർക്ക് 40 വയസ്സായും നിജപ്പെടുത്താൻ സമിതി തീരുമാനിച്ചു.

വനം വകുപ്പിലെ നിയമനങ്ങളിൽ പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിന് ട്രെയിനിംഗ് തടസ്സമാകാതിരിക്കുന്നതിനെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, ട്രെയിനിംഗിലും ടെസ്റ്റിലും ഒന്നാം സ്ഥാനത്ത് എത്തുന്നവർക്ക് പ്രൊമോഷൻ കൊടുക്കുന്ന സമ്പ്രദായം നിലവിലുണ്ടായിരുന്നുവെന്നും എന്നാൽ പുതിയ റൂൾസ് അനുസരിച്ച് അത് സാധ്യമാകാതെ വന്നിരിക്കുകയാണെന്നും അഡീഷണൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമിതിയെ അറിയിച്ചു.

**II. കേരള പ്രൊമോഷൻ ഓഫ് ട്രി ഗ്രോത്ത് ഇൻ നോൺ ഫോറസ്റ്റ് ഏരിയാസ് റൂൾസ്-2011 (എസ്.ആർ.ഒ. നമ്പർ 786/2011) (ഫയൽ നമ്പർ 683/സബ്.സി.എഫ്.1/2012/ലെജി.)**

വനപ്രദേശങ്ങളിൽ സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് നിൽക്കുന്ന മരങ്ങൾ മുറിക്കുന്നതിന് വളരെ ഉദാരമായിട്ടുള്ള സമീപനം സ്വീകരിച്ചിട്ടുള്ള ഒരു നിയമമാണിതെന്ന് നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ഈ നിയമമനുസരിച്ച് മരങ്ങൾ കൊണ്ടുപോകുന്നതിന് പാസ് എടുക്കുന്നതിനുപകരം

ഫോറസ്റ്റ് റെയിഞ്ച് ഓഫീസറെ മുൻകൂട്ടി അറിയിച്ചാൽ മതിയെന്നും ഇത്തരത്തിലുള്ള ഏറ്റവും ഉദാരമായ നിയമം നിലനിൽക്കുന്നത് ഇൻഡ്യയിൽ കേരളത്തിലാണെന്നും അദ്ദേഹം സമിതിയെ അറിയിച്ചു.

ചന്ദനമരങ്ങൾ മുറിക്കുന്നതിനുള്ള വ്യവസ്ഥകളും ഈ നിയമത്തിലാണ് ഉള്ളതെന്നും അഡീഷണൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (പ്രൊട്ടക്ഷൻ) സമിതിയെ അറിയിച്ചു. ചന്ദനമരത്തിന്റെ വിലയുടെ 70% മാത്രമാണ് ഉടമസ്ഥന് ലഭിക്കുന്നതെന്ന പരാമർശത്തിന് വർക്കിംഗ് ചാർജ്ജ് കഴിഞ്ഞ് മുഴുവൻ തുകയും ഉടമസ്ഥന് കൊടുക്കുവാൻ വ്യവസ്ഥ ചെയ്യുന്നതാണ് പുതിയ നിയമമെന്ന് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചു.

ഒരു സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്തെ ചന്ദനമരം മോഷണം പോയാൽ തൊണ്ടിമുതൽ കണ്ടെടുക്കുന്നതിനു മുമ്പുതന്നെ മാർക്കറ്റുവില അനുസരിച്ചുള്ള തുക മുൻകൂറായി ഉടമസ്ഥന് കൊടുക്കുവാൻ സാധിക്കുമോ എന്ന് സമിതി ആരാഞ്ഞപ്പോൾ എല്ലാ വർഷവും നടക്കുന്ന ലാസ്റ്റ് ഓക്ഷൻ റേറ്റിന്റെ അടിസ്ഥാനത്തിൽ കൊടുക്കുന്നതിന് സാധിക്കുമെന്നും ചന്ദനമരത്തിന്റെ കാര്യത്തിൽ വേറെ നിയമം ഉണ്ടെന്നും അതുകൂടി സമിതിയുടെ മുമ്പാകെ വയ്ക്കേണ്ടതുണ്ടെന്നും അഡീഷണൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഇക്കോ ഡെവലപ്പ്മെന്റ് & ട്രൈബൽ വെൽഫെയർ) സമിതിയെ അറിയിച്ചു.

ചന്ദനമരങ്ങളുടെ വില നിർണ്ണയിക്കാനും കേടുപാടുകൾ മനസ്സിലാക്കാനും മറ്റും സ്കാനർ പോലുള്ള യന്ത്രങ്ങൾ ഉപയോഗിക്കാൻ നീക്കമുണ്ടെന്നും ഇതിന് ടെൻഡർ കൊടുത്തിട്ടുണ്ടെന്നും ചെയർമാൻ സമിതിയെ അറിയിച്ചു. ചന്ദനമരം വച്ചു പിടിപ്പിക്കുന്നതിന് ജനങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിന് തൈകൾക്ക് സബ്സിഡി കൊടുക്കുവാൻ സമിതി തീരുമാനിച്ചു.

സ്വകാര്യ വ്യക്തികൾക്ക് മാനിനെ വളർത്തുന്നതിനുള്ള അനുമതി കൊടുക്കുന്ന കാര്യം പരിഗണിക്കാനും, വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്ക് ആവശ്യമായ ധനസഹായം കൊടുക്കുന്നകാര്യവും പരിഗണിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

III. **Kerala Forest (Establishment and Regulation of Saw Mill and other Wood Based Industrial Units) Rules 2012 (S.R.O. No. 269/2012) (File No. 2662/Sub.C.F1/2012/Leg.)**

2012-ലെ ഈ റൂൾ അനുസരിച്ച് സാ മില്ലുകൾക്കും തടിവ്യവസായ യൂണിറ്റുകൾക്കും വനാതിർത്തിയുടെ 5 കി.മീ. പരിധിക്കുള്ളിൽ ലൈസൻസ് കൊടുക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടെന്നും 2002 ഒക്ടോബർ മാസം 30-ാം തീയതിക്കു മുമ്പ് സ്ഥാപിക്കപ്പെട്ട് പ്രവർത്തനം ആരംഭിച്ച സാ മില്ലുകൾക്കും തടിവ്യവസായ യൂണിറ്റുകളെയും മാത്രമെ ഇതിൽ നിന്നും ഒഴിവാക്കിയിട്ടുള്ളൂവെന്നും ആമുഖമായി പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (സോഷ്യൽ ഫോറസ്ട്രി) സമിതിയെ അറിയിച്ചു.

കേന്ദ്ര എംപവേർഡ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരമാണ് ഈ വ്യവസ്ഥകൾ എല്ലാം ഉൾപ്പെടുത്തിയതെന്നും, സാ മില്ലുകൾ, റബ്ബർ വുഡ് മില്ലുകൾ, പ്ലൈവുഡ് മില്ലുകൾ തുടങ്ങിയവയെ തരംതിരിച്ചിട്ടുണ്ടെന്നും, സാ മില്ലുകൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ എൻ.ഒ.സി. ആവശ്യമാണെന്നും സ്മോൾ സ്കെയിൽ വിഭാഗത്തിൽപ്പെട്ട മില്ലുകൾ ആരംഭിക്കുന്നതിന് 10,000 രൂപ കെട്ടിവയ്ക്കണം തുടങ്ങിയ കാര്യങ്ങൾ ഫോറസ്റ്റ് ആന്റ് വൈൽഡ്‌ലൈഫ് ഡിപ്പാർട്ട്മെന്റ് സമിതിയെ അറിയിച്ചു.

ഈ കാര്യങ്ങളെല്ലാം കാർപ്പന്റേഴ്സിനെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്നും, 5 HP-യ്ക്ക് താഴെയുള്ള മോട്ടോർ ആണെങ്കിൽ പോലും 10,000 രൂപയുടെ DD നൽകാതെ NOC കിട്ടുന്നില്ലാത്ത സാഹചര്യമാണെന്നും സമിതി അഭിപ്രായപ്പെട്ടു.

5 HP-യ്ക്ക് താഴെയുള്ള അനുമതി ലഭിക്കാൻ 10000-ത്തിലേറെ അപേക്ഷകൾ കെട്ടികിടക്കുന്നുണ്ടെന്നും എന്താണ് ഇങ്ങനെ സംഭവിച്ചതെന്നും സമിതി ആരാഞ്ഞപ്പോൾ 5 HP-യ്ക്ക് താഴെ അനുമതി കൊടുക്കുന്നുണ്ടെന്നും, എന്നാൽ ഇതിന് ചില നടപടിക്രമങ്ങൾ ആവശ്യമാണെന്നും ആർ.എ.ഒ. ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമിതിയെ അറിയിച്ചു. ലഭിക്കുന്ന അപ്ലിക്കേഷനുകളിൽ ഫീൽഡ് ഓഫീസർമാർ വെരിഫിക്കേഷൻ പൂർത്തിയാക്കി ഡി.എഫ്.ഒ.-യ്ക്ക് സമർപ്പിക്കും. ഡി.എഫ്.ഒ. പ്രസ്തുത അപേക്ഷകൾ റിപ്പോർട്ട് സഹിതം എസ്.എൽ.എസ്.സി. കമ്മിറ്റിക്ക് മുമ്പാകെ സമർപ്പിക്കുകയും കുറെയധികം അപേക്ഷകൾക്ക് ഒരുമിച്ച് അനുമതി കൊടുക്കുകയുമാണ് ചെയ്യുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ 10,000 രൂപയുടെ ഡി.ഡി. അയച്ചുതരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കത്ത് അയയ്ക്കും. എന്നാൽ പലരും ഇത് അയച്ചുതരാറില്ല. പലപ്പോഴും ലഭിക്കുന്ന ഡി.ഡി.-കൾ ആരുടേതാണെന്നുപോലും തിരിച്ചറിയാൻപോലും സാധിക്കുന്നില്ലെന്നും ആർ.എ.ഒ. ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമിതിയെ അറിയിച്ചു.

ഈ വിഭാഗത്തിൽ 2500-ലേറെ ആപ്ലിക്കേഷനുകൾ കെട്ടികിടക്കുന്നുണ്ടെന്ന് സമിതി കണ്ടെത്തി. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി കൂടുതൽ സ്റ്റാഫിനെ നിയമിക്കണമെന്നും, തീർപ്പാക്കിയ അപേക്ഷകളെ സംബന്ധിച്ച് വ്യക്തത ഉണ്ടാകണമെന്നും NOC സമയബന്ധിതമായി നൽകാൻ ഡി.എഫ.ഒ.-യ്ക്ക് ഉത്തരവ് നൽകിയിട്ടുണ്ടെന്നും ചെയർമാൻ സമിതിയെ അറിയിച്ചു.

പ്രസ്തുത റൂൾസ് സമിതി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയും പ്രകാരം നിർദ്ദേശിക്കുകയുണ്ടായി:

ഒരാൾ ഒരു മില്ല് ആരംഭിക്കുന്നതിന് ലോൺ എടുക്കണമെങ്കിൽ ഡി.എഫ്.ഒ.-യുടെ അനുവാദം വാങ്ങണമെന്നതും മെഷീൻ ഉപയോഗിച്ച് കാർപെന്റർ ജോലി ചെയ്യുന്നവർക്കുപോലും വനാതിർത്തിയിൽനിന്നും അഞ്ച് കിലോമീറ്റർ ദൂരപരിധി ബാധകമാക്കിയിരിക്കുന്നതും വളരെ പ്രതികൂലമായി ബാധിച്ചിരിക്കുന്നുവെന്ന് സമിതി അഭിപ്രായപ്പെട്ടു. ആയതിനാൽ ഇത് സംബന്ധിച്ച് വേണ്ടവിധത്തിൽ ചർച്ച ചെയ്ത് ഉചിതമായ തീരുമാനം എടുക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

കണമല പാലം പണിയുടെ കാര്യം ഫോളോഅപ്പ് ചെയ്യുമെന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമിതിയെ അറിയിച്ചു.

റെയ്ഞ്ച് ഓഫീസർമാർ ഇല്ലാത്ത സ്ഥലങ്ങളിൽ റെയ്ഞ്ച് ഓഫീസർമാരുടെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കുമെന്നും ചെയർമാൻ സമിതിയെ അറിയിച്ചു.

കൂടാതെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സർക്കാരിൽനിന്നും ലഭിച്ച അനന്തരനടപടി സ്റ്റേറ്റുമെന്റുകൾ സമിതി അംഗീകരിച്ചു:

1. 2007-2008-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

   (ഫയൽ നമ്പർ 12088/സബ്.സി.എഫ്.1/11/ലെജി.)

   ഖണ്ഡിക നമ്പർ-78

2. 2008-2009-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

   (ഫയൽ നമ്പർ 12089/സബ്.സി.എഫ്.1/11/ലെജി.)

   ഖണ്ഡിക നമ്പർ-68, 78, 84, 76, 81

3. 2009-10-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

   (ഫയൽ നമ്പർ 12090/സബ്.സി.എഫ്.1/11/ലെജി.)

   ഖണ്ഡിക നമ്പർ-68, 70, 72, 73, 75, 77, 80, 81, 82

4. 2010-2011-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

   (ഫയൽ നമ്പർ 11677/സബ്.സി.എഫ്.1/11/ലെജി.)

   ഖണ്ഡിക നമ്പർ-76, 84, 86, 87, 89, 90

5. 2011-2012-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

   (ഫയൽ നമ്പർ 5329/സബ്.സി.എഫ്.1/11/ലെജി.)

   ഖണ്ഡിക നമ്പർ-1, 2, 3, 4, 5, 6, 7, 8, 9

സമിതി യോഗം ഉച്ചയ്ക്കുശേഷം 5.40-ന് പിരിഞ്ഞു.

## 2012 ജൂലൈ 19-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X (2011-13) 2012 ജൂലൈ 19-ാം തീയതി വ്യാഴാഴ്ച സഭ പിരിഞ്ഞശേഷം 5-മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'IV B' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനായ വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെ പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. ബി. ഡി. ദേവസ്സി, എം. എൽ. എ.
2. ശ്രീ. ഹൈബി ഈഡൻ, എം. എൽ. എ.
3. ശ്രീ. മോൻസ് ജോസഫ്, എം. എൽ. എ.
4. ശ്രീ. എസ്. രാജേന്ദ്രൻ, എം. എൽ. എ.
5. ശ്രീ. ബി. സത്യൻ, എം. എൽ. എ.
6. ശ്രീ. കെ. എം. ഷാജി, എം. എൽ. എ.
7. ശ്രീ. സണ്ണി ജോസഫ്, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീ. കെ. പുരുഷോത്തമൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി കെ. രാധാമണി, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. സി. കെ. പത്മാകരൻ, സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്
2. ശ്രീ. ആർ. രാജരാജവർമ്മ, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്
3. ശ്രീമതി സി. രമണി, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്
4. ശ്രീ. എ. നൗഷാദ്, അഡീഷണൽ സെക്രട്ടറി, ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ്
5. ശ്രീ. സി. എസ്. യാലാക്കി, ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്
6. ശ്രീ. വി. ഗോപിനാഥൻ, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (അഡ്മിനിസ്ട്രേഷൻ)
7. ഡോ. കെ. പി. ഔസേഫ്, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്.

സമിതി താഴെപ്പറയുന്ന എസ്.ആർ.ഒ. പരിഗണനയ്ക്കെടുക്കുകയും സാധൂകരണം നൽകുകയും ചെയ്തു.

The Kerala Forest (Restriction on Cutting and Selling of Sandal trees and grant of license for possession and transport of Sandalwood and Sandalwood Oil) Rules, 2012 (S.R.O. No. 278/2012)

ഫയൽ നമ്പർ 3235/സബ്.സി.എഫ്1/12/ലെജി.

2012-ലെ കേരള ഫോറസ്റ്റ് റൂൾ പ്രകാരം ഓരോരുത്തർക്കും ഒരു കിലോഗ്രാം ചന്ദനവും 100 മില്ലീലിറ്റർ ചന്ദനതൈലവും മാത്രമെ കൈവശം വയ്ക്കാനാകൂ എന്നും, അതിൽ കൂടുതൽ കൈവശം വയ്ക്കേണ്ടവർക്ക് ലൈസൻസ് നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ ഈ റൂളിനകത്ത് ഉണ്ടെന്നും, ഈ റൂളാണ് സാധൂകരണത്തിനായി സമിതിക്ക് സമർപ്പിച്ചിരിക്കുന്നതെന്നും ആമുഖമായി അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (അഡ്മിനിസ്ട്രേഷൻ) സമിതിയെ അറിയിച്ചു.

സാധൂകരണത്തിന്റെ ഉദ്ദേശം എന്താണെന്ന് സമിതി ആരാഞ്ഞതിന് 1961-ലെ കേരള വനനിയമത്തിൽ കൊണ്ടുവന്ന ഭേദഗതിയാണിതെന്നും, സംസ്ഥാനത്ത് ചന്ദനമരങ്ങൾക്ക് കൂടുതൽ സംരക്ഷണം നൽകുന്നതിനുവേണ്ടിയാണ് 2010-ൽ ഇങ്ങനെയൊരു ഭേദഗതി കൊണ്ടുവന്നതെന്നും, ഇതിലൂടെ ചന്ദനമരങ്ങൾ വെട്ടുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തുകയും, സ്വകാര്യവ്യക്തിക്ക് കൈവശം വയ്ക്കാവുന്ന ചന്ദനത്തിനും ചന്ദനതൈലത്തിനും പരിധി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ടെന്നും ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമിതിയെ അറിയിച്ചു. ഇതനുസരിച്ച് ഒരാൾക്ക് ഒരു കിലോഗ്രാം ചന്ദനവും 100 മില്ലീലിറ്റർ ചന്ദനതൈലവും മാത്രമേ കൈവശം വയ്ക്കാവൂ എന്നും, സർക്കാർ സോഴ്സുകളിൽ നിന്നും മാത്രമെ വാങ്ങാൻ പാടുള്ളൂ വെന്ന നിബന്ധനയും ഭേദഗതിയുടെ ഭാഗമായി കൊണ്ടുവന്നിട്ടുണ്ടെന്നും തുടർന്ന് അറിയിച്ചു. പാലക്കാട്ടും കോയമ്പത്തൂരുമൊക്കെയുള്ള സ്വകാര്യ ചന്ദന ഫാക്ടറികളി ലേക്ക് അനധികൃതമായി ചന്ദനത്തടികൾ കടത്തിയത് ചന്ദനത്തിന് ദൗർലഭ്യമുണ്ടാകു ന്നതിന് കാരണമായിട്ടുണ്ടെന്നും 2005-ലെ ഹൈക്കോടതി ഉത്തരവ് പ്രകാരം 23 സ്വകാര്യ ഫാക്ടറികൾ അടച്ചുപൂട്ടിയെന്നും, തുടർന്ന് ചന്ദനഫാക്ടറികൾ സ്വകാര്യമേഖലയിൽ വേണ്ടെന്നുവയ്ക്കാനുള്ള ഒരു ഭേദഗതിയും ഈ റൂളിലുണ്ടെന്നും അദ്ദേഹം സമിതിയെ അറിയിച്ചു. ചന്ദനവുമായി ബന്ധപ്പെട്ട കേസുകളിൽ ശിക്ഷിക്ക പ്പെടുന്നവരുടെ ശിക്ഷാകാലാവധി 3 മുതൽ 7 വർഷംവരെ ആക്കി ഉയർത്തിയെന്നും, രണ്ടുതവണ കുറ്റംചെയ്താൽ കുറഞ്ഞത് 6 വർഷംവരെ ശിക്ഷ അനുഭവിക്കേണ്ടി വരുമെന്നും ശിക്ഷിക്കപ്പെടുന്നവരിൽ നിന്ന് ഈടാക്കിയിരുന്ന പിഴ 10,000 രൂപയിൽ നിന്ന് 25,000 രൂപയാക്കി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ടെന്നും ഇത്തരത്തിലുള്ള ഭേദഗതികളാണ് നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമിതിയെ അറിയിച്ചു.

വനം വകുപ്പ് മാത്രമാണ് ചന്ദനതൈലമുണ്ടാക്കുന്നതെന്നും, അത് സർട്ടിഫിക്കറ്റോ ടുകൂടിയാണ് വിൽക്കുന്നതെന്നും, അങ്ങനെ നൽകുന്ന തൈലം സൂക്ഷിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് സമിതി ആരാഞ്ഞവേളയിൽ മാനുഫാക്ചററാണെങ്കിലും ലൈസൻസ് വേണമെന്നും സ്വകാര്യ വ്യക്തിക്ക് ലേലത്തിൽ പങ്കെടുത്ത് വാങ്ങാൻ സാധിക്കുകയില്ലെന്നും സർക്കാർ അംഗീകാരമുള്ളവർക്കുമാത്രമേ വാങ്ങാൻ സാധിക്കു കയുള്ളൂവെന്നും ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മറുപടി നൽകി.

സ്വകാര്യ വ്യക്തികൾക്ക് ഇത് വാങ്ങണമെങ്കിൽ നേരത്തെ ലൈസൻസ് എടുത്തിരിക്കണമെന്നും, സർക്കാർ അംഗീകാരമുള്ളവർക്ക് മാത്രമെ ഇത് വാങ്ങാൻ കഴിയൂ എന്നും, ഇപ്പോൾ 5 മില്ലീലിറ്റർ, 10 മില്ലീലിറ്റർ അളവിൽ ചന്ദനതൈലം വിൽപ്പന നടത്തുന്നുണ്ടെന്നും ഒരു കിലോഗ്രാംവരെ ചന്ദനത്തടി അതേ രൂപത്തിൽ ആർക്കും കൈവശം വയ്ക്കാമെന്നും, പ്രതിമയായോ മറ്റേതെങ്കിലും രൂപത്തിലോ കൈവശം വയ്ക്കാൻ പാടില്ലായെന്നും, ചെയർമാൻ അറിയിച്ചു.

മതസ്ഥാപനങ്ങൾക്കും, കൊത്തുപണിക്കാർ, കരകൗശലപണിക്കാർ, സർക്കാർ നിയന്ത്രണത്തിലുള്ള കോർപ്പറേഷനുകൾ, സൊസൈറ്റികൾ തുടങ്ങിയവർക്കൊക്കെ ലൈസൻസുണ്ടെങ്കിൽ 1 കിലോഗ്രാമിൽ കൂടുതൽ ചന്ദനത്തടി കൈവശം വയ്ക്കാവുന്ന താണെന്നും, കാറ്റിന്റെ ഫലമായി വീഴുന്നതോ ഉണങ്ങിയതോ ആയ ചന്ദനമരങ്ങൾ മാത്രമെ നേരത്തെ വെട്ടുന്നതിന് അധികാരമുണ്ടായിരുന്നുള്ളൂവെന്നും, എന്നാൽ ഈ ചട്ടങ്ങൾ പ്രകാരം സ്വകാര്യ ഭൂമിയിലുള്ള 60 സെ.മീറ്ററിൽ കൂടുതൽ വണ്ണമുള്ള മരങ്ങൾ വെട്ടാവുന്നതാണെന്നും കൂടാതെ 50 സെന്റിമീറ്ററിൽ കൂടുതലുള്ളതും ഉണങ്ങിയതുമായ ചന്ദനമരങ്ങൾ ഉടമസ്ഥന്റെയും ഫോറസ്റ്ററുടെയും സാന്നിദ്ധ്യത്തിൽ മറിച്ച് പ്രീവിയസ് ഓക്ഷന്റെ അടിസ്ഥാനത്തിൽ വാല്യൂ കണക്കാക്കി അതിന്റെ 60% ഉടൻതന്നെ കൊടുക്കുന്നതിന് ഈ നിയമത്തിൽ പ്രൊവിഷനുണ്ടെന്നും ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമിതിയെ അറിയിച്ചു.

അവകാശമില്ലാത്ത ഭൂമിയിലെ ചന്ദനമരംപോലും വിൽക്കുന്നുണ്ടെന്നും അതുകൊണ്ട് അതിർത്തിയോട് ചേർന്ന് നിൽക്കുന്ന മരങ്ങൾ മുറിക്കുന്നതിനുകൂടി അധികാരം നൽകണമെന്നും സമിതി അഭിപ്രായപ്പെട്ടപ്പോൾ വനം വകുപ്പിൽ ഇതുമായി ബന്ധപ്പെട്ട കമ്മിറ്റി പോയി പരിശോധിച്ചശേഷമാണ് മരംമുറിക്കുന്നതെന്നും വനം വകുപ്പിന്റെ ശ്രദ്ധ എല്ലാഭാഗത്തുമുണ്ടാകുമെന്നും, അതുകൊണ്ട് പുറമ്പോക്കിലോ അവകാശമില്ലാത്ത ഭൂമിയിലോ ഉള്ള മരങ്ങൾ ഇതിൽ വരില്ലെന്നും ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമിതിയെ അറിയിച്ചു.

തുടർന്ന് 2011-12 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ വിനോദസഞ്ചാരവകുപ്പുമായി ബന്ധപ്പെട്ട 11 മുതൽ 25 വരെയുള്ള ഖണ്ഡികകളിലെ ശുപാർശകളിന്മേൽ ടൂറിസം വകുപ്പിൽ നിന്നും ലഭിച്ച ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. കൂടാതെ സമിതി താഴെപ്പറയുന്ന റിപ്പോർട്ടുകൾ പരിഗണനയ്ക്കെടുക്കുകയും അംഗീകരിക്കുകയും ചെയ്തു:

1. ജൈവവൈവിധ്യ സംരക്ഷണം എക്സ്റ്റെൻഷൻ ഫോറസ്ട്രി, സപര്യ, ഡി.എം.സി. എന്നീ പദ്ധതികളെ സംബന്ധിച്ച കരട് റിപ്പോർട്ട്.

(ഫയൽ നമ്പർ 3527/സബ്.സി.എഫ്.1/12/ലെജി.)

2. 2011-12-ലെ സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

(ഫയൽ നമ്പർ 3503/സബ്.സി.എഫ്.1/12/ലെജി.)

വൈകുന്നേരം 6 മണിക്ക് സമിതി യോഗം പിരിഞ്ഞു.

## 15-11-2012-ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X, 2012 നവംബർ മാസം 15-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്കുശേഷം 3 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'VA' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെ പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. എസ്. രാജേന്ദ്രൻ, എം. എൽ. എ.
2. ശ്രീ. ബി. സത്യൻ, എം. എൽ. എ.
3. ശ്രീ. സണ്ണി ജോസഫ്, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീ. കെ. പുരുഷോത്തമൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എൽ. യമുനാകുമാരി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി കെ. രാധാമണി, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. ഇ. പ്രദീപ്കുമാർ, പ്രിൻസിപ്പൽ സെക്രട്ടറി, ഫോറസ്റ്റ് & വൈൽഡ് ലൈഫ് ഡിപ്പാർട്ട്മെന്റ്
2. ശ്രീ. വി. കെ. ബാഹുലേയൻ, ജോയിന്റ് സെക്രട്ടറി, ഫോറസ്റ്റ് & വൈൽഡ്ലൈഫ് ഡിപ്പാർട്ട്മെന്റ്
3. ശ്രീ. ആർ. രാജരാജവർമ്മ, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & എച്ച്. ഒ. എഫ്. എഫ്.
4. ശ്രീ. എസ്. പി. സിംഗ്, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (സോഷ്യൽ ഫോറസ്ട്രി)
5. ശ്രീ. എൻ. വി. ത്രിവേദി ബാബു, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, ഫോറസ്റ്റ് & വൈൽഡ്ലൈഫ് ഡിപ്പാർട്ട്മെന്റ്
6. ഡോ. കെ. പി. ഔസേഫ്, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (അഡ്മിനിസ്ട്രേഷൻ).

വനം-വന്യജീവി വകുപ്പുമായി ബന്ധപ്പെട്ട സ്വാഭാവിക വനങ്ങളുടെ പരിപാലനം, പരിസ്ഥിതി വികസന പരിപാടി, തടിയിതര ഉൽപ്പന്നങ്ങളുടെ പരിപാലനം എന്നീ വിഷയങ്ങളെ സംബന്ധിച്ച് സമിതി വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യുകയുണ്ടായി. കാര്യവിവരപ്പട്ടിക അനുസരിച്ചുള്ള വിഷയങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ബഹു. സമിതി ചെയർമാൻ യോഗത്തിൽ ഹാജരായ ഉദ്യോഗസ്ഥരോട് ആരാഞ്ഞു.

സ്വാഭാവിക വനങ്ങളുടെ പരിപാലനം എന്ന വിഷയത്തിൽ കേരളത്തിൽ ആകെ 11309.4401 സ്ക്വയർ കി.മീ. വനഭൂമിയാണുള്ളതെന്നും, ഇത് മൊത്തം ഭൂമിയുടെ 29.1 ശതമാനമാണെന്നും ഇതിൽതന്നെ 87% ഭാഗങ്ങൾ സ്വാഭാവിക വനമായിട്ടും ബാക്കി 13% ഭാഗങ്ങൾ തോട്ടങ്ങളുമായിട്ടാണ് വനം വകുപ്പ് നിലനിർത്തിപോരുന്ന തെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഡി) സമിതിയെ അറിയിച്ചു.

സ്വാഭാവിക വനങ്ങളുടെ പരിപാലനത്തിനായി, 'ഫോറസ്റ്റ് പ്രൊട്ടക്ഷൻ' സ്കീമിൽ ഉൾപ്പെടുത്തി ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ച് സ്റ്റാഫിനെ വിന്യസിച്ചാണ് പ്രവർത്തനങ്ങൾ നടത്തുന്നതെന്നും അതിൽ വനാതിർത്തിയുടെ സർവ്വേ നടത്തി ജണ്ടയിടുക, വനനശീകരണം സംഭവിച്ചയിടങ്ങളിൽ പുതിയതായി തൈകൾ വച്ചുപിടിപ്പിച്ച് അതിനെ പരിപോഷിപ്പിക്കുക, കാട്ടുതീ തടയുക, റോഡുകൾ, കെട്ടിടങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം, ആഫീസിന്റെയും ആഫീസ് സംവിധാനത്തിന്റെയും മോഡണൈസേഷൻ, വന്യജീവികളുടെയും ജൈവവൈവിധ്യത്തിന്റെയും സംരക്ഷണം, വനത്തെ ആശ്രയിച്ച് കഴിയുന്ന വിഭാഗത്തിനായുള്ള പ്രത്യേക സ്കീമുകൾ, പരിസ്ഥിതി വികസനവും ആദിവാസിക്ഷേമവും മനുഷ്യവിഭവശേഷി വികസനം, ഫോറസ്റ്റ് റിസർച്ച് വർക്കിംഗ് പ്ലാൻ തയ്യാറാക്കൽ, വനപ്രചാരണം, മെഡിസിനൻ പ്ലാൻസിന്റെ വർദ്ധനയ്ക്കു വേണ്ടിയുള്ള പ്രവർത്തനം, ഇക്കോളജിക്കലി ഫ്രജൈൽ ലാന്റിന്റെ സംരക്ഷണം, പാർട്ടിസിപ്പേറ്ററി ഫോറസ്റ്റ് മാനേജ്മെന്റ് തുടങ്ങി നിരവധി പ്രവർത്തനങ്ങളാണ് വനങ്ങളുടെ ഉന്നമനത്തിനായി ചെയ്യുന്നതെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമിതിയെ അറിയിച്ചു.

പരിസ്ഥിതി വികസന പരിപാടിയിൽ ആദിവാസികളെയും വനവുമായി ബന്ധപ്പെട്ട് നിൽക്കുന്ന സമൂഹത്തിനെയും ലക്ഷ്യമിട്ട് ചെയ്യുന്ന പ്രവർത്തനങ്ങളാണ് ഇക്കോ ഡവലപ്മെന്റ് കമ്മിറ്റിയിൽ ചെയ്യുന്നതെന്നും തേക്കടിയിൽ വനസംരക്ഷണ സമിതികൾ രൂപീകരിച്ചിട്ടുണ്ടെന്നും ഇൻഡ്യയിലെ ഏറ്റവും നല്ല രീതിയിൽ മാനേജ് ചെയ്യുന്ന ഒരു സാങ്ചറി എന്ന നിലയിൽ U.N.-ന്റെ അവാർഡ് തേക്കടിക്ക് ലഭിച്ചിട്ടുണ്ടെന്നും ഇത് പരിസ്ഥിതി വികസന പരിപാടിയുടെയും പാർട്ടിസിപ്പേറ്ററി ഫോറസ്റ്റ് മാനേജ്മെന്റിന്റെയും ഫലമായി ഉണ്ടായ ഒരു നേട്ടമാണെന്നും എ.പി.സി.ഡി.എഫ്. സമിതിയെ അറിയിച്ചു. കൂടാതെ വനാശ്രിത സമൂഹത്തിനുവേണ്ടി സ്കൂളുകൾ, കുടിവെള്ള പദ്ധതികൾ, കൈത്തൊഴിലുകളിൽ പരിശീലനം, തേൻ ശേഖരിക്കുന്നതിനുള്ള പരിശീലനം തുടങ്ങിയ കാര്യങ്ങൾ നടത്തുന്നുണ്ടെന്നും അദ്ദേഹം സമിതിയെ അറിയിച്ചു.

തുടർന്ന് തടിയിതര ഉൽപ്പന്നങ്ങളുടെ പരിപാലനം എന്ന വിഷയം സമിതി ചർച്ച ചെയ്യുകയുണ്ടായി. ഏകദേശം 800-ഓളം തടിയിതര വനവിഭവങ്ങളുള്ളതിൽ 110-ഓളം ഇനങ്ങൾ വാണിജ്യ പ്രാധാന്യമുള്ളവയാണെന്നും ഇവ ശേഖരിക്കുന്നതിന് ട്രൈബൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്കും വി. എസ്. എസ്.കൾക്കും അധികാരമുണ്ടെന്നും ഇപ്രകാരം ശേഖരിക്കുന്ന തടികൾ മൈനർ പ്രോസസ്സിംഗ് നടത്തി വനശ്രീയുടെ

24 യൂണിറ്റുകൾ മുഖേന വാല്യൂ ആഡഡ് ഉൽപ്പന്നങ്ങളായി വിൽപ്പന നടത്തുന്നുണ്ടെന്നും അതുകൂടാതെ 2 മൊബൈൽ യൂണിറ്റുകൾ മുഖേനയും വിൽപ്പന നടത്തുന്നുണ്ടെന്നും അദ്ദേഹം സമിതിയെ അറിയിച്ചു. വനശ്രീയുടെ മൊബൈൽ യൂണിറ്റ് ഈ മാസം തുടങ്ങുമെന്നും വനശ്രീ ഉൽപ്പന്നങ്ങൾക്കായി ഒരു സെൻട്രലൈസ്ഡ് മാർക്കറ്റിംഗ് സിസ്റ്റം നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടെന്നും ചെയർമാൻ സമിതിയെ അറിയിച്ചു.

വനവുമായി ബന്ധപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളായ തേക്കടി, മൂന്നാർ തുടങ്ങിയ സ്ഥലങ്ങളിൽ മറ്റ് കമ്പനികൾ വിൽക്കുന്നതിനെക്കാൾ കുറഞ്ഞ വിലയ്ക്ക് മിനറൽ വാട്ടർ വിൽക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും മിനറൽ വാട്ടർ ഉപയോഗിച്ചശേഷം തിരികെ നൽകുന്ന കുപ്പികൾക്ക് ഒരു രൂപ നിരക്കിൽ കൊടുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടെന്നും ചെയർമാൻ സമിതിയെ അറിയിച്ചു.

ട്രൈബൽ ഡിപ്പാർട്ട്മെന്റ് നിർമ്മിക്കുന്ന വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ആവശ്യപ്പെട്ടതിന്, ഇതിന് ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്ന കാര്യം പരിഗണനയിലാണെന്ന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ് ആന്റ് വൈൽഡ്ലൈഫ്) സമിതിയെ അറിയിച്ചു.

സ്വാഭാവിക വനത്തിന്റെ ഉന്നമനത്തിനുവേണ്ടി 'വനദീപ്തി' എന്ന പേരിൽ ഒരു പദ്ധതി നടപ്പാക്കുന്നുണ്ടെന്നും, സ്വാഭാവിക വനം സൃഷ്ടിക്കലാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നതെന്നും, കൂടാതെ 'ഋഷിവനം' എന്ന പേരിൽ കാട്ടിൽ അന്യം വന്നുപോകുന്ന മരങ്ങൾ ശിവഗിരി ആശ്രമത്തിന്റെ കനാലിന്റെ തീരങ്ങളിൽ വച്ചുപിടിപ്പിക്കാൻ ഉദ്ദേശിക്കുന്നതായും സമിതി ചെയർമാൻ അറിയിച്ചു.

ഈ വർഷം വനത്തിനുള്ളിൽ 50 തടയണകൾ നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ടെന്നും അതിൽ 34 എണ്ണത്തിന്റെ പണി പൂർത്തിയായിട്ടുണ്ടെന്നും ഇത്തരം തടയണകൾ നിർമ്മിക്കുന്നതിനുള്ള സ്ഥലങ്ങൾ ഓരോ മണ്ഡലത്തിലും MLA-മാർ കണ്ടെത്തി അറിയിച്ചാൽ ഗവൺമെന്റ് ധനസഹായം നൽകുന്നതാണെന്നും ചെയർമാൻ സമിതിയെ അറിയിച്ചു.

ഇടമലക്കുടിയിൽ ജനവാസകേന്ദ്രങ്ങൾക്ക് ചുറ്റും സോളാർ ഫെൻസിങ്ങ് ചെയ്യുന്നതിനെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് വയനാട് ജില്ലയിൽ മതിൽ കെട്ടുന്നതിനായി നബാർഡിൽ നിന്നും 5 കോടി രൂപയോളം അനുവദിച്ചിട്ടുണ്ടെന്നും, പാരിസ്ഥിതിക പ്രശ്നങ്ങൾ നേരിടുന്ന ഒരു പ്രശ്നമായ,9=89ാദ89തിനാൽ MLA-മാരുടെ ഒരു കമ്മിറ്റി കൂടി ശുപാർശ ചെയ്താൽ ഇതിനുവേണ്ടുന്ന നടപടി സ്വീകരിക്കാമെന്നും ചെയർമാൻ സമിതിയെ അറിയിച്ചു.

വനത്തിനുള്ളിൽ ഉണ്ടാകുന്ന അപകടങ്ങൾക്ക് നൽകുന്ന നഷ്ടപരിഹാരതുക വർദ്ധിപ്പിക്കുന്നതുസംബന്ധിച്ച ഫയൽ ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണെന്നും വനത്തിനുള്ളിൽ വച്ച് പാമ്പ് കടിയേറ്റ് മരിച്ചാൽ 3 ലക്ഷം രൂപയും വനത്തിനുപുറത്താണെങ്കിൽ ഒരു ലക്ഷം രൂപയും നഷ്ടപരിഹാരമായി നൽകുമെന്നും ചെയർമാൻ സമിതിയെ അറിയിച്ചു. എല്ലാ ആദിവാസികളെയും ഇൻഷുറൻസ് സ്കീമിൽ

ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അപേക്ഷ നൽകിയാൽ സ്കീം അനുസരിച്ചുള്ള ക്ലെയിം അവർക്ക് ലഭിക്കുന്നതാണെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമിതിയെ അറിയിച്ചു.

കൊട്ടിയൂർ റേഞ്ചിന് പുറത്ത് സ്ഥിതി ചെയ്യുന്ന ഫോറസ്റ്റ് ഓഫീസ് അതിർത്തിക്കുള്ളിലാക്കണമെന്ന സമിതിയുടെ നിർദ്ദേശത്തിന് അത്തരം പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കുകയാണെന്ന് ചെയർമാൻ സമിതിയെ അറിയിച്ചു.

വനം വകുപ്പിൽ ഗാർഡുമാരുടെ കുറവുണ്ടെന്നും ജോലി ലഭിക്കുന്നവർ ഡെപ്യൂട്ടേഷനിൽ മറ്റു ജോലിക്കായി പോകുന്നുവെന്നും, ഇത് പരിഹരിക്കുന്നതിനായി 700 ട്രൈബൽസിനെ വാച്ചർമാരായി നിയമിക്കുന്നതിന് അനുവാദം ചോദിച്ചുകൊണ്ട് ഗവൺമെന്റിനു ഫയൽ സമർപ്പിച്ചിട്ടുണ്ടെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമിതിയെ അറിയിച്ചു. തുടർന്ന് പി.സി.സി.എഫ്.-ന് താഴെയുള്ള തസ്തികകളിൽ ഇനി ഡെപ്യൂട്ടേഷൻ അനുവദിക്കില്ലെന്നും ഡി.എഫ്.ഒ.-മാരുടെ ഓഫീസുകൾ വനാതിർത്തിക്ക് അടുത്ത സ്ഥലങ്ങളിലേക്ക് മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടെന്നും ചെയർമാൻ അറിയിച്ചു.

ഇടമലക്കുടി നിവാസികൾക്ക് ജോലി നൽകുന്നതിനുവേണ്ടി എസ്റ്റേറ്റ് ഏറ്റെടുക്കുന്നത് സംബന്ധിച്ച നടപടിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് സമിതി ആരാഞ്ഞതിന്, അവിടെ 500 ഹെക്ടർ സ്ഥലത്ത് കാർഡമം കൃഷി ചെയ്യുന്നതിനായി ഗവൺമെന്റ് ഓഫ് ഇന്ത്യയിൽ നിന്നും 2 കോടി രൂപ ലഭിച്ചിട്ടുണ്ടെന്ന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമിതിയെ അറിയിച്ചു.

തുടർന്ന് താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ ഗവൺമെന്റിൽ നിന്നു ലഭ്യമാക്കിയ ആക്ഷൻ ടേക്കൺ റിപ്പോർട്ടുകൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(1) 2003-2004-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്.

ശുപാർശ നമ്പർ–6, 9

(ഫയൽ നമ്പർ 12087/സബ്.സി.എഫ്1/11/ലെജി.)

(2) 2008-2009-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്.

ശുപാർശ നമ്പർ–67, 68, 69, 70, 71, 72, 74, 75, 77, 82

(ഫയൽ നമ്പർ 12089/സബ്.സി.എഫ്.1/11/ലെജി.)

(3) കണ്ടൽ കാടുകളുടെ സംരക്ഷണം സംബന്ധിച്ച് സമിതിയുടെ ശുപാർശയിന്മേൽ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ.

(ഫയൽ നമ്പർ 11678/സബ്.സി.എഫ്1/11/ലെജി.)

സമിതി യോഗം വൈകുന്നേരം 4.10-ന് പിരിഞ്ഞു.

## 14-2-2013-ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X, 2013 ഫെബ്രുവരി 14, വ്യാഴാഴ്ച്ച സഭ പിരിഞ്ഞശേഷം രാത്രി 7.45-ന് നിയമസഭാ കോംപ്ളക്സിലെ 'IV-A' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ എക്സ്-ഒഫീഷ്യോ അംഗം ബഹു. പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി ശ്രീ. എ. പി. അനിൽ കുമാറും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. ബി. ഡി. ദേവസ്സി, എം. എൽ. എ.
2. ശ്രീ. എസ്. രാജേന്ദ്രൻ, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. രാജു, വൈ., ഡെപ്യൂട്ടി സെക്രട്ടറി
2. ശ്രീ. ഡി. ഡി. ഗോഡ്ഫ്രീ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. പ്രദീപ്കുമാർ, പ്രിൻസിപ്പൽ സെക്രട്ടറി, ഫോറസ്റ്റ് ആന്റ് വൈൽഡ് ലൈഫ് ഡിപ്പാർട്ട്മെന്റ്
2. ശ്രീ. വി. ഗോപിനാഥൻ, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ്ലൈഫ്) ആന്റ് ചീഫ് വൈൽഡ്ലൈഫ് വാർഡൻ.

വനം-വന്യജീവി വകുപ്പുമായി ബന്ധപ്പെട്ട മനുഷ്യ-മൃഗസംഘർഷ ലഘൂകരണ മാർഗ്ഗങ്ങൾ എന്ന വിഷയത്തെ സംബന്ധിച്ച് സമിതി വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യുകയുണ്ടായി.

വന്യജീവി ആക്രമണംമൂലം സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് ഇപ്പോൾ നൽകുന്ന നഷ്ടപരിഹാരതുക അപര്യാപ്തമായതിനാൽ തുക വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് വന്യജീവി ആക്രമണംമൂലമുണ്ടാകുന്ന നാശനഷ്ട ങ്ങൾക്കുള്ള നഷ്ടപരിഹാരതുക വർദ്ധിപ്പിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടെന്നും, നഷ്ടപരിഹാരതുക വർഷത്തിലൊരിക്കൽ മാത്രം നല്കുന്ന വ്യവസ്ഥക്ക് മാറ്റം വരുത്തണമെന്നും പകരം നാലു തവണയായി നഷ്ടപരിഹാരതുക നൽകണമെന്ന് ശുപാർശ ചെയ്തു കൊണ്ടുള്ള ഫയൽ ധനകാര്യ വകുപ്പ് നിരസിച്ച സാഹചര്യത്തിൽ വീണ്ടും ഫയൽ ധനകാര്യവകുപ്പിന് സമർപ്പിക്കുമെന്നും അനുമതി ലഭിക്കു ന്നില്ലായെങ്കിൽ ക്യാബിനറ്റ് മുമ്പാകെ വിഷയം അവതരിപ്പിച്ച് ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും ചെയർമാൻ സമിതിയെ അറിയിച്ചു.

കാട്ടുപന്നികളെ വെടിവെച്ച് കൊല്ലുന്നതിനുള്ള ഉത്തരവ് പരിഷ്ക്കരിക്കുന്നതുമായി ബന്ധപ്പെട്ട് വൈൽഡ്ലൈഫ് ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സിന്റെ ശുപാർശ ഉൾക്കൊള്ളുന്ന ഒരു നിർദ്ദേശം ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടെന്നും, വനം വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് പ്രസ്തുത ഉത്തരവിൽ കാലോചിതമായ മാറ്റം വരുത്തുന്നതിനെപ്പറ്റി ആലോചിക്കുന്നതാണെന്നും ചെയർമാൻ സമിതിയെ അറിയിച്ചു.

കൃഷിനാശത്തിന് നൽകുന്ന നഷ്ടപരിഹാരതുകയോടൊപ്പം വീട് നഷ്ടപ്പെടുന്നവർക്കുള്ള നഷ്ടപരിഹാരതുക ഇരട്ടിയാക്കുന്നതിനെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് കൃഷിനാശം സംഭവിക്കുന്നവർക്കും വീട് നഷ്ടപ്പെടുന്നവർക്കും നൽകികൊണ്ടിരിക്കുന്ന തുക 50,000 രൂപയിൽ നിന്ന് 75,000 രൂപയാക്കി വർദ്ധിപ്പിച്ചതായി വനം-വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

നഷ്ടപരിഹാരതുക ഇരട്ടിയാക്കി വർദ്ധിപ്പിക്കുമോ എന്ന് സമിതി ആരാഞ്ഞതിന് എല്ലാ നഷ്ടപരിഹാരതുകയും ഒരു ലക്ഷം രൂപയായി വർദ്ധിപ്പിക്കുവാൻ ശുപാർശ ചെയ്യുമെന്ന് ചെയർമാൻ സമിതിയെ അറിയിച്ചു.

കൊച്ചി-മധുര ദേശീയപാതയിലെ നേര്യമംഗലം മുതൽ മൂന്നാർവരെയുള്ള റോഡിന്റെ വശങ്ങൾ ബലപ്പെടുത്തുന്നതിന് കോൺക്രീറ്റിംഗ് നടത്തുന്നത് തടഞ്ഞിരിക്കുന്നത് ഡി.എഫ്.ഒ.-യുമായി സംസാരിച്ച് വനം വകുപ്പ് ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് ചെയർമാൻ സമിതിയെ അറിയിച്ചു.

II. 2009-10 ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ ഗവൺമെന്റിൽ നിന്ന് ലഭിച്ച ആക്ഷൺ ടേക്കൺ സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 12090/സബ്.സി.എഫ്.1/11/ലെജി.)

ഖണ്ഡിക-67, 83, 84

രാത്രി 8 മണിക്ക് സമിതി യോഗം പിരിഞ്ഞു.

---